2009 ജനുവരി
ഹി.ശ 1388 - സുലഹ്
1430 - മുഹറം - സഫർ
പുസ്തകം 81 ലക്കം 1
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം 1925

لا إله إلا الله محمد رسول الله

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീക

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

ലേഖനം

6 ***റസൂൽ തിരുമേനി(സ)യുടെ സഹനം***
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ഖുത്ബ

7 ***കേരളം : അഹ്മദിയ്യത്തിന്റെ പ്രതീക്ഷ***

11 ***ഖുർആനും പ്രപഞ്ചവിജ്ഞാനീയവും***
മിർസാ ത്വാഹിർ അഹ്മദ്

14 ***ഉമവിയ്യാ ഖിലാഫത്ത്***
ഏ.എം. മുഹമ്മദ് സലിം

18 ***ബഹുഭാര്യാത്വം***
ഹ. മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

21 ***ഉറക്കം: ഇസ്‌ലാമികവും ശാസ്ത്രീയവുമായ പാഠങ്ങൾ***
ഡോ. ഷാനവാസ് ഖാൻ

23 ***ഭാഷാവൈവിധ്യങ്ങളും അറബിഭാഷയുടെ ദൈവികത്വവും***
എ.ക്യു. മഹ്ദി

25 ***ആഗോള മുസ്‌ലിം ദുരവസ്ഥ***
മഹ്മൂദ് ബിൻ മുഹമ്മദ്

26 ***അഞ്ചാം ഖലീഫയുടെ ആത്മീയയാത്ര***
ജോഷ്വാ ന്യൂട്ടൺ

29 ***ഖത്തമുന്നുബുവ്വത്ത്: വ്യാകരണവും ഭാഷ്യങ്ങളും***
എച്ച്. ശംസുദ്ദീൻ കാവശ്ശേരി

33 ***മഹാനഗരത്തെ നടുക്കിയ ഭീകരദിനങ്ങൾ***
എ.ക്യു. മഹ്ദി

കുറിപ്പുകൾ

39 ***അന്താരാഷ്ട്ര ജ്യോതിശ്ശാസ്ത്ര വർഷം***

42 ***വാർത്തകൾ, അനുസ്മരണം***

മുഖചിത്രം :
**ബ്ലൂ മോസ്ക്, തുർക്കി**

**ചീഫ് എഡിറ്റർ** : മുഹമ്മദ് അയ്യൂബ് Mob : 9895308227
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob : 9895263384
**മാനേജർ** : അഹമ്മദ് ഹസ്സൻ Mob : 9446482108

**അസി. മാനേജർ**
കെ.എം. മുഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut - 1.


## ഖുർആനിൽ നിന്ന്

സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹമുള്ളവരായി ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറഞ്ഞവരേയും നീ കണ്ടെത്തുന്നതാണ്. അതിന് കാരണം, അവരിൽ പണ്ഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ല എന്നതുമത്രെ." ***(5:83)***

## നബിവചനം

നബി(സ) തിരുമേനി അരുൾ ചെയ്തതായി ഹദ്റത്ത് അബൂ ഹുറൈയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു, "ഏറ്റവും നല്ല ദാനധർമ്മം, ഒരു മുസ്ലിം അറിവ് സമ്പാദിക്കുകയും അത് തന്റെ മുസ്ലിം സഹോദരനെ പഠിപ്പിക്കുകയും ചെയ്യുക എന്നതാണ്." ***(ഇബ്നു മാജ)***

## ഈ പ്രസ്ഥാനത്തെ തിരിച്ചറിയുക



**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

"അല്ലയോ ഉറങ്ങുന്നവരേ! ഉണരുക. അല്ലയോ അശ്രദ്ധരേ! ജാഗരൂകരാവുക. ഒരു മഹത്തായ ആത്മീയവിപ്ലവത്തിന്റെ കാലം സമാഗതമായിരിക്കുന്നു. ഇത് വിലപിക്കുവാനുള്ള നേരമാണ്. ഉറങ്ങിക്കഴിക്കാനുള്ളതല്ല. (ദൈവസന്നിധിയിൽ) സങ്കടപ്പെടുവാനുള്ള നേരമാണ്. പരിഹാസവും അവഹേളനവും കുഫ്ർ വിളികളും നടത്തേണ്ട നേരമല്ല. ഈ കാലത്തെ നീക്കുവാനായി ദൈവിക കാരുണ്യം സജ്ജമാക്കിയ ആത്മീയപ്രകാശം ദർശിക്കുവാനുള്ള കണ്ണുകൾ അല്ലാഹു നിങ്ങൾക്കു തരുവാനായി പ്രാർത്ഥിക്കുക. രാത്രിയുടെ അവസാനത്തെ യാമത്തിൽ എഴുന്നേറ്റു ദൈവസന്നിധിയിൽ കരഞ്ഞുകൊണ്ട് നേർമാർഗ്ഗത്തിന്നായി പ്രാർത്ഥിക്കുക. ഈ ആത്മീയ പ്രസ്ഥാനത്തെ അനാവശ്യമായി നശിപ്പിക്കാനുള്ള ബദ്ദുആ ചെയ്യാതിരിക്കുകയും ഇതിന്നെതിരായി പദ്ധതികൾ ആവിഷ്ക്കരിക്കാതിരിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങളുടെ ഈ അനാസ്ഥയേയും അശ്രദ്ധയേയും നിങ്ങളുടെ മനസ്സിലും ഹൃദയത്തിലുമുള്ള വിഢ്ഡിത്തങ്ങളേയും നിങ്ങൾക്ക് പ്രത്യക്ഷപ്പെടുത്തിത്തരുന്നതാണ്. ***(റൂഹാനി ഖസായിൻ,വോ. 5, പേ. 53-55)***

**മുഖക്കുറിപ്പ്**

# റസൂൽ തിരുമേനി(സ)യുടെ ജീവിതസന്ദേശം പ്രചരിപ്പിക്കുക ജിഹാദിന്റെ തത്ത്വശാസ്ത്രം ഉപേക്ഷിക്കുക

ശാന്തി, സമാധാനം എന്നീ അർത്ഥങ്ങളുള്ള പേരിൽ ഒരു മതം അറിയപ്പെടുന്നുവെങ്കിൽ ആ മതം ഇസ്‌ലാം മതമാണ്. സ്വയം സ്വീകരിച്ച പേരിൽ തന്നെ സമാധാനത്തിന്റെ മാനിഫെസ്റ്റോ പ്രഖ്യാപിക്കുന്ന മതം; അതാണ് ഇസ്‌ലാം മതം! മാനവരാശിയിൽ സമാധാനം പുലരാൻ ഇത്രമാത്രം ആഗ്രഹിക്കുന്ന മറ്റൊരു മതമില്ല. മനുഷ്യർ തമ്മിൽ യുദ്ധത്തിനും ആക്രമണത്തിനും ഒരുങ്ങുമ്പോൾ വാസ്തവത്തിൽ മൂകമായി വിലപിക്കുന്നത് ഇസ്‌ലാം മതമാണെന്ന് ജ്ഞാനികൾ മനസ്സിലാക്കുന്നു.

ഭരണകൂടം പിടിച്ചടക്കൽ ഇസ്‌ലാമിന്റെ ലക്ഷ്യവും അതിനുള്ള മാർഗ്ഗം ജിഹാദുമാണെന്നും പ്രചരിപ്പിക്കുന്നവർ ഇസ്‌ലാമിന്റെ മുഖഛായ തന്നെ മാറ്റിക്കളഞ്ഞിരിക്കുന്നു. ഈ ഭീകരതയെ അനുകൂലിക്കുന്നവരെപ്പറ്റി അടിസ്ഥാനപരമായി നാം ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ജിഹാദ് എന്നാൽ ഇവർക്ക് പീഡനത്തിനും ആക്രമണത്തിനും എതിരെയുള്ള പ്രതിരോധം മാത്രമല്ല; ലക്ഷ്യം നേടാനുള്ള ഒരു പ്രഖ്യാപിതമായ പരിപാടിയാണ് ജിഹാദ്. പീഡിതന്റെ പക്ഷം ചേരുന്ന ഈ കപടവേഷധാരികളെ മുസ്‌ലിം ഭൂരിപക്ഷം തിരിച്ചറിയേണ്ടതുണ്ട്.

ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾക്ക് അന്യമാണ് അധികാരശക്തികളോടുള്ള ഈ അഭിനിവേശം. മുസ്‌ലിംകൾ ഈ ജാരകാമുകനെ ഉപേക്ഷിക്കാൻ തയ്യാറാവുന്നില്ല. ഇസ്‌ലാമിക ഭരണവും ജിഹാദും ഉറക്കെ പ്രഖ്യാപിക്കപ്പെടുമ്പോൾ അത് അന്യരിൽ ഉണ്ടാക്കുന്ന ഭീതിയും അസ്വസ്ഥതയും മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷവും മനസ്സിലാക്കുന്നില്ല. ശിലകളെപ്പോലെ കഠിനങ്ങളായ മനുഷ്യഹൃദയങ്ങളെ ദ്രവീകരിക്കുകയും കാട്ടാളസദൃശരായ കിരാതന്മാരെ ദിവ്യാത്മാക്കളായി മാറ്റുകയും ചെയ്ത ഇസ്‌ലാമിന്റെ ആത്മീയ രാസവിദ്യ മുസ്‌ലിംകൾ മറന്നുപോയിരിക്കുന്നു. അവർ തേരോട്ടം നടത്തേണ്ടത് മനുഷ്യഹൃദയങ്ങളിലൂടെയാണ്. വാസ്തവത്തിൽ മനുഷ്യഹൃദയങ്ങളെ കീഴടക്കാൻ കഴിയുന്ന ചിന്തയും വാക്കും മുസ്‌ലിം നേതൃത്വത്തിന് ഉല്പാദിപ്പിക്കാൻ സാധ്യമല്ല എന്നതാണ് യാഥാർത്ഥ്യം. ഈ ആത്മീയ ദാരിദ്ര്യത്തെ മറച്ചുവെക്കാനാണ് അധികാര ജിഹാദിന്റെ ഹാലിളക്കങ്ങൾ. ഫാസിസവും കമ്മ്യൂണിസവും മുതലാളിത്തവും കൈയ്യടക്കി കൈയ്യാളിവരുന്ന അധികാര ശക്തിയിൽ തന്നെയാണ് മുസ്‌ലിംകക്ഷികളും വിശ്വാസവും പ്രതീക്ഷയും വെച്ചു പുലർത്തുന്നത് എന്നത് വിചിത്രമാണ്. ഇസ്‌ലാമിക വിരുദ്ധമാണ് ഈ ആശയം. ജിഹാദ് ലഹരി ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ആവേശിച്ച മുസ്‌ലിം ജനവിഭാഗങ്ങളാണ് തിരിച്ചടികൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നത്. നിരപരാധികളായ മുസ്‌ലിംകൾപോലും മുസ്‌ലിംകളുടെ പൊതുസമ്മതിയുള്ള കിരാതമായ ഈ തത്ത്വശാസ്ത്രം മൂലം ശിക്ഷിക്കപ്പെടുന്നു.

ഇസ്‌ലാം മതരാഷ്ട്രവാദം ഉയർത്തുന്ന മതരാഷ്ട്ര മൗലികവാദികൾ മാത്രമല്ല, ഈ അധികാരശക്തിയുടെ ഭൈമീകാമുകന്മാർ, മറ്റു മുസ്‌ലിംകക്ഷികളും മാരകമായ ഈ രോഗം പരിമാണഭേദങ്ങളോടെ ബാധിച്ചവരാണ്. അവസാന നാളിൽ വാഗ്ദത്ത മസീഹ് കൈയ്യിൽ വാളുമായി വന്ന് സകല ഇസ്‌ലാം വിരുദ്ധ ശക്തികളേയും കൂട്ടക്കൊലകൾ നടത്തി അധികാര സോപാനം ഒരു തളികയിലാക്കി മുസ്‌ലിംകൾക്ക് വെച്ചു നീട്ടും എന്ന പ്രതീക്ഷയിൽ കഴിയുന്ന കക്ഷികൾക്ക് എങ്ങനെ അധികാരത്തിന്റെ പ്രലോഭനത്തിൽ നിന്നും വിട്ടുനിൽക്കാൻ കഴിയും?

എല്ലാറ്റിനേക്കാളും ദാരുണമായിട്ടുള്ളത്, സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉത്തമനാണെന്ന് വിശേഷിപ്പിക്കപ്പെട്ട റസൂൽ തിരുമേനി (സ)യുടെ വിശുദ്ധ ജീവിതം മുസ്‌ലിംകൾ തെറ്റായി വായിക്കുന്നു എന്നതാണ്. അവിടുത്തെ മനഷ്യസ്നേഹത്തിന്റേയും ജനങ്ങളുടെ ക്ഷേമകാംക്ഷയിൽ സ്വന്തം ശരീരനാശത്തോളമെത്തിയ അവിടുത്തെ ഹൃദയവ്യഥകളും പാവങ്ങളുടേയും അടിമകളുടേയും ദുഃഖങ്ങൾ കാണുമ്പോൾ വിതുമ്പിക്കരയുന്ന അവിടുത്തെ ആർദ്രതയും അന്യമതങ്ങളെ സ്വന്തം മതമായി സ്വാംശീകരിച്ച ഹൃദയവിശാലതയും, മറ്റു മതസ്ഥാപകരെ തന്നെക്കാൾ (മുഹമ്മദ് നബി(സ)യേക്കാൾ) കുറച്ചുകാണുന്നത് സ്വന്തം മതത്തിന്റെ അപൂർണതയാണെന്ന പ്രഖ്യാപനവും മുസ്‌ലിംകൾ ശ്രദ്ധിക്കുന്നില്ല. ഇങ്ങനെ മഹാനായ ഒരു പ്രവാചകൻ മുസ്‌ലിംകൾക്കുണ്ടായിട്ടും മുസ്‌ലിംകളുടെ ഈ ജിഹാദീ പ്രേമം ഒരു വൈരുദ്ധ്യമാണ്. ജീവിച്ചിരിക്കുന്ന വൈരുദ്ധ്യങ്ങളിൽ വെച്ച് ഏറ്റവും വിചിത്രമായ വൈരുദ്ധ്യം. ഇസ്‌ലാം മതത്തിന്റെ മനുഷ്യസ്നേഹം പ്രബോധിക്കുക. ജിഹാദിനെ കൈവെടിയുകയും ചെയ്യുക. റസൂൽ തിരുമേനിയെപ്പറ്റി ഖുർആൻ പറയുന്നു: സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാകുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ (ക്ഷേമകാര്യങ്ങളിൽ) ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്. (വിശുദ്ധ ഖുർആൻ 9:128)

ഹ. മിർസാ ഗുലാം അഹ്മദ് (അ)

# റസൂൽ തിരുമേനി(സ)യുടെ സഹനം

.....ചുരുക്കത്തിൽ, ഇത്തരം വിശ്വാസങ്ങൾ ഈ മൗലവിമാരുടെ ധാർമ്മികനിലവാരം തന്നെ താഴ്ത്തിക്കളഞ്ഞിരിക്കുന്നു. അന്തസ്സും സമാധാനതല്പരതയും ജനങ്ങളോട് ഉപദേശിക്കാൻ ഇവർക്ക് സാദ്ധ്യമല്ലാതെ വന്നു. മറിച്ചു, യാതൊരു കാരണവും കൂടാതെ മറ്റുള്ളവരെ കൊല്ലുകയെന്നത് ഇവരുടെ പക്കൽ വലിയൊരു മതധർമ്മമായി മാറിയിരിക്കയാണ്. ചോരക്കൊതിയൻ മഹ്ദിയിലും ജിഹാദിനെ സംബന്ധിച്ച പൊതുവായ ആശയങ്ങളിലും രഹസ്യത്തിൽ വിശ്വാസം പുലർത്തുന്ന ചില വിഭാഗങ്ങൾ അഹ്ലെ ഹദീസ് കക്ഷിക്കാരിൽ ഉണ്ടെന്ന വസ്തുത ഖേദപൂർവ്വം ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്ക് സാദ്ധ്യമല്ല. ജിഹാദിനെ സംബന്ധിച്ച സത്യയുക്തമായ വിശ്വാസത്തെ ഇവർ എതിർക്കുന്നു. മറ്റുള്ള മതവിശ്വാസക്കാരെയൊക്കെത്തന്നെയും കൊന്നിടുവാൻ അവസരം കിട്ടുന്ന പക്ഷം കൊല്ലുന്നതു വലിയൊരു പുണ്യകൃത്യമായിത്തന്നെ ഇവർ കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ, ഇസ്ലാമിന്റെ പേരിൽ മറ്റുള്ളവരെ കൊല്ലാം എന്ന വിശ്വാസവും ചോരക്കൊതിയൻ മസീഹിന്റെ ആവിർഭാവം സംബന്ധിച്ച പ്രവചനങ്ങളിലുള്ള വിശ്വാസവും രക്തം ചിന്തി ഇസ്ലാമിനെ പ്രചരിപ്പിക്കാനുള്ള അഭിവാഞ്ചയും എല്ലാം വിശുദ്ധ ഖുർആന്റേയും വിശ്വസനീയമായ ഹദീസുകളുടേയും പാഠങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ള തത്രേ! 'നമ്മുടെ നബിനായകർ (സ) തിരുമേനിക്ക് മക്കയിൽ അവിശ്വാസികളുടെ കൈയ്യാലും അതിന്നുശേഷവും പീഡനങ്ങളും മർദ്ദനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. അവിടുന്ന് മക്കയിൽ കഴിച്ചുകൂട്ടിയ പതിമൂന്നു കൊല്ലക്കാലവും നാനാതരങ്ങളായ അനേകം കഷ്ടനഷ്ടങ്ങളുടേയും എണ്ണമറ്റ ദുരിതാനുഭവങ്ങളുടേയും കാലമായിരുന്നു. അതോർക്കുമ്പോൾതന്നെ ആരുടെയും കരളലിയും. എന്നാൽ, തന്റെ ശത്രുക്കളുടെ നേരെ തിരുമേനി (സ) വാളൂരിയില്ല. അവരുടെ ദുർഭാഷണങ്ങൾക്ക് മറുപടി പറഞ്ഞുമില്ല. ഇതിനകം അനേകം സഖാക്കളും ഇഷ്ടശിഷ്യന്മാരും നിഷ്ക്കരുണം നിഗ്രഹിക്കപ്പെടുകയുമുണ്ടായി. അവിടുന്ന് തന്നെയും പലതരം വിഷമതകൾക്ക് ഇരയാകേണ്ടിവന്നു. അവർ അദ്ദേഹത്തെ വിഷം കൊടുത്തു കൊല്ലാൻ ശ്രമിച്ചു. നബിയെ വധിക്കാൻ പലവട്ടം ഗൂഢാലോചനകൾ നടത്തി. മക്കയിലെ മൂപ്പന്മാരും ഗോത്രത്തലവന്മാരും ഒത്തുചേർന്നു ഈ മനുഷ്യനെ എങ്ങനെയെങ്കിലും നിഗ്രഹിക്കണമെന്നു ഏകകണ്ഠമായി തീരുമാനിക്കുകതന്നെ ചെയ്തു. അപ്പോഴാണ് ദൈവത്തിന്റെ പ്രതികാരനിയമം പ്രവർത്തനത്തിൽ വന്നത്. ആ സമയം തന്റെ വരിഷ്ഠന്മാരുടേയും സത്യസന്ധരുടേയും സാത്വികരുടേയും സഹായകനും ആശ്രയസ്ഥാനവും ആയ ദൈവം, ആ നഗരത്തിൽ തിന്മയല്ലാതെ മറ്റൊന്നും അവശേഷിച്ചിട്ടില്ലാത്തതിനാലും, ജനങ്ങൾ നബിയെ വധിക്കുവാൻ കച്ചകെട്ടി പുറപ്പെട്ടതിനാലും ഉടനെ നാടുവിട്ടുകൊള്ളണമെന്ന് നബിയ്ക്ക് അറിവു നൽകി. അങ്ങനെ ദൈവ കല്പനപ്രകാരം അവിടുന്നു മദീനയിലേയ്ക്ക് പുറപ്പെട്ടു. ഈ അവസ്ഥയിലും ശത്രുക്കൾ അദ്ദേഹത്തെ തന്റെ പാട്ടിനു വിട്ടുകളയാതെ പിന്തുടരുകയും ഇസ്ലാമിനെ ചവിട്ടിമെതിക്കാൻ തന്നെ ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു. ഇപ്രകാരം അവരുടെ അക്രമപ്രവർത്തനങ്ങൾ അതിർകടക്കുകയും നിരപരാധികളുടെ വധം, അവർക്ക് ശിക്ഷ നൽകേണ്ടത് ആവശ്യമായിരിക്കുമാറ് വർദ്ധിച്ചുവരികയും ചെയ്തപ്പോൾ, ആത്മരക്ഷാർത്ഥം പ്രതിരോധപരമായി യുദ്ധം ചെയ്തുകൊള്ളാൻ ദൈവം അവർക്ക് അനുവാദം നൽകി. ശരിയായ യുദ്ധത്തിലല്ലാതെ വെറുമൊരു ദ്രോഹമെന്നനിലയിൽ നിരവധി നിരപരാധികളെ കൊല്ലുകയും അവരുടെ സ്വത്തുക്കളെല്ലാം കൊള്ളയടിക്കുകയും ചെയ്തതിന്ന് പകരമെന്നോണം അത്തരം പെരുമാറ്റം അവരും അവരുടെ സഹായികളും അർഹിക്കുന്നതുമാത്രമായിരുന്നു.

*(മസീഹ് ഹിന്ദുസ്ഥാൻ മെ)*

ഖുത്ബ

# കേരളം: അഹ്മദിയ്യത്തിന്റെ പ്രതീക്ഷ

**ബയ്ത്തുൽ ഫുതൂഹിൽ (ലണ്ടൻ) ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു...) 12-12-2008ന് നിർവ്വഹിച്ചത്**

കഴിഞ്ഞ രണ്ട് ഖുത്ബ്ബകൾ ഞാൻ ഇന്ത്യയിലാണ് നിർവ്വഹിച്ചത്. ഒന്ന് ഇന്ത്യയുടെ തെക്കൻ ഭാഗത്തുള്ള കേരള സംസ്ഥാനത്തിലെ കോഴിക്കോട്ട്; രണ്ടാമത്തേത് ഡൽഹിയിലും. പിന്നീട് അവസ്ഥകൾ നന്നല്ലാത്ത കാരണത്താൽ പര്യടനം ചുരുക്കി തിരിച്ചുപോന്നത് നിങ്ങൾക്കറിയാം. പൊതുവെ, ഞാൻ പര്യടനം കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ പര്യടനത്തിന്റെ അവസ്ഥാവിശേഷങ്ങൾ വിവരിക്കാറുണ്ട്. ഈ സംഭവങ്ങൾ കേൾക്കുന്നത് ലോകത്തുള്ള സകല അഹ്മദികൾക്കും ശീലമായിക്കഴിഞ്ഞിരിക്കുന്നു. പര്യടനം നടത്തുന്ന രാജ്യങ്ങളിലെ ആളുകൾക്കും തങ്ങളെക്കുറിച്ചും എന്തെങ്കിലും ഞാൻ പറയണമെന്ന് ആഗ്രഹമുണ്ടാകുന്നു.

കോഴിക്കോട് ഞാൻ ചെയ്ത ഖുത്ബ്ബയിൽ ആ നാടിന്റെ പ്രാധാന്യത്തെക്കുറിച്ച് മതപരമായ ചരിത്രത്തിന്റെ അടിസ്ഥാനത്തിൽ ഹ്രസ്വമായി പറഞ്ഞിരുന്നു; അവരോട് തങ്ങളുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും പറഞ്ഞിരുന്നു. അവരുടെ ആത്മാർത്ഥതയെക്കുറിച്ചും വിശ്വാസ്യതയെക്കുറിച്ചും പരാമർശിച്ചിരുന്നു. പക്ഷേ, എന്റെ പര്യടനത്തിന്റെ അടിസ്ഥാനത്തിൽ കുറച്ചു കാര്യങ്ങൾ കൂടി പറയുന്നതാണ്.

കേരളത്തിൽ പോകുന്നതിനുമുമ്പേ ഞങ്ങൾ ചെന്നൈ (മദ്രാസ്) യിൽ തങ്ങിയിരുന്നു. കുറച്ചു മണിക്കൂറുകൾ മാത്രമേ അവിടെയുണ്ടായിരുന്നുവെങ്കിലും ലജ്നയുടെ നല്ല ഒരു പരിപാടി ഹ്രസ്വമായി നടക്കുകയുണ്ടായി. അവരുടെ ഉത്തരവാദിത്തത്തെക്കുറിച്ച് ചുരുങ്ങിയ നിലയിൽ അവരോട് പറഞ്ഞു. മൗണ്ട് തോമസ് എന്ന സ്ഥലത്ത് നിർമ്മിച്ച നമ്മുടെ പള്ളിയും ഉദ്ഘാടനം ചെയ്തു. ഇതൊരു ചെറിയ ജമാഅത്താണ്. എന്നാൽ, അത്ര ചെറുതുമല്ല. നൂറുക്കണക്കിന് ആളുകളുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർത്ഥതയിലും വിശ്വാസ്യതയിലും വളരെ വളർന്ന ജമാഅത്താണ്. എം.ടി.എ.യുടെ അനുഗ്രഹം അല്ലാഹു നമുക്ക് നല്കിയിരിക്കുന്നു. അത് ജമാഅത്തുകളിൽ ഒരു ഐക്യവും ഖിലാഫത്തുമായിട്ടുള്ള ബന്ധവും സ്ഥാപിതമാക്കിയിട്ടുണ്ട്. ഈ പ്രദേശം ഖാദിയാനിൽ നിന്ന് ഏകദേശം രണ്ടായിരം കിലോമീറ്റർ ദൂരത്താണ് സ്ഥിതിചെയ്യുന്നത്. ഖാദിയാനിൽ ഒരിക്കലും പോയിട്ടില്ലാത്ത ധാരാളം അഹ്മദികൾ അവിടെയുണ്ടാകും. അവരുടെയെല്ലാവരുടേയും കണ്ണുകളിൽ ഖിലാഫത്തിനോടുള്ള കൂറും അച്ചടക്കവും ജമാഅത്തിലായതിന്റെ അഭിമാനപ്രകടനവും ജമാഅത്തുമായിട്ടുള്ള ബന്ധവും വളരെയധികം കാണാമായിരുന്നു. അതിനൊരു കാരണം ഇവിടെ കഴിഞ്ഞുകടന്നുപോയ ധാരാളം മഹാത്മാക്കളുടെ ശിക്ഷണമാണ്. രണ്ടാമത്തേത് ഞാൻ പറഞ്ഞതുപോലെ എം.ടി.എ.യുടെ സ്വാധീനമാണ്. പദ്യങ്ങൾ ചൊല്ലുന്ന ശൈലിയും പദ്യപാരായണവുമൊക്കെ എല്ലായിടത്തും ഏകദേശം ഒരുപോലെയായിരുന്നു. അത് ആഫ്രിക്കയാകട്ടെ, ഏഷ്യയാകട്ടെ, യൂറോപ്പാകട്ടെ, ഈ ബന്ധവും ഐക്യവും ദൈവാനുഗ്രഹത്താൽ ജമാഅത്തിൽ നിത്യേന വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞുപോയ മഹാത്മാക്കളുടെ ഇവിടുത്തെ തർബിയ്യത്തിനെക്കുറിച്ച് ഞാൻ പറയുകയായിരുന്നു. ചെന്നൈ പട്ടണത്തിൽ അല്ലെങ്കിൽ ആ പ്രദേശത്ത് അഹ്മദിയ്യത്ത് ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ കാലഘട്ടത്തിൽത്തന്നെ എത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ 16 സഹാബാക്കൾ ഇവിടെയുണ്ടായിരുന്നതായി ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നു. അവരുടെ മക്കളും തലമുറകളും അഹ്മദിയ്യത്തിൽ ഇപ്പോഴും

നിലനിന്നുവരുന്നു. പുതിയ അഹ്മദികളും ഇവിടെയുണ്ട്. മൗണ്ട് തോമസിൽ നിർമ്മിച്ച പള്ളിയെക്കുറിച്ച് ഞാൻ പറഞ്ഞു. ആ സ്ഥലത്തിനും മതപരമായ ചരിത്രമുണ്ട്. ഇവിടുത്തെ ക്രൈസ്തവ ചരിത്രമനുസരിച്ച് ഈസാ(അ)ന്റെ അപ്പോസ്തലനായ തോമാസ് ക്രി. 52 -ൽ ഈ പ്രദേശത്ത് വന്നിരുന്നു. കേരളത്തിലൂടെയാണ് അദ്ദേഹം ഇവിടെയെത്തിയത്. ഒരു ചെറിയ പർവ്വതപ്രദേശമാണിത്. ഇതിനെ മൗണ്ട് തോമാ എന്നു പറയുന്നു. ഇവിടെയൊരു ചർച്ചുമുണ്ട്. 15, 16 വർഷം അദ്ദേഹം ഇവിടെ താമസിച്ചു. ഇവിടെവെച്ചുതന്നെ ഏതോ ഒരു ശത്രു അദ്ദേഹത്തെ വധിക്കുകയും ചെയ്തു. ഇവിടെത്തന്നെ മറയടക്കിയെങ്കിലും പിന്നീട് അദ്ദേഹത്തിന്റെ ശരീരം വത്തിക്കാനിലേക്ക് കൊണ്ടുപോയി. അപ്പോസ്തലനായ തോമാസ് ഇവിടെ വന്നതിന്റെ ഉദ്ദേശ്യം ഇസ്രായീലിലെ കാണാതെ പോയ ആളുകളെ അന്വേഷിച്ചുകണ്ടെത്തി അവർക്ക് യേശുവിന്റെ സന്ദേശം എത്തിക്കുകയായിരുന്നുവെന്ന് മനസ്സിലാകുന്നു. അപ്പോസ്തലനായ തോമാസിനെക്കുറിച്ച് പറയപ്പെടുന്നത് അദ്ദേഹം യേശുവിന്റെ കുരിശുസംഭവത്തിനുശേഷം ആ മഹാത്മാവിനോടൊപ്പം യാത്ര ചെയ്തുവെന്നാണ്. അദ്ദേഹം ഏകദൈവവിശ്വാസിയായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദും (അ) എഴുതിയിട്ടുണ്ട്. ബറാഹീനെ അഹ്മദിയ്യാ 5-ാം ഭാഗത്ത് പറയുന്നു: ചില അപ്പോസ്തലന്മാർ ഇന്ത്യാരാജ്യത്ത് വന്നിരുന്നുവെന്ന് ക്രിസ്ത്യാനികളും വിശ്വസിക്കുന്നുണ്ട്. അപ്പോസ്തലനായ തോമായുടെ മദ്രാസിലെ ആഗമനവും ഇന്നേവരെ അദ്ദേഹത്തെ സ്മരിച്ചുകൊണ്ട് അവിടെ നടത്തുന്ന സമ്മേളനങ്ങളും ഈ സംഭവമറിയുന്ന ആരിൽനിന്നും മറഞ്ഞതല്ല. ഇതിനു പുറമേ 'മൽഫൂസാത്തിൽ' തോമാ അപ്പോസ്തലൻ എന്ന പേരിലും ആ മഹാത്മാവ് പറഞ്ഞിട്ടുണ്ട്. ഒരിടത്ത് പറഞ്ഞു: എപ്രകാരം നബി(സ) തിരുമേനി ഹിജ്റത്തിന്റെ നേരത്ത് അബൂബക്കറുമായി യാത്ര പുറപ്പെട്ടിരുന്നുവോ അപ്രകാരം ഹദ്റത്ത് ഈസാ (അ)യും ഹിജ്റത്തിന്റെ നേരത്ത് അപ്പോസ്തലനായ തോമായോടൊപ്പം പുറപ്പെട്ടിരുന്നു. ജനങ്ങൾക്ക് തങ്ങളുടെ കാര്യം കൂടുതൽ മനസ്സിലാകരുതെന്നതായിരുന്നു അതിനുള്ള കാരണം. വളരെ സൂക്ഷ്മതയോടെ യാത്ര ചെയ്ത് അങ്ങനെ അവർ കശ്മീരിലെത്തി.

കേരളത്തിലെ യഹൂദികളുടെ ചരിത്രത്തെക്കുറിച്ച് പറയട്ടെ. ഇവിടെ യഹൂദികൾ വളരെ മുമ്പേ വന്ന് താമസിച്ചിരുന്നു. അവരെ തബ്ലീഗ് ചെയ്യുന്നതിന് യേശുവിന്റെ അപ്പോസ്തലന്മാർ ഇവിടെ വരേണ്ടത് അത്യാവശ്യമായിരുന്നു. ഈസാ(അ) കൊണ്ടുവന്ന സന്ദേശം സ്വീകരിക്കുന്നതിൽനിന്ന് അവർ പിന്തള്ളപ്പെട്ടുകൂടല്ലോ. എന്തായാലും പറഞ്ഞതിന്റെ ഉദ്ദേശ്യം, ഈ പട്ടണം പുരാതനമായ മതചരിത്രം ഉൾക്കൊള്ളുന്നുവെന്നതാണ്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഹമ്മദീ മസീഹിന്റെ അപ്പോസ്തലന്മാർ മുഖേന, ആ മഹാത്മാവിന്റെ സഹാബിമാർ മുഖേന ഈ പ്രദേശത്ത് അഹ്മദിയ്യത്ത് വന്നു. അതും ദൈവാനുഗ്രഹത്താൽ അഭിവൃദ്ധിപ്പെട്ടുവരുന്നു. ഭാവിതലമുറയും വിശ്വാസത്തിലും ആത്മാർത്ഥതയിലും അഭിവൃദ്ധിപ്പെടുന്നു. ഈസാമസീഹിന്റെ അപ്പോസ്തലൻ തന്റെ താമസസ്ഥലമാക്കിയ അതേസ്ഥലത്തുതന്നെ മസ്ജിദ് നിർമ്മിക്കാനുള്ള സൗഭാഗ്യം ഈ വർഷം ജമാഅത്തിനു ലഭിച്ചു. അവിടെനിന്നാണ് ക്രിസ്തുമതം വ്യാപിച്ചത്. ഞാൻ പറഞ്ഞതുപോലെ ഇവിടെയൊരു ചർച്ചുണ്ട്. ആ മസ്ജിദിന്റെ അനുഗ്രഹം കൊണ്ട് ആദ്യത്തേക്കാൾ കൂടുതൽ മുഹമ്മദീമസീഹിന്റെ സന്ദേശം ആ പ്രദേശത്ത് പ്രചരിപ്പിക്കാൻ അല്ലാഹു ഇപ്പോൾ അഹ്മദികൾക്ക് ഭാഗ്യം നല്കുന്നു. അവരുടെ ഈ സൗഭാഗ്യം വർദ്ധിച്ചുകൊണ്ടേപോകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. കാരണം, ഇക്കാലത്ത് അവരുടെ മോക്ഷം, ആ നിരർത്ഥകമായ വിശ്വാസമുപേക്ഷിച്ച് നബി(സ)യുടെ ദാസത്വം സ്വീകരിക്കുന്നതിലാണ്. മനുഷ്യനെ ദൈവമാക്കി വെക്കുന്നതിനുപകരം, ഏകനായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നതിലാണ്. ഇതാണ് ചെന്നൈയുടെ ഹ്രസ്വമായ ചരിത്രം. ഇവിടെനിന്ന് ഞാൻ പറഞ്ഞതുപോലെ കോഴിക്കോട്ടേക്കുള്ള യാത്രയായിരുന്നു. ഈ പ്രദേശത്താണ് തോമാശ്ലീഹ വന്നത്. കാരണം ഇവിടെയായിരുന്നു യഹൂദികൾ കൂടുതലായി താമസിച്ചിരുന്നത്. ഇവർ മലബാരി യഹൂദികൾ എന്ന് പറയപ്പെട്ടിരുന്നു. ഹദ്റത്ത് സുലൈമാ (അ)ന്റെ കാലംമുതലേ കച്ചവടസംഘങ്ങൾ ഇവിടെ വരാറുണ്ടായിരുന്നുവെന്ന് ഇവരുടെ ചരിത്രവും പറയുന്നു. അവരോടൊപ്പം യഹൂദികളും ഇവിടെ വന്നിട്ടുണ്ടാകും. എന്തായാലും തോമസ് ഇവിടെ വരികയും യഹൂദികൾക്ക് ക്രിസ്തുമതത്തിന്റെ സന്ദേശം എത്തിക്കുകയും ചെയ്തു. അധികമാളുകളും അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം മുഖേന ക്രിസ്തുമതം സ്വീകരിച്ചവർ ആ നാട്ടിൽ അറിയപ്പെടുന്നത് നസ്രാണി എന്നാണ്. ഇതാണ് ആ നാട്ടിലെ യഹൂദികളുടെ ചരിത്രം. ഇവിടെ ഹിന്ദുക്കളാണ് ഭൂരിപക്ഷവും. മുസ് ലിംകളും ധാരാളമുണ്ട്. പക്ഷേ, സകലരും അവിടെ ഇടപഴകി ജീവിക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത് വർഗ്ഗീയകലാപമുണ്ടായാൽതന്നെയും കേരളക്കാർക്ക് അതുമായി ഒരു ബന്ധവുമുണ്ടാവുകയില്ല.

എനിക്കോർമ്മയുണ്ട്, ഘാനയിൽ കേരളക്കാരനായ

ഒരു സുഹൃത്ത് ഞങ്ങൾക്കുണ്ടായിരുന്നു. ഞാൻ ഓഫീസിൽ പോയപ്പോൾ അവിടെ അദ്ദേഹവുമുണ്ടായിരുന്നു. ഒരു ഘാനക്കാരൻ അവിടെ വന്നു. അദ്ദേഹം എന്നോട് 'നിങ്ങൾ ഇന്ത്യക്കാരനാണോ' എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു അല്ല, പാകിസ്താനിയാണ്. പാക്കിസ്താനിയും ഇന്ത്യക്കാരും തമ്മിൽ എന്താണ് വ്യത്യാസമെന്ന് അയാൾ ചോദിച്ചു. എന്നേക്കാൾ മുമ്പേ അവിടെ എത്തിയിരുന്ന കേരളത്തിലെ ക്രിസ്ത്യൻ, "ഞങ്ങൾ തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നും ഭൂമിശാസ്ത്രപരമായ വ്യത്യാസമേയുള്ളൂവെന്നും" പറഞ്ഞു. എന്തായാലും അവരുടെ ചിന്താഗതി വളരെ നല്ലതാണ്. വിഭാഗീയത ഉണ്ടാക്കാൻ അവരാഗ്രഹിക്കുന്നില്ല. സഹനശക്തി ഇവരിൽ വളരെ കൂടുതലുണ്ട്. അറേബ്യയിൽ നിന്ന് വാണിജ്യസംഘങ്ങൾ ഇവിടെ എത്താറുണ്ടായിരുന്നു. അവർ മുഖേനയാണ് ഇസ്‌ലാം ഇവിടെ എത്തിയത്. വാണിജ്യ സംഘത്തോടൊപ്പം ഹദ്റത്ത് മാലിക് ബിൻ ദീനാർ, ഖിലാഫത്തെ റാശിദായുടെ കാലഘട്ടത്തിൽ ഇവിടെ വന്നു. അറബികളായ 12 കച്ചവടക്കാരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അക്കാലഘട്ടത്തിൽ അവിടുത്തെ രാജാവ് പെരുമാൾ ഇസ്‌ലാം സ്വീകരിച്ചു. ആദ്യം ഇസ്‌ലാമിനെക്കുറിച്ച് അദ്ദേഹം പഠിച്ചു. പിന്നീട് ഇസ്‌ലാം സത്യമാണെന്ന് മനസ്സിലാക്കി അത് സ്വീകരിക്കുകയും ചെയ്തു. അതേ കച്ചവടസംഘത്തോടൊപ്പം അദ്ദേഹം മക്കയിലും പോയി. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം മനസ്സിലാക്കിയും ദിവ്യാത്ഭുതങ്ങൾ കണ്ടുമായിരുന്നു രാജാവ് ഇസ്‌ലാം സ്വീകരിച്ചിരുന്നത്. ഈ സ്ഥലത്ത് ഒരു രാജാവ് ഇസ്‌ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദും(അ) പറഞ്ഞിട്ടുണ്ട്. പേരിൽ അല്പം വ്യത്യാസം കാണാം. അക്കാലത്തെ പേരും ഇപ്പോൾ ഇവർ പറയുന്ന പേരും തമ്മിലുള്ള വ്യത്യാസമാകാം അത്. അവിടുത്തെ രാജാവ് മുസ്‌ലിമായി എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അവിടെ പിന്നീട് ഇസ്‌ലാം വ്യാപിച്ചു. എന്നല്ല, തങ്ങളും ആ രാജാവിന്റെ സന്താനപരമ്പരയിൽപെട്ടതാണെന്ന് അവിടുത്തെ ഒരു അഹ്മദി കുടുംബം എന്നോട് പറയുകയുണ്ടായി. ആ രാജാവിൽ പല ഗുണങ്ങളും ഉണ്ടായിരുന്നു. വരുംകാലത്തെ തലമുറയ്ക്കുവേണ്ടി അദ്ദേഹം അക്കാലത്ത് പ്രാർത്ഥിച്ചിട്ടുമുണ്ടാകും. അല്ലാഹുതആല ഭാവിതലമുറയിലെ ഒരു വിഭാഗത്തിന് അഹ്മദിയ്യാ ജമാഅത്ത് സ്വീകരിക്കാനും തൗഫീഖ് നല്കി. ഞാൻ മുമ്പേ ഒരു ഖുത്ബയിൽ പറഞ്ഞതുപോലെ, കേരളത്തിൽ ഏകദേശം നൂറുശതമാനവും സാക്ഷരരാണ്. മറ്റു രാജ്യങ്ങളിൽ ഇതിന്റെ തോത് വളരെ കുറവാണ്. മുസ്‌ലിംകളിലാണെങ്കിൽ ഇല്ലാത്തതിനു തുല്യവും. എന്നാൽ, കേരള മുസ്‌ലിംകളിൽ 90% ത്തിലേറെ സാക്ഷരരാണ്. എല്ലാ വലിയ മതങ്ങളേയും ഉൾക്കൊണ്ടിട്ടുള്ള പ്രദേശമാണിത്. വിദ്യാസമ്പന്നരായ തെളിമയാർന്ന ചിന്താഗതിക്കാരും ഇവിടെയുണ്ട്. സഹനശീലരും ഇവരിൽ വളരെയധികമാണ്. അഹ്മദിയ്യത്തിന്റെ ശരിയായ പ്രബോധനവും ശരിയായ നിലയും തുടർച്ചയായ പരിശ്രമവുമുണ്ടെങ്കിൽ അഹ്മദിയ്യത്തിന് അത് ഫലസമൃദ്ധമായ മണ്ണായിത്തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മറ്റുള്ളിടങ്ങളിൽ ചില മുസ്‌ലിം സംഘടനകൾ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും രീതി സ്വീകരിച്ചിട്ടുള്ളതുപോലെ ഇവിടെയും പരിശ്രമം നടക്കുന്നുണ്ട്. എന്നാൽ, പൊതുവെ ജനങ്ങൾ ഇക്കാര്യത്തിന് എതിരാണ്. ഇതില്ലാതാക്കാനും അവർ ആഗ്രഹിക്കുന്നു. എതിർക്കുന്ന ആളുകൾ ഇവിടെയുമുണ്ട്. ഞാൻ അവിടെ ചെല്ലുമ്പോൾ അത്തരക്കാർ തെറ്റായ രീതിയിൽ പ്രതികരിക്കാനും ഇടയുണ്ടായിരുന്നു. പക്ഷേ, ഫിത്നയുണ്ടാക്കാൻ ആഗ്രഹിക്കുകയോ അല്ലെങ്കിൽ ഭീകരവാദികളിൽ പെടുകയോ ചെയ്തിട്ടുള്ള അത്തരം സംഘത്തെക്കുറിച്ച് ഒന്ന് രണ്ട് മാസം മുമ്പേ അറിയാൻ കഴിഞ്ഞുവെന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സർക്കാർ അവരെ തടഞ്ഞുവെന്നും എന്നോട് പറഞ്ഞു. എന്തായാലും അല്ലാഹു അനുഗ്രഹം ചൊരിയുകയുണ്ടായി. നമ്മുടെ പര്യടനത്തിന്നിടയിൽ ഒരിടത്തുനിന്നും എതിർപ്പിന്റെ ശബ്ദം ഉയർന്നില്ല. എന്നല്ല, നമ്മുടെ എതിരിൽ പ്രവർത്തിക്കുന്നവരുടെ പത്രങ്ങളിലും അങ്ങേയറ്റം മാന്യമായ രീതിയിൽ ഞാൻ അവിടെ ചെന്നതിനെക്കുറിച്ച് വാർത്ത പ്രസിദ്ധീകരിച്ചുവെന്ന് അവിടുത്തെ ഒരു അഹ്മദി ജേർണലിസ്റ്റ് എനിക്കെഴുതുകയുണ്ടായി. നമ്മുടെ ജമാഅത്തിയായ പരിപാടികളും നല്ല നിലയിൽ നടന്നുകൊണ്ടിരുന്നു. ഒരു അഹ്മദി സ്നേഹിതന്റെ വീട്ടിലാണ് ഞാൻ അവിടെ താമസിച്ചിരുന്നത്. അവിടെ നിന്ന് പള്ളിയിലേക്ക് 20 മിനുട്ട് ദൂരമുണ്ടായിരുന്നു. നമ്മുടെ പള്ളിയും നഗരത്തിന്റെ ഒത്ത നടുവിലാണ്. എന്നല്ല, നമ്മുടെ റിസപ്ഷൻ പരിപാടി നടന്നപ്പോൾ അവിടെ പുറത്തുള്ള അതിഥികളും വന്നിരുന്നു. അവരിൽ ഒരു രാഷ്ട്രീയ നേതാവ് പറഞ്ഞത് നിങ്ങളുടെ പള്ളി നഗരത്തിന്റെ ഹൃദയത്തിലാണെന്നാണ്. വലിയ കേന്ദ്രസ്ഥലത്താണ് ഈ പള്ളി നിലകൊള്ളുന്നത്. ഇൻശാഅല്ലാഹ് നഗരഹൃദയത്തിലെ നമ്മുടെ ഈ പള്ളിയിൽ നിന്ന് സ്നേഹത്തിന്റെ സന്ദേശം പ്രചരിക്കും. അത് ഹൃദയങ്ങളെ അതിജയിക്കേണ്ടതാണ്.

സംസ്ഥാന സർക്കാർ നമ്മെ വളരെയേറെ സഹായിച്ചു. ഒരു അഹ്മദി പോലീസ് ഓഫീസറെ നമുക്ക് തന്നു. അദ്ദേഹം തന്റെ സംഘത്തോടൊപ്പം വന്നിരുന്നു. പൊതുവെ ജനങ്ങളുടെ സഹകരണവും വളരെ നല്ലതായിരുന്നു. നിത്യവും രണ്ടുതവണ പള്ളിയിൽ പോയിട്ടും ജനങ്ങൾ വിഷമിക്കുമെന്ന് പറയുകയോ അവരെ ഒരുഭാഗത്ത് തടുത്തുനിറുത്തുകയോ ഉണ്ടായില്ല. ചിലപ്പോൾ സ്വയം ട്രാഫിക്ക് തടസ്സമുണ്ടായിരുന്നു. സ്വന്തം താല്പര്യത്തോടെ ആളുകൾ വഴി ഒഴിച്ചുതന്നിരുന്നു. അതുകൊണ്ടാണ് പറഞ്ഞത്, ഈ മണ്ണിൽ നിന്ന് ശരിയായ നിലയിൽ ഫലമുണ്ടാക്കാൻ അഹ്മദികൾ ശ്രമിക്കണമെന്ന്.

കോഴിക്കോട്ടേയും അതിന്റെ ചുറ്റുപാടിലുമുള്ള ജമാഅത്തുകളിലേയും അഹ്മദികളുമായി കൂടിക്കാഴ്ച നടന്നു. ആയിരക്കണക്കിന് അഹ്മദികൾ അവിടെ എത്തിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരുമായും കൂടിക്കാഴ്ചക്ക് തൗഫീഖ് കിട്ടി. ഈ കൂടിക്കാഴ്ചയുടെ ഇടയിലും ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞതുപോലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളും കാണിച്ച ബന്ധത്തിന്റേയും വിശ്വാസ്യതയുടേയും പ്രകടനവും അത്ഭുതകരമായിരുന്നു. ആത്മാർത്ഥതയിലും വിശ്വാസ്യതയിലും ഇവർ വളരെ വളർന്നുകഴിഞ്ഞിട്ടുള്ളവരാണ്. കുറച്ചുവർഷം മുമ്പേ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നവരാണ് പലരും. പക്ഷേ ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും അവർ വളരെ വളർന്നുകഴിഞ്ഞിരിക്കുന്നു. അവർ ജമാഅത്തിന്റെ നിസാമുമായി ഇഴുകിച്ചേർന്നു. എത്രത്തോളമെന്നാൽ, അവർ പുതിയതായി ബയ്അത്ത് ചെയ്തവരാണോ പഴയ അഹ്മദികളാണോ എന്ന് തിരിച്ചറിയാൻ കഴിയില്ല. സേവനത്തിൽ അവർ മുമ്പിലാണ്. പലരും ജമാഅത്തിന്റെ വളരെ പ്രധാനപ്പെട്ട ഭാരവാഹികളാണ്. വളരെ നല്ല രീതിയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തിന്റെ നിസാം മനസ്സിലാക്കുന്നതിനും തങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ആവർത്തിച്ചാവർത്തിച്ച് അവർ ചോദ്യം ചോദിച്ചുകൊണ്ടിരുന്നു; തങ്ങളുടെ അറിവ് വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങൾ ശരിയായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടിയായിരുന്നു അത്. ഇത്തരം പുതിയ അഹ്മദികൾ എല്ലായിടത്തുമുണ്ടാകേണ്ടതാണ്. ബയ്അത്ത് ചെയ്യുന്നതുകൊണ്ട് മാത്രം ഒരു കാര്യവുമില്ല. എണ്ണം വർദ്ധിപ്പിക്കുകയെന്നതല്ല തന്റെ ഉദ്ദേശ്യമെന്ന് ഹദ്റത്ത് മസീഹ് മൗഊ(അ)ദും പറഞ്ഞിട്ടുണ്ട്. തഖ്വയിൽ അഭിവൃദ്ധിപ്പെടുന്നവർ ഉണ്ടാകേണ്ടതാണ്. ജമാഅത്തിന് ഫലപ്രദമായിട്ടുള്ള പക്വമായ ബയ്അത്ത് നടത്താൻ മറ്റു ലോകരോടും ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലുള്ള ജമാഅത്തുകളോടും ഞാൻ പറയുകയാണ്. അത് ജമാഅത്തിന് ആരോഗ്യം പ്രദാനം ചെയ്യുന്നതായിരിക്കണം. അതിന്റെ ഉള്ളിൽ നിന്ന് പിന്നീട് എല്ലാ തരത്തിലും ഫലം കായ്ക്കുന്ന മരങ്ങളുണ്ടാകണം. കളഞ്ഞുപോയ ബയ്അത്തുകളെ തേടിപ്പിടിക്കുക എന്ന് ഞാൻ പറയുമ്പോൾ അതിനോടൊപ്പം സ്വന്തം നേട്ടം മാത്രം കാണുകയും തർബിയ്യത്തിന്റെ കുറവുകൊണ്ട് നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്ന ബയ്അത്ത് കൊണ്ടുവരരുതെന്നുള്ള സന്ദേശവും അതിലടങ്ങുന്നുണ്ട്. അവരുടെ ഉദാഹരണം പറവകളുടേതാണെങ്കിൽ ഖുർആൻ പറഞ്ഞ فَصُرْهُنَّ إِلَيْكَ അതായത് അവരെ നിങ്ങളോടൊപ്പം ഇണക്കുക. ثُمَّ ادْعُهُنَّ يَأْتِينَكَ سَعْيًا(2:261) പിന്നീട് അവയെ നിന്നിലേക്ക് വിളിക്കുക. എന്നാൽ, അവ നിന്റെയടുക്കലേക്ക് ഓടിവരുന്നതാണ്. അത്തരം അഹ്മദികളാണ് നമുക്ക് വേണ്ടത്; ജമാഅത്തിന്റെ പ്രവർത്തനത്തിനായി ഒരു ഒഴികഴിവും പറയാതെ തങ്ങളെ സമർപ്പിക്കുന്നവർ. ജമാഅത്തിൽ പ്രവേശിച്ചയുടനെ അവർ നിസാമുമായി ഇഴുകിച്ചേരണം. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ, സ്വാർത്ഥതയിൽ നിന്ന് സ്വതന്ത്രരായി തബ്ലീഗ് ചെയ്യാത്തിടത്തോളം അവരുടെ ഈമാന്റെ സ്ഥാനം അശക്തമാണ്. സ്വാർത്ഥതയിൽ നിന്ന് മുക്തമായി തബ്ലീഗ് ചെയ്യുന്നവർക്ക് ലോകത്തെ സംബന്ധിച്ച് ഭയമില്ല. മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി അവർ പ്രവർത്തിക്കാറുമില്ല. മറിച്ച്, അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയായിരിക്കും അവരുടെ പ്രവർത്തനം. ഇങ്ങനെയാകുമ്പോഴാണ് പുതിയതായി വരുന്നവരും ജമാഅത്തിന്റെ നിസാമിൽ ശരിയായ നിലയിൽ കോർക്കപ്പെടുന്നത്. ജമാഅത്തീ നിസാം പുതുതായി വരുന്നവരെ സ്വീകരിക്കുകയും അവരെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെയുണ്ടാകുന്നില്ലെങ്കിൽ ഞാൻ പലപ്രാവശ്യം പറഞ്ഞുകഴിഞ്ഞിട്ടുള്ള അതേ അവസ്ഥ തന്നെയായിരിക്കും സംഭവിക്കുക. അതായത്, ചില ബയ്അത്തുകളെ സംബന്ധിച്ച് അറിയാനേ കഴിയുന്നില്ല. ഇക്കാര്യം ഞാൻ അനുബന്ധമായി പറഞ്ഞുവെന്നേയുള്ളൂ. ഈ വിഷയത്തെ സംബന്ധിച്ച് മറ്റൊരവസരത്തിൽ പരാമർശിക്കുന്നതാണ്.

ഈ മാതൃക എനിക്ക് ദക്ഷിണേന്ത്യയിൽ കാണാൻ കഴിഞ്ഞു. പുതിയതായി ചേർന്നുകൊണ്ടും ത്യാഗങ്ങളിൽ പങ്കെടുക്കുന്ന ആളുകളാണിവർ. പള്ളി നിർമ്മാ

***(ശേഷം 38 - ൽ)***

ലേഖനം

മിർസാ ത്വാഹിർ അഹ്മദ്

# ഖുർആനും പ്രപഞ്ചവിജ്ഞാനീയവും

## (കഴിഞ്ഞ മാസം പ്രസിദ്ധീകരിച്ച 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്ന ഗ്രന്ഥത്തിൽ നിന്ന്)

വിശുദ്ധ ഖുർആൻ അവതരിക്കുന്ന കാലത്ത് പ്രപഞ്ചത്തിന്റെ സ്വഭാവത്തെക്കുറിച്ചും ആകാശഗോളങ്ങളുടെ ചലനത്തെക്കുറിച്ചും അല്ലെങ്കിൽ അവയുടെ നിശ്ചലതയെക്കുറിച്ചുമുള്ള മനുഷ്യന്റെ ധാരണകൾ, അത്യന്തം പ്രാക്തനവും ഇരുൾ നിറഞ്ഞതുമായിരുന്നു. ഇക്കാലത്ത് പ്രപഞ്ചത്തെപ്പറ്റിയുള്ള നമ്മുടെ വിജ്ഞാനം ഗണ്യമായി പുരോഗമിക്കുകയും വികസിക്കുകയും ചെയ്തതോടൊപ്പം ആ പഴയ ധാരണകളും മാറിക്കഴിഞ്ഞു.

പ്രപഞ്ച സൃഷ്ടിപ്പിനെസ്സംബന്ധിച്ച ചില സിദ്ധാന്തങ്ങൾ സത്യമാണെന്ന് സ്ഥാപിതമായതാണ്. ചിലതിനെപ്പറ്റി ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വികസിക്കുന്ന പ്രപഞ്ചം (Expanding Universe) എന്ന സങ്കൽപം ആദ്യം പറഞ്ഞ ഗണത്തിൽപ്പെട്ടതാണ്. അത് ശാസ്ത്ര സമൂഹം ഒരു സത്യമാണെന്ന നിലക്ക് സാർവ്വത്രികമായി അംഗീകരിച്ചതാണ്. 1920ൽ എഡ്വിൻ ഹബിൾ* എന്ന ശാസ്ത്രജ്ഞനാണ് ഈ കണ്ടുപിടിത്തം നടത്തിയത്. എന്നാൽ, പതിമൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പേ അത് വ്യക്തമായും വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആകാശത്തെ നമ്മുടെ ശക്തി കൊണ്ട് (അയ്ദിൻ) നാം സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിച്ചു കൊണ്ടിരിക്കുന്നവനാണ്. (മൂസിഊൻ) 1

നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചം എന്ന സങ്കൽപം ഖുർആനിൽ മാത്രമുള്ളതാണെന്ന കാര്യം നാം ഓർക്കണം. ഇതിനെ സംബന്ധിച്ച് മറ്റൊരു ദൈവികഗ്രന്ഥവും വിദൂരമായ സൂചന പോലും നൽകിയിട്ടില്ല. പ്രപഞ്ചം നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്നു എന്ന കണ്ടുപിടിത്തം ശാസ്ത്രജ്ഞന്മാരെസ്സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. കാരണം, പ്രപഞ്ചം തുടക്കത്തിൽ എങ്ങനെ സൃഷ്ടിക്കപ്പെട്ടു എന്നതിനെ സംബന്ധിച്ച് ശരിയായ ധാരണയുണ്ടാക്കാൻ അത് സഹായകമാവും. ബിഗ്ബാങ്ങ് സിദ്ധാന്തത്തിലേക്ക് കൃത്യമായി ആനയിക്കുന്ന രീതിയിൽ പ്രപഞ്ച സൃഷ്ടിയുടെ ഘട്ടം ഘട്ടമായുള്ള പ്രക്രിയയെപ്പറ്റി അത് വ്യക്തമായും വിവരിക്കുന്നു. ഖുർആൻ അവിടെ നിന്ന് മുന്നോട്ടുപോയി പ്രപഞ്ചത്തിന്റെ തുടക്കത്തെ സംബന്ധിച്ചും ഒടുക്കത്തെ സംബന്ധിച്ചും വീണ്ടും അതുപോലെയുള്ള തുടക്കത്തെ സംബന്ധിച്ചും വിവരിക്കുന്നു. പ്രപഞ്ച സൃഷ്ടിപ്പിന്റെ തുടക്കമായ ബിഗ് ബാങ്ങ് പ്രതിഭാസത്തിന്റെ സൂക്ഷ്മത വിവരണം ഖുർആൻ നൽകുന്നത് ഇപ്രകാരമാണ്:

*"അവിശ്വാസികൾ കാണുന്നില്ലേ? ആകാശങ്ങളും ഭൂമിയും സംഘനിതമായ ഒരു പിണ്ഡ (രത്ഖൻ) മായിരുന്നു. പിന്നീട് നാം അതിനെ*

* എഡ്വിൻ ഹബിൾ (Edwin Hubble - 1889-1953) ആൻഡ്രോമീഡ ഗാലക്സി നമ്മുടെ ഗാലക്സിയിൽ നിന്ന് വളരെ അകലെയാണെന്ന് കണ്ടെത്തിയ അമേരിക്കയിലെ വിഖ്യാതനായ ജ്യോതിശാസ്ത്രജ്ഞൻ. ഗാലക്സികൾ തമ്മിൽ അകലുകയാണെന്ന ഡോപ്ളർ പ്രഭാവ (Dopler effect) ത്തിലൂടെ സ്ഥാപിച്ചു. വിദൂര ഗാലക്സികളിൽ നിന്ന് വരുന്ന പ്രകാശത്തിന്റെ സ്പെക്ട്രം പരിശോധിക്കുമ്പോൾ അവയുടെ സ്പെക്ട്രി രേഖകൾ തരംഗദൈർഘ്യം കൂടിയ ഭാഗത്തേക്ക് നീങ്ങിയതായി കാണപ്പെടുന്നു. ഗാലക്സികളുടെ സ്പെക്ട്രത്തിലെ ഈ ചെമപ്പ് നീക്കത്തെ (Red shift) അടിസ്ഥാനമാക്കി അവ അകന്നു പോയ്ക്കൊണ്ടിരിക്കുന്നതായി അദ്ദേഹം കണക്കാക്കി. വികസിക്കുന്ന പ്രപഞ്ച മാതൃക അദ്ദേഹത്തിന്റെ ഈ കണ്ടുപിടിത്തത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. (വിവ:)

*പിളർത്തുകയും (ഫത്ഖൻ) ചെയ്തു. ജീവനുള്ള എല്ലാറ്റിനേയും നാം ജലത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് ഉവർ വിശ്വസിക്കുന്നില്ലേ?" (വിശുദ്ധ ഖുർആൻ: 21:31)*

ഈ വചനം അവിശ്വാസികളെയാണ് അഭിസംബോധന ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. ഖുർആൻ വചനത്തിലടങ്ങിയ ഈ രഹസ്യം അവിശ്വാസികൾ ആയിരിക്കും വെളിപ്പെടുത്തുക എന്നതു കൊണ്ടായിരിക്കാം അവരോടുള്ള ഈ അഭിസംബോധന.

ഈ വചനത്തിലെ 'രത്ഖൻ' (സംഘനിതപിണ്ഡം) 'ഫതഖ്നാ' (പിളർത്തൽ) എന്നീ പദങ്ങൾ ഈ വചനത്തിലെ മുഴുവൻ സന്ദേശങ്ങളും ഉൾക്കൊള്ളുന്നു. ആധികാരിക അറബി പദകോശങ്ങൾ3 രത്ഖൻ എന്ന പദത്തിന് രണ്ട് വിഭിന്ന അർത്ഥങ്ങൾ നൽകുന്നു. അത് ഈ വിഷയത്തിലെ ചർച്ചക്ക് വമ്പിച്ച പ്രസക്തി നൽകുന്നുണ്ട്. ഒന്നാമത്തെ അർത്ഥം ഏതെങ്കിലും വസ്തുക്കൾ കൂടിച്ചേർന്നു സം യോജിച്ച് (Infusion) തുടർന്ന് ഒന്നായിത്തീരുന്നതിനെ കുറിക്കുന്നു. (The coming together of something and consequent infusion into a single entity) രണ്ടാമത്തെ അർത്ഥം സമ്പൂർണ്ണമായ ഇരുട്ട് (Total darkness) എന്നുമാണ്. ഈ രണ്ട് അർത്ഥകല്പനകളും ഇവിടെ കൃത്യമായും ശരിയായി വരുന്നു. ഈ രണ്ട് അർത്ഥങ്ങളും കൂടി ഒന്നിച്ചെടുക്കുമ്പോൾ ബ്ളാക്ഹോൾ അഥവാ തമോദ്വാരത്തിന്റെ വൈചിത്ര്യ (singularity)* ത്തെ പറ്റിയുള്ള ശരിയായ വിവരണമാണ് ഇവിടെ നൽകപ്പെട്ടതെന്ന് കാണാം.

ഗുരുത്വാകർഷണത്തിൽ തകർന്നടിയുന്ന വമ്പിച്ച ദ്രവ്യപിണ്ഡത്തെയാണ് ബ്ളാക് ഹോൾ (Black hole) എന്ന് പറയുന്നത്. സൂര്യനേക്കാൾ പതിനഞ്ചോ അതിലധികമോ ഇരട്ടി വലിപ്പമുള്ള നക്ഷത്രങ്ങളുടെ തകർച്ചയിൽ നിന്ന് അത് ആരംഭിക്കുന്നു. അതിഭീമമായ ഗുരുത്വബലത്തിന്റെ ഉള്ളിലേക്കുള്ള വലിവ് കാരണം നക്ഷത്രങ്ങൾ കൂടുതൽ ചെറിയ ആകൃതിയിലേക്ക് ചുരുങ്ങാനാരംഭിക്കുന്നു. ഗുരുത്വബലം വീണ്ടും കേന്ദ്രീകരിക്കപ്പെടുകയും നക്ഷത്രത്തിന്റെ മുഴുവൻ ദ്രവ്യവും ഒരു സൂപ്പർ നോവ (Super Nova) യിലേക്ക് പതിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ തന്മാത്ര, ആറ്റം മുതലായ ദ്രവ്യത്തിന്റെ അടിസ്ഥാനപദാർത്ഥങ്ങൾ തകർന്ന് വിവരണാതീതമായ ഊർജ്ജമായി മാറുകയും ചെയ്യും ആ സന്ദർഭത്തിൽ സ്ഥലകാലത്തിൽ സൃഷ്ടിക്കപ്പെടുന്ന പ്രതിഭാസമാണ് സംഭവചക്രവാളം.* ബ്ളാക്ഹോളിന്റെ അതിഭീമമായ ഉള്ളിലേക്കുള്ള വലിവ് കാരണം നക്ഷത്രത്തിൽ നിന്നുള്ള എല്ലാ വികിരണങ്ങളും പിന്നോട്ട് വലിക്കപ്പെടുകയും പ്രകാശത്തിന് പോലും അതിൽ നിന്ന് രക്ഷപ്പെടാൻ സാധ്യമല്ലാതെ വരികയും ചെയ്യുന്നതിന്റെ ഫലമയുണ്ടാകുന്ന സമ്പൂർണ്ണ ഇരുട്ടാണ് ബ്ളാക്ക് ഹോൾ എന്ന പേര് നേടിക്കൊടുത്തത്. രത്ഖൻ എന്ന ഖുർആൻ ഉപയോഗിച്ച ഈ പദത്തിന്റെ മറ്റൊരു അർത്ഥം സൂചിപ്പിക്കുന്നത് 'പൂർണ്ണ ഇരുട്ട്' എന്നാണ്. ഇതാണ് സംഭവ ചക്രവാളത്തിനപ്പുറത്തെ വൈചിത്ര ബിന്ദു.

ഒരിക്കൽ ബ്ളാക്ക് ഹോൾ സൃഷ്ടിക്കപ്പെട്ടാൽ അതിശീഘ്രം അത് വളരുന്നു. കാരണം വർദ്ധിച്ചു വരുന്ന ഗുരുത്വബലത്തിന്റെ കേന്ദ്രീകരണത്താൽ വിദൂരത്തുള്ള നക്ഷത്രങ്ങൾ പോലും ബ്ളാക്ക് ഹോളിനകത്തേക്ക് നിപതിക്കുന്നു. സൂര്യന്റെ ദ്രവ്യമാനത്തിന്റെ നൂറു ദശലക്ഷം ഇരട്ടി വരെ കൂടുന്നതിനനുസരിച്ച് പ്രകാശവേഗത്തിൽ ആകാശത്ത് നിന്ന് ഗോളദ്രവ്യങ്ങളെ അത് തന്നിലേക്ക് വലിച്ചെടുക്കുന്നു. 1997ലെ ഒരു നിരീക്ഷണ തെളിവിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഗാല

* **വൈചിത്ര്യം (Singularity):** ബ്ളാക്ക്ഹോളിൽ ഗുരുത്വബലം ദ്രവ്യത്തെ വീണ്ടും തകർത്ത് തരിപ്പണമാക്കും. അങ്ങനെ ഭീമാകാരനായ നക്ഷത്രത്തിന്റെ ദ്രവ്യം ഗുരുത്വബലത്താൽ ചുരുങ്ങിച്ചുരുങ്ങി ഒടുവിൽ ഇല്ലാതാവുന്ന നിലയിലെത്തുന്നു. അതിനർത്ഥം ഭീമാകാരമായ നക്ഷത്രം കേവലം ഒരു ബിന്ദുവായി അപ്രത്യക്ഷമാവുന്നു എന്നാണ്. അതായത് ഘനത്വം അനന്തമാനത്തെ പ്രാപിച്ചിരിക്കുന്നു എന്നു പറയാം. ഈ അവസ്ഥയെയാണ് വൈചിത്ര്യ ബിന്ദു അഥവാ അനന്തവൈചിത്ര്യം എന്ന് പറയുന്നത്. ഈ അവസ്ഥയിൽ നക്ഷത്രത്തിന്നുള്ളിലെ ഭൗതികനിയമങ്ങൾ എന്താണെന്ന് നമുക്കറിയില്ല. അതിന് തൊട്ടു മുമ്പേ വരെയുള്ള ഘട്ടത്തിൽ നമ്മുടെ പ്രപഞ്ചനിയമങ്ങൾ തന്നെയാണ് നക്ഷത്രത്തിൽ പ്രാവർത്തികമാവുന്നത്. (വിവ:)

* **സംഭവചക്രവാളം (Event Horizon):** ബ്ളാക്ക്ഹോളിന്റെ അതിർത്തിരേഖയാണ് സംഭവചക്രവാളം എന്നറിയപ്പെടുന്നത്. സൂര്യനോളം വലുപ്പമുള്ള ഒരു നക്ഷത്രം ചുരുങ്ങി 3 കി.മീ. വ്യാസാർദ്ധത്തിനു കീഴെ വരുമ്പോഴാണ് അതൊരു ബ്ളാക്ക് ഹോൾ ആണെന്ന് പറയുന്നത്. ജർമ്മൻ ഭൗതിക ശാസ്ത്രജ്ഞനായ കാൾ ഷാഴ്സ് ചൈൽഡ് (Carl Schwarzs Child) ആണ് ഈ നിർണ്ണായക വലുപ്പം (Critical mass) നിർണ്ണയിച്ചത്. ഇതിനെ ഷാഴ്സ് ചൈൽഡ് വ്യാസാർധം എന്നും പറയുന്നു. ഈ അവസ്ഥ പ്രാപിച്ച നക്ഷത്രത്തിന്റെ അഥവാ ബ്ളാക്ക്ഹോളിന്റെ ഉപരിതലത്തെയാണ് സംഭവചക്രവാളമെന്ന് പറയുന്നത്. ബ്ളാക്ക്ഹോളിനകത്ത് നടക്കുന്ന ഒരു സംഭവവും പുറംലോകത്തിന്നറിയാൻ സാധ്യമല്ല. കാരണം അതിൽ നിന്ന് പ്രകാശവും മറ്റു യാതൊരു സിഗ്നലുകളും വമ്പിച്ച ഗുരുത്വാകർഷണം കാരണം പുറത്ത് വരില്ല. അതിനകത്തെ ഭൗതിക നിയമം നമുക്കജ്ഞാതമാണ് (വിവ:)

ക്സിയിൽ സൂര്യന്റെ 2,000,000 ഇരട്ടി ദ്രവ്യമാനമുള്ള ഒരു ബ്ളാക്ക് ഹോൾ സാന്നിദ്ധ്യമുണ്ടെന്നു സൂചിപ്പിക്കുന്നു. മറ്റു ചില കണക്കുകൾ പ്രകാരം നമ്മുടെ പ്രപഞ്ചത്തിൽ സൂര്യന്റെ 3,000,000,000 ഇരട്ടി ദ്രവ്യമാനമുള്ള അനേകം ബ്ളാക്ക് ഹോളുകൾ4 ഉണ്ടാകാമെന്നാണ്. അത്തരത്തിലുള്ള അതിഭീമമായ ഗുരുത്വബലത്തിന്റെ കേന്ദ്രീകരണത്താൽ വിദൂര നക്ഷത്രങ്ങൾ പോലും വിറകൊള്ളുകയും സ്ഥൈര്യം നഷ്ടപ്പെട്ട അത്തരം നക്ഷത്രത്തെ അത്യാർത്തി പൂണ്ട ബ്ളാക്ക് ഹോൾ ഭീമന്മാർ വിഴുങ്ങിക്കളയുകയും ചെയ്യുന്നു. അങ്ങനെ 'രത്ഖൻ' (സംഘനിതമായ പിണ്ഡം) എന്ന പ്രക്രിയ പൂർത്തിയാകുന്നതോടെ സിംഗുലാരിറ്റി രൂപപ്പെടുന്നു. അത് പരിപൂർണ്ണമായും സംവൃതവും അഥവാ അടഞ്ഞതും (Closed) പൂർണ്ണമായും ഇരുണ്ടതുമാണ് (Total darkness). പ്രപഞ്ചം തുടക്കത്തിൽ എങ്ങനെ സൃഷ്ടിക്കപ്പെട്ടു എന്ന ചോദ്യത്തിന് ഉത്തരമായി സമർപ്പിക്കപ്പെട്ട രണ്ട് സിദ്ധാന്തങ്ങളും ബിഗ്ബാങ്ങ് തിയറിയുടേതാണ്. ഒരു വൈചിത്രബിന്ദുവിൽ സംഘനിതമായി കേന്ദ്രീകരിക്കപ്പെട്ട ദ്രവ്യം പെട്ടെന്ന് പുറത്തേക്ക് ഉൽസർജിച്ചുകൊണ്ടാണ് പ്രപഞ്ചം ആരംഭിച്ചതെന്ന് അവർ അവകാശപ്പെടുന്നു. സംഭവചക്രവാളത്തിലൂടെ വീണ്ടും പുതിയ പ്രപഞ്ചസൃഷ്ടിയിലേക്ക് അത് നയിക്കുന്നു. ഇങ്ങനെ സംഭവ ചക്രവാളത്തിൽ നിന്ന് പൊട്ടി വിരിയുന്ന പ്രകാശമാണ് വൈറ്റ് ഹോൾ (White hole) എന്ന് വിളിക്കപ്പെടുന്നത്. പ്രപഞ്ച വികാസവുമായി ബന്ധപ്പെട്ട രണ്ട് നിയമങ്ങളുണ്ട്. അതിൽ ഒന്ന് പ്രവചിക്കുന്നത് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതിന് ശേഷം ശാശ്വതമായി വികസിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. പ്രപഞ്ചവികാസവുമായി ബന്ധപ്പെട്ട രണ്ടാമത്തെ സിദ്ധാന്തപ്രകാരം ചിലപ്പോൾ പ്രപഞ്ചത്തിന്റെ വികാസം ഒരു ഘട്ടമെത്തിയാൽ അതിന്റെ ഉൾകേന്ദ്രത്തിലെ ഗുരുത്വബലം വികാസബലത്തിനു മീതെ അന്തിമമായി മേൽകൈ നേടുകയും നേർവിപരീത ദിശയിൽ വികാസത്തിന് പകരം ചുരുങ്ങാനാരംഭിക്കുകയും ചെയ്യുന്നു എന്നതാണ്. എല്ലാ ദ്രവ്യങ്ങളും വീണ്ടും പിറകോട്ടു വലിക്കപ്പെടുന്നു. ഒരുപക്ഷേ, വീണ്ടും ഭീമാകാരമായ ഒരു ബ്ളാക്ക് ഹോൾ സൃഷ്ടിക്കപ്പെടാൻ വേണ്ടിയായിരിക്കും. രണ്ടാമത് പറഞ്ഞ ഈ വീക്ഷണത്തിന് ഖുർആന്റെ പിന്തുണയുള്ളതായി കാണപ്പെടുന്നു.

തുടക്കവും ഒടുക്കവും ബന്ധിപ്പിച്ചുകൊണ്ട് പ്രപഞ്ചത്തിന്റെ ഒരു വൃത്തം ഇങ്ങനെ പൂർത്തിയാക്കപ്പെടുന്നു. ഖുർആൻ പ്രഖ്യാപിക്കുന്നു.

നാം ആകാശത്തെ ഗ്രന്ഥത്താളുകൾ ചുരുട്ടുന്നത് പോലെ ചുരുട്ടുന്ന നാളിനെ ഓർക്കുക. (വിശുദ്ധ ഖുർആൻ 21:105)

ഈ വചനത്തിൽ നിന്നുള്ള വ്യക്തമായ സന്ദേശം പ്രപഞ്ചം ശാശ്വതമല്ല എന്നാണ്. ഗ്രന്ഥത്താളുകൾ ചുരുട്ടുന്നത് പോലെ ഭാവിയിൽ ആകാശം ചുരുട്ടപ്പെടുമെന്ന കാര്യത്തെപ്പറ്റിയാണ് അത് സംസാരിക്കുന്നത്. ബ്ളാക്ക് ഹോൾ രൂപീകരണത്തെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ ചിത്രീകരണത്തോട് വളരെയേറെ സാമ്യതയുള്ളതാണ് ഖുർആനിലെ മേൽ സൂചിപ്പിച്ച വചനം.

സ്പെയ്സിൽ നിന്ന് ബ്ളാക്ക് ഹോളിലേക്ക് ദ്രവ്യങ്ങൾ വമ്പിച്ച തോതിൽ നിപതിക്കുന്നു. മേൽ ഖുർആൻ വചനത്തിൽ വിവരിച്ചതു പോലെ ഗുരുത്വബലത്തിന്റെയും വിദ്യുത്കാന്തിക ബലത്തിന്റെയും വമ്പിച്ച സമ്മർദ്ദഫലമായി, ബ്ളാക്ക് ഹോൾ ഒരു കടലാസുതാളു പോലെ ആയിത്തീരുന്നു. ബ്ളാക്ക് ഹോളിന്റെ കേന്ദ്രഭാഗം സ്വയമായി നിരന്തരം ചുറ്റി മുറുകികൊണ്ടിരിക്കും. പുസ്തകത്താളിന്റെ ആകൃതിയിലുള്ള ഈ ദ്രവ്യം, സ്വയം ചുറ്റി മുറുകുന്ന ബ്ളാക്ക് ഹോളിന്റെ കേന്ദ്രഭാഗത്ത് എത്തുമ്പോൾ അതിന്റെ മേൽ പൊതിയുന്നു. അവസാനം അജ്ഞാതമായ മണ്ഡലത്തിലേക്ക് അത് അപ്രത്യക്ഷമാവുന്നത് വരെ ബ്ളാക്ക്ഹോളിന്റെ കേന്ദ്രഭാഗത്ത് ഈ ചുറ്റി മുറുകൾ തുടരുന്നു. ഖുർആൻ വചനം തുടരുന്നു!

*"സൃഷ്ടിപ്പിനെ ആദ്യം നാം ആരംഭിച്ചത് പോലെ നാം അത് ആവർത്തിക്കും. നമുക്ക് ബാധ്യതപ്പെട്ട ഒരു വാഗ്ദാനമാണിത്. തീർച്ചയായും അത് നാം നിറവേറ്റുക തന്നെ ചെയ്യും" (വിശുദ്ധ ഖുർആൻ: 21:105)*

അവസാനം പ്രപഞ്ചം ഒരു ബ്ളാക്ക്ഹോളിലേക്ക് തകർന്നടിയുമ്പോൾ, ഇവിടെ നമുക്ക് ഒരു പുതിയ വാഗ്ദാനമുണ്ട്. ദൈവം പണ്ട് ചെയ്തത് പോലെ ഈ പ്രപഞ്ചത്തെ അവൻ പുനർനിർമ്മിക്കും. തകർന്ന പ്രപഞ്ചം അതിന്റെ അന്ധകാരത്തിൽനിന്ന് വീണ്ടും സമാരംഭിക്കുകയും സൃഷ്ടിയുടെ എല്ലാ പ്രക്രിയകൾക്കും തുടക്കം കുറിക്കുകയും ചെയ്യും. ഖുർആന്റെ വചനപ്രകാരം പ്രപഞ്ചത്തിന്റെ ഈ ചുരുളലും നിവ രലും നിൽക്കാതെ നടന്നുകൊണ്ടിരിക്കുന്ന ഒരു ക്രിയയാണ്.

പ്രപഞ്ചത്തിന്റെ തുടക്കത്തെക്കുറിച്ചും ഒടുക്കത്തെക്കുറിച്ചുമുള്ള

**(ശേഷം 20 - ൽ)**

ലേഖനം

ഏ.എം. മുഹമ്മദ് സലീം

ഖിലാഫത്ത് : നൂറ്റാണ്ടുകളിലൂടെ

# ഉമവിയ്യാ ഖിലാഫത്ത്

**92 വർഷക്കാലം നീണ്ടുനിന്ന സംഭവബഹുലമായ ഉമവീ ഖിലാഫത്തിനെപ്പറ്റി**

ഖുലഫാഉർറാശിദുക്ക് ശേഷം ഹദ്റത്ത് അലി(റ)യുടെ മകൻ ഹദ്റത്ത് ഇമാം ഹസനി(റ)ൽ നിന്നും ഖലീഫ സ്ഥാനം സ്വീകരിച്ച വ്യക്തിയാണ് ഹദ്റത്ത് മുആവിയ (റ) (ഹി: 41/ക്രി. വ. 661). റസൂൽ തിരുമേനി (സ) പ്രവ ചിച്ച രാജാധികാരകേന്ദ്രിതവും സ്വേഛാധിപത്യത്തിന്റേതുമായ പാരമ്പര്യ വാഴ്ചയുടെ ഉദ്ഘാടനമായിരുന്നു ഹദ്റത്ത് മുആവിയ(റ)യിലൂടെ സംഭവിച്ചത്. ഒരു ആദർശസമൂഹത്തിന്റെ രൂപീകരണം എന്നതിനേക്കാൾ കുഴപ്പങ്ങളുടെ ആ കാലഘട്ടത്തിൽ സുശക്തമായ ഒരു ഭരണാധികാരസ്ഥാപനമായി ഇസ്ലാമിക ഖിലാഫത്ത് മാറുവാൻ നിർബന്ധിതമാവുകയായിരുന്നു. ഖലീഫമാരുടെ ഇച്ഛയേക്കാൾ മറ്റു ഇസ്ലാമികേതരമായ പരിതഃസ്ഥിതിയുടെ സമ്മർദ്ദവും മുസ്ലിം ഖിലാഫത്തിന്റെ വ്യതിയാനങ്ങളെ സ്വാധീനിച്ച ശക്തമായ ഘടകങ്ങളാണ്.

ഹദ്റത്ത് മുആവിയ(റ)യുടെ ഉമവിയ്യാ ഭരണകൂടത്തിനുശേഷം അധികാരപ്രധാനമായ രാജഭരണത്തിന്റെ വർണ്ണവും വദനവുമായിരുന്നു ഖിലാഫത്ത് പരമ്പരക്കുണ്ടായിരുന്നത്. ഇസ്ലാമിക വ്യവസ്ഥയുടെ വികസനത്തിന്റേയും രാഷ്ട്രീയ വിജയങ്ങളുടേയും ഈ കാലഘട്ടത്തിൽ ആത്മീയ പ്രബുദ്ധവും മാതൃകാപരവുമായ ഒരു നേതൃത്വത്തെ തിരഞ്ഞെടുക്കാൻ യോഗ്യമായ ഒരു ഇസ്ലാമികസമൂഹത്തിന്റെ അഭാവം ഇവിടെ ശ്രദ്ധേയമാണ്. ഖുലഫാഉർറാശിദയുടെ കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള ലളിതവും ആത്മീയ പ്രചോദിതവുമായ ഒരു തിരഞ്ഞെടുപ്പ് രീതിയും വ്യവസ്ഥയും ഇസ്ലാമിക ഖിലാഫത്തിൽ പിന്നീട് ദൃശ്യമായില്ലെങ്കിലും ഇസ്ലാമിക മൂല്യവ്യവസ്ഥയെ അവർ ആദർശമായംഗീകരിക്കുകയും ഇസ്ലാമികമായ ഘടനയിലേക്കുള്ള രൂപാന്തരണം ലക്ഷ്യമായിക്കരുതുകയും ചെയ്തു എന്ന കാര്യം അവിതർക്കിതമാണ്. ഈ വ്യവസ്ഥക്ക് കീഴിലാണ് ഇസ്ലാം ഐതിഹാസികചരിത്രം ലോകത്ത് സൃഷ്ടിച്ചതും മനുഷ്യസമൂഹത്തിന് അതുല്യമായ നിരവധി സംഭാവനകൾ അർപ്പിച്ചതും. ഇങ്ങനെ രാജഭരണത്തിന്റെ ശൈലിയിലേക്ക് നീങ്ങിയ അല്ലെങ്കിൽ നീങ്ങാൻ നിർബന്ധിതമായ ആദ്യത്തെ ഇസ്ലാമിക ഖിലാഫത്താണ് ഉമവിയ്യാ ഖിലാഫത്ത്.

## ഉമവിയ്യാ ഖിലാഫത്ത് (ഹി 41–132 (ക്രി. വ. 661–750)

ഖുറൈഷി വംശജനായ അബൂസുഫിയാന്റേയും ഹിന്ദിന്റേയും മകനായ ഹദ്റത്ത് മുആവിയ(റ)യാണ് ഹി. 41–60 (ക്രി. വ. 661–680) ഉമവിയ്യാ ഖിലാഫത്തിന്റെ സ്ഥാപകൻ. സാക്ഷരനായ അദ്ദേഹം റസൂൽതിരുമേനി (സ)യുടെ എഴുത്തുകാരനായിരുന്നു. അബുസുഫിയാന്റെ മകളും മുആവിയയുടെ സഹോദരിയുമായ ഉമ്മു ഹബീബ(റ) റസൂൽ തിരുമേനി(സ)യുടെ ഭാര്യാപദമലങ്കരിച്ച മഹിളാരത്നവുമായിരുന്നു. (അബൂസുഫിയാന് മുമ്പേ തന്നെ അവർ ഇസ്ലാംമതം സ്വീകരിച്ചിരുന്നു). ആ നിലക്ക് റസൂൽ തിരുമേനിയുടെ ഭാര്യാസഹോദരനുമാണ് ഹദ്റത്ത് മുആവിയ(റ). ഹിജ്റ എട്ടാം വർഷത്തിൽ മക്കാവിജയത്തോടെയാണ് മുആവിയയും പിതാവും കുടുംബവും ഇസ്ലാം മതം ആശ്ലേഷിച്ചത്. ഖലീഫ ഉമറി(റ)ന്റെ കാലത്ത് ഫലസ്തീനിലെ ഗവർണർ മുആവിയയുടെ സഹോദരൻ യസീദ് ആയിരുന്നു. യർമൂക്ക് യുദ്ധത്തിൽ അദ്ദേഹം രക്തസാക്ഷിയായപ്പോൾ മുആവിയ ഫലസ്തീനിലെ ഗവർണർ ആയി നിയമിക്കപ്പെടുകയാണുണ്ടായത്. മൂന്നാം ഖലീഫ ഹദ്റത്ത് ഉസ്മാന്റെ (റ) കാലത്ത് സിറിയ മുഴുവൻ മുആവിയയുടെ കീഴിലായി. ഉമവികളുടെ കേവലം 92 വർഷത്തെ ഖിലാഫത്തിനു കീഴിൽ ഇസ്ലാം മതം വമ്പിച്ച രാഷ്ട്രീയ വിജയങ്ങൾ നേടുകയുണ്ടായി. ഇസ്ലാമിക ഭൂമി കിഴക്ക് ചൈന മുതൽ പടിഞ്ഞാറ് അത്ലാന്തിക്ക് സമുദ്രംവരേയും വടക്ക് കാസ്പിയൻ കടൽ മുതൽ

തെക്ക് ഇന്ത്യാമഹാസമുദ്രം വരേയും പ്രവിശാലമായ ഒരു മഹാസാമ്രാജ്യമായി മാറി. ഹദ്റത്ത് അലി(റ)യുടെ കാലത്ത് കൂഫയിലായിരുന്ന ഇസ്‌ലാമിക തലസ്ഥാനം മുആവിയ(റ)യുടെ തട്ടകമായിരുന്ന സിറിയയിലെ ഡമാസ്കസിലേക്ക് മാറുകയാണുണ്ടായത്. ഇസ്‌ലാം മതത്തിന് വേണ്ടി ഉമവികൾ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. ചുരുങ്ങിയ കാലത്തിന്നുള്ളിൽ അതിശീഘ്രം ഇസ്‌ലാമിനെ ലോകത്തിനു മുമ്പിൽ ഒരു അജയ്യശക്തിയും സാംസ്കാരിക സ്രോതസ്സുമാക്കി മാറ്റിയത് ഉമവികളായിരുന്നു.

അസാമാന്യഭരണപാടവവും നീതിനിഷ്ഠയും സ്വായത്തമാക്കിയിരുന്ന ഇസ്‌ലാമിക ലോകത്തെ ഉജ്ജ്വലനായൊരു വ്യക്തിത്വമായിരുന്നു മുആവിയ (റ). ഉത്തര ആഫ്രിക്ക ഹദ്റത്ത് ഉമറി(റ)ന്റെ കാലത്ത് തന്നെ മുസ്‌ലിംകളുടെ കീഴിൽ വന്നിരുന്നു ഹദ്റത്ത് ഉസ്മാന്റേ(റ)യും ഹദ്റത്ത് അലി(റ)യുടെയും കാലത്തുണ്ടായ ആഭ്യന്തരക്കുഴപ്പം മൂലം ആ പ്രദേശം വീണ്ടും ബൈസാന്റിയൻ സാമ്രാജ്യത്തിന്റെ കീഴിലാകുകയാണുണ്ടായത്. ഖലീഫ മുആവിയ(റ)യാണ് ഉത്തരാഫ്രിക്ക തിരിച്ചുപിടിക്കാൻ തീരുമാനിച്ചത്. ഉഖ്ബതുബ്നു നാഫിഅ് എന്ന വിഖ്യാതനായ സേനാനായകനെ ആ ദൗത്യം ഏല്പിക്കുകയും അദ്ദേഹം അത് വിജയകരമായി നിർവ്വഹിക്കുകയും ചെയ്തു. ബൈസാന്റിയൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന അതിശക്തമായ കോൺസ്റ്റാന്റിനോപ്പിൾ പട്ടണം മുആവിയ ഉപരോധിച്ചെങ്കിലും കീഴടക്കാനായില്ല. പിന്നീട് അദ്ദേഹത്തിന്റെ ദൗത്യസേന മടങ്ങി തെക്ക് കിഴക്ക് ഭാഗത്തേക്ക് നീങ്ങി ഖുറാസാൻ കീഴടക്കി. മദ്ധ്യേഷ്യയിലെ ഓക്സെസ് നദി കടന്ന് തുർക്കികളെ പരാജയപ്പെടുത്തി ബുഖാറയിലേക്കും സമർഖന്തിലേക്കും കടന്നുചെന്നു കാബൂൾ കീഴടക്കി, ഖൈബർ ചുരം കടന്ന് സിന്ധിലെത്തി. സാമ്രാട്ടുകളുടെ പടയോട്ടങ്ങൾക്ക് രംഗഭൂമിയായിരുന്ന ഈ പ്രദേശങ്ങളിലൂടെ ഇസ്‌ലാമിന്റെ പതാകയും, വഹിച്ചു ഹദ്റത്ത് മുആവിയ(റ) ഐതിഹാസികമായ ദിഗ്‌വിജയങ്ങൾ നടത്തുകയായിരുന്നു. ഇസ്‌ലാം മതത്തിന്റെ ബീജങ്ങൾ വിതറികൊണ്ടായിരുന്നു അദ്ദേഹം നീങ്ങിയത്. അദ്ദേഹത്തിന്റെ പല സൈനിക ദൗത്യങ്ങളും വിമോചനപരവും ആ കാലഘട്ടത്തിലെ സമ്പ്രദായമനുസരിച്ച് പ്രതിരോധപരവുമായിരുന്നു. ഹി. 60/ ക്രി. വ. 680ൽ ദിവംഗതനായ മുആവിയ(റ) 20 വർഷം ഖലീഫ സ്ഥാനത്ത് വിരാജിച്ചു. തന്റെ മകൻ യസീദിനെ ഖലീഫസ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യുകയുണ്ടായി. ഭിന്നതയും കുഴപ്പവും ഗ്രസിച്ച മുസ്‌ലിം സമുദായത്തിൽ ഐക്യവും വിട്ടുവീഴ്ചയും സ്ഥാപിക്കാൻ ഹദ്റത്ത് മുആവിയ(റ) നടത്തിയ ശ്രമങ്ങൾ നിസ്തുലമാണ്. അദ്ദേഹം കറകളഞ്ഞ ഒരു ഭക്തനുമായിരുന്നു.

ഒരു ഖലീഫയുടെ നിര്യാണത്തിനുശേഷം മറ്റൊരു ഖലീഫയുടെ സ്ഥാനാരോഹണം ആശങ്കയുടേയും ഭീതിയുടേയും നിമിഷങ്ങളായിരുന്നു. ഭയഭക്തിയിലധിഷ്ഠിതമായ സത്യവിശ്വാസികളുടെ സമൂഹത്തിൽ മാത്രമേ സംഘർഷരഹിതമായും മാതൃകാപരമായും ഖിലാഫത്ത് കൈമാറ്റം സംഭവിക്കുകയുള്ളൂ. ഖുർആനിലെ ***'അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യും'*** എന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനം നിറവേറ്റപ്പെടാൻ മാത്രം മുസ്‌ലിം സമൂഹം ഉന്നതി നേടിയിരുന്നില്ല. മുആവിയ (റ)യുടെ മകൻ യസീദിന് രാജവാഴ്ചയുടെ രീതിയിൽ ഖിലാഫത്ത് കൈമാറ്റം ചെയ്തത് റസൂൽ തിരുമേനി(സ)യുടെ പ്രവചനത്തിന്റെ സാക്ഷാത്കാരം കൂടിയായിരുന്നു. മുആവിയക്ക് ശേഷം ഇസ്‌ലാമിക വിവക്ഷയനുസരിച്ചുള്ള കൂടിയാലോചനയിലധിഷ്ഠിതമായ ഒരു ഖലീഫാ തിരഞ്ഞെടുപ്പ് അഹ്മദിയ്യാ ഖിലാഫത്തിന്റെ കാലഘട്ടം വരെ ഇസ്‌ലാമിക സമൂഹത്തിൽ ഉണ്ടായിട്ടില്ല.

യസീദിനെ ഖലീഫയായി നിയമിച്ച രീതി മുസ്‌ലിം ലോകത്തെ സംഘർഷഭരിതമാക്കി. ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും യസീദിന് അനുസരണ പ്രതിജ്ഞ ചെയ്തുവെങ്കിലും ഇമാം ഹുസൈനും അബ്ദുല്ലാഹിബ്നു സുബൈറും യസീദിനു അനുസരണ പ്രതിജ്ഞ ചെയ്തില്ല. തുടർന്നു നടന്ന അത്യന്തം വേദനാജനകമായ കർബലാ സംഭവം മുസ്‌ലിം ലോകത്തെ തീരാത്ത കണ്ണീരിലാഴ്ത്തുകയുണ്ടായി. റസൂൽ തിരുമേനിയുടെ ദൗഹിത്രനായ ഇമാം ഹുസൈ(റ)നും പത്നിയുമടക്കം നിരായുധരായ 70 പേരെ നിഷ്ഠൂരമായി വധിച്ച സംഭവം യസീദിന്റെ ഭരണകാലത്താണ് സംഭവിച്ചത്. ഉബൈദുല്ലാഹിബ്നു സിയാദ് എന്ന ക്രൂരനായ സൈന്യാധിപൻ ഖലീഫയായ യസീദിന്റെയടുക്കലേക്ക് പോകാനോ തിരിച്ചുപോകാനോ അനുവദിക്കണമെന്ന ഇമാം ഹുസൈന്റെ അഭ്യർത്ഥന ചെവിക്കൊള്ളാതെ വധിച്ചുകളയുകയാണുണ്ടായത്. യസീദിനെ ഇസ്‌ലാമിക ചരിത്രത്തിലെ വിവാദപുരുഷനാക്കി മാറ്റിയത് മുസ്‌ലിംകൾക്ക് പൊറുക്കാൻ കഴിയാത്ത ഈ ക്രൂരകൃത്യത്തിന്റെ പേരിലായിരുന്നു. കർബല സംഭവത്തിന്റെ പേരിൽ മക്കത്തും മദീനത്തുമുണ്ടായ പ്രക്ഷോഭങ്ങളും യസീദ് ബലപ്രയോഗത്തിലൂടെ അടിച്ചമർത്തുകയാണുണ്ടായത്. മുസ്‌ലിംകളിൽ അപ്പോഴേക്കും ഉടലെടുത്ത കക്ഷിത്വം ഈ സംഭവത്തെ അത്യന്തം വികാരപരമായി ആളിക്കത്തിക്കുകയും ചെയ്തു. ഉത്തരാഫ്രിക്കയിൽ നിയമിച്ച യസീദിന്റെ ഗവർണർ ബൈസാന്റിയക്കാർക്കെ

തിരെയും ബർബറുകൾക്കെതിരെയും നയിച്ച യുദ്ധം പരാജയപ്പെട്ടു. അങ്ങനെ ഇസ്‌ലാമിക ചരിത്രത്തിലെ പ്രതിനായകന്റെ പരിവേഷമാണ് യസീദിന് ലഭിച്ചത്. 38-ാമത്തെ വയസ്സിൽ യുവാവായിരിക്കെ ഹി. 65ൽ / ക്രി. വ. 683ൽ യസീദ് നിര്യാതനായി. യസീദിന്റെ സൈന്യം 62 ദിവസം മക്ക ഉപരോധിച്ച് ആക്രമിക്കാൻ ഒരുങ്ങുമ്പോഴാണ് അദ്ദേഹത്തിന്റെ മരണം. ഈ അവസരത്തിൽ കഅ്ബയിൽ അഗ്നിജ്വാല പുറപ്പെട്ടതായും ഹജ്റുൽ അസ്‌വദ് പൊട്ടിയതായും പറയപ്പെടുന്നു. തുടർന്ന് യസീദിന്റെ മകൻ മുആവിയ രണ്ടാമൻ ഖലീഫ സ്ഥാനം ഏറ്റെടുത്തു. ഭക്തനും സാത്വികനുമായിരുന്ന മുആവിയ രണ്ടാമൻ കർബലയിലെ കൂട്ടക്കൊലയെ അംഗീകരിച്ചിരുന്നില്ല. ഭക്തനായിരുന്ന മുആവിയ ഭരണഭാരം വഹിക്കാൻ കഴിയാതെ സ്വയം സ്ഥാനമൊഴിയുകയായിരുന്നു.

പിന്നീട് ഖലീഫയായത് ഉമവിയ്യാ വംശജനായ മർവാനുബ്നുഹക്കം ആണ്. യസീദിന്റെ മരണത്തിനു ശേഷം പ്രതിസന്ധിയിലകപ്പെട്ട ഉമവിയ്യാഭരണം കഠിന പ്രയത്നത്തിലൂടെ നിലനിർത്തിയത് മർവാനാണ്. മർവാന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ മകൻ അബ്ദുൽ മലിക്കാണ് ഉമവിയ്യാ ഖലീഫയായി വന്നത്. അദ്ദേഹം ഖിലാഫത്ത് ഏറ്റെടുക്കുമ്പോൾ വിശാലമായ ഉമവിയ്യാ ഖിലാഫത്ത് ഭരണപ്രദേശങ്ങൾ 5 പ്രവിശ്യകളായി വിഭജിച്ച് പരസ്പരം ശത്രുതയിൽ കഴിയുകയായിരുന്നു. സൈനികശക്തിയുപയോഗിച്ച് അദ്ദേഹം മുസ്‌ലിം സാമ്രാജ്യത്തെ വീണ്ടും ഏകോപിപ്പിച്ചു. ഈ ഏകീകരണശ്രമത്തെത്തുടർന്ന് അദ്ദേഹം രണ്ടാം മുആവിയ എന്നുകൂടി ചരിത്രത്തിൽ അറിയപ്പെടുന്നു. വളരെ പ്രഗത്ഭനും കാര്യപ്രാപ്തനുമായ ഭരണാധികാരിയായിരുന്നു മർവാൻ. രാജ്യത്ത് തപാൽ സമ്പ്രദായം ഏർപ്പെടുത്തുകയും അറബി ഭാഷ ഔദ്യോഗികഭാഷയായി പ്രഖ്യാപിക്കുകയും ചെയ്തു. ഉത്തരാഫ്രിക്കയിലും, ട്രാൻസ് ഓക്സസ് നദികടന്ന് മധ്യേഷ്യയിലും ഭരണ സംവിധാനം പുനഃക്രമീകരിച്ചു. ഖലീഫ അബ്ദുൽ മലിക്കാണ് ഇന്നു നിലകൊള്ളുന്ന ജെറുസലേമിലെ 'ഖുബ്ബതുസ്സ്വഖറ' (Dome of the Rock) നിർമ്മിച്ചത്. റസൂൽ തിരുമേനി (സ) യുടെ ദർശനത്തിൽ ബൈത്തുൽ മഖ്ദിസിനടുത്തുള്ള പാറയിൽ വെച്ചാണ് ആകാശാരോഹണം നടന്നത്. അതിന്റെ സ്മാരകം എന്ന നിലക്കാണ് 'ഖുബ്ബതുസ്സ്വഖ്റ' നിർമ്മിച്ചത്. അബ്ദുൽ മലികിന്റെ നാല് പുത്രന്മാരും അദ്ദേഹത്തിനുശേഷം, ഖലീഫമാരായി അതിനാൽ അദ്ദേഹത്തെ 'രാജാക്കന്മാരുടെ പിതാവ്' എന്നാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ മരണശേഷം പുത്രൻ അൽവലീദുബ്നു അബ്ദുൽ മലിക്ക് ഖലീഫയായി സ്ഥാനമേറ്റു. പ്രഗത്ഭനായ പിതാവിന്റെ അതിപ്രഗത്ഭനായ പുത്രനായിരുന്നു അദ്ദേഹം. ഇസ്‌ലാമികചരിത്രത്തിന് വിജയങ്ങളുടെ ഉപഹാരങ്ങൾ സമ്മാനിച്ച വിജിഗീഷുവായ ഈ ജേതാവിന്റെ കാലത്താണ് മുസ്‌ലിംകൾ സ്പെയിനിലേക്ക് കടന്നത്. ഉത്തരാഫ്രിക്കയിൽ വീണ്ടും തലപൊക്കിയ ബർബർ കലാപത്തെ അടിച്ചമർത്തി ആ ഭൂമേഖലയിലൂടെ മുസ്‌ലിംകൾ സ്പെയിനിൽ പ്രവേശിച്ച ചരിത്രം ആവേശോജ്ജ്വലമാണ്. പ്രഗത്ഭരായ സൈനിക ജനറൽമാരാണ് വലീദിനെ കരുത്തനാക്കി മാറ്റിയത്. ഉത്തരാഫ്രിക്കയിലെ ബർബർ ഗോത്രജനായ ഇസ്‌ലാമിന്റെ എക്കാലവും അനുസ്മരിക്കപ്പെടുന്ന വീരപോരാളി താരിഖ്ബ്നു സിയാദ്, മോറോക്കോവിലെ ഗവർണറും സൈനികമേധാവിയുമായിരുന്നു. മൂസബ്നു നുസൈർ, ഹജ്ജാജ്ബ്നു യൂസുഫ്, ഖുതൈബത്ബ്നു മുസ്‌ലിം, മുഹമ്മദ്ബ്നു കാസിം, മസ്‌ല മതുബ്നു അബ്ദിൽ മലിക്ക് എന്നിവരായിരുന്നു ആ സൈനിക ജനറൽമാർ. വലിയൊരു നിർമ്മാണ വിദഗ്ദനുമായിരുന്നു വലീദ്. ദമാസ്കസിലെ ലോകപ്രശസ്തമായ മസ്ജിദ്, മദീനയിലെ മസ്ജിദുന്നബവിയുടെ വികസനം ജറുസലേമിലെ മസ്ജിദുൽ അഖ്സയുടെ വികസനം എന്നിവ അദ്ദേഹത്തിന്റെ നിർമ്മാണ വൈദഗ്ധ്യത്തിന്റെ നിത്യസ്മാരകങ്ങളാണ്.

അൽ വലീദുബ്നു മർവാന് ശേഷം സഹോദരൻ സുലൈമാൻ ഖലീഫയായി. സുലൈമാന്റെ കാലത്താണ് കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ നെടുംകോട്ടയായ കോൺസ്റ്റാന്റിനോപ്പിൾ മുസ്‌ലിംകൾ ഉപരോധിച്ചത്. പക്ഷേ, ഒരു കൊല്ലത്തെ ഉപരോധം കൊണ്ട് വളരെ ശക്തമായിരുന്ന ബൈസാന്റിയൻ കോട്ടയെ യാതൊന്നും ചെയ്യാൻ അവർക്ക് കഴിഞ്ഞില്ല. ഭക്തനായ സുലൈമാൻ 'മിഫ്താഹുൽ ഖൈർ' (നന്മയുടെ താക്കോൽ) എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹം പക്ഷേ, തന്റെ സൈനിക ജനറൽമാരോടു പെരുമാറിയ രീതി അധിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഖലീഫ വലീദിന്റെ കാലത്ത് മഹത്തായ വിജയങ്ങൾ സമ്മാനിച്ച താരീഖ്ബിനുസിയാദിനേയും മുസബ്നു നുസൈറിനേയും സ്പെയിനിൽ നിന്നുമടക്കി വിളിച്ചു. സമർഖന്തും തുർക്കിസ്ഥാനും കീഴടക്കിയ ഖുതൈബ ഖലീഫ സുലൈമാന്നെതിരെ കലാപം നയിച്ചു. അവസാനം അദ്ദേഹം വധിക്കപ്പെട്ടു. സിന്ധ് കീഴടക്കിയ മുഹമ്മദുബ്നു കാസിമിനെ ജയിലിലടച്ചു. പക്ഷേ, സൈനിക നേതാക്കന്മാരോട് അദ്ദേഹം പെരുമാറിയത് നീതിയുടേയും ന്യായത്തിന്റേയും അടിസ്ഥാനത്തിലായിരുന്നുവെന്നും വിലയിരുത്തപ്പെടുന്നു.

സുലൈമാനുശേഷം ഖലീഫാസ്ഥാനമേറ്റെടുത്തത് ഇസ്‌ലാമിക ചരിത്രത്തിൽ അതിപ്രശസ്തനും സാത്വികതയിൽ ഖുലഫാഉറാശിദീങ്ങൾക്ക് സമശീർഷനുമായ ഉമറുബ്നു അബ്ദിൽ അസീസാണ്. ഒന്നാം നൂറ്റാണ്ടിലെ മുജദ്ദ്വിദ് എന്നും അദ്ദേഹം അറിയപ്പെടുന്നു. ഉമവിയ്യാ ഖലീഫ അബ്ദുൽ മലിക്കിന്റെ ജേഷ്ഠപുത്രനായിരുന്നു ഉമറുബ്നു അബ്ദിൽ അസീസ്. മഹാനായ ഖലീഫ ഉമറിന്റെ പൗത്രിയുടെ മകനുമായിരുന്നു. ജീവിതരീതിയിലും അധികാരവിനിയോഗത്തിലും മഹാനായ ഉമറി(റ)ന്റെ പാരമ്പര്യമായിരുന്നു അദ്ദേഹം പിന്തുടർന്നത്. ഖലീഫ വലീദിന്റെ കാലത്ത് അറേബ്യയുടെ ഗവർണറായിരുന്ന അദ്ദേഹം തന്റെ നീതിനിഷ്ഠകൊണ്ടും പരിശുദ്ധജീവിതം കൊണ്ടും ജനങ്ങളുടെ ഹൃദയം കവർന്നിരുന്നു. ഹിജ്റ 62ൽ മദീനയിൽ ജനിച്ച ഉമർ ഹി. 75 വരെ മക്കയിൽ തന്നെയാണ് കഴിച്ചുകൂട്ടിയത്. ഖലീഫ അബ്ദുൽ മലികിന്റെ മകൾ ഫാത്വിമയെ വിവാഹം കഴിച്ച അദ്ദേഹം ഹി. 99 ലാണ് ഖലീഫയായി സ്ഥാനമേറ്റത്.

ഉമവിയ്യാ രാജാക്കന്മാരുടെ ശൈലിയിൽ നിന്നും വ്യത്യസ്തനായി ഒരു ഫക്കീറിനെപ്പോലെയാണ് അദ്ദേഹം ജീവിച്ചത്. കർബല സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ മുസ്‌ലിം സമൂഹത്തിലുണ്ടാക്കിയ ഭിന്നത പരമാവധി ഇല്ലാതാക്കാൻ അദ്ദേഹം കഠിനശ്രമം നടത്തി. പിൽക്കാലത്ത് അബ്ബാസികൾ അധികാരത്തിലേറിയപ്പോൾ ഉമവിയ്യാ ഖലീഫമാരുടെ കബറുകൾ തിരഞ്ഞ് പിടിച്ചു നശിപ്പിച്ചിരുന്നു. ആ സന്ദർഭത്തിൽ ഉമറുബ്നു അബ്ദിൽ അസീസിന്റെ കബർ മാത്രം ഒഴിവാക്കിയത് അദ്ദേഹത്തോടുള്ള ആദരത്തെ സൂചിപ്പിക്കുന്നു. ക്ഷേമവും മതബോധവും ധാർമ്മികതയും ഊട്ടിയുറപ്പിക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ നിസ്തുലമാണ്. ഖജനാവിൽ നിന്നും സ്വകാര്യാവശ്യത്തിനു ചിലവഴിക്കുന്നതിന് പകരം തന്റെ ഭാര്യയുടെ വിലപിടിച്ച ആഭരണങ്ങൾ മുഴുവൻ ബൈത്തുൽ മാലിലേക്ക് അദ്ദേഹം സംഭാവന നൽകി. പൊതുധനം ചിലവഴിക്കുന്നതിൽ അദ്ദേഹം കാണിച്ച നിഷ്ക്കർഷക്ക് നിരവധി ഉദാഹരണങ്ങളുണ്ട്. ഒരിക്കൽ അദ്ദേഹം വിളക്ക് കത്തിച്ചു ജോലി ചെയ്തു കൊണ്ടിരിക്കെ ഒരാൾ കയറി വന്ന് സംസാരം ആരംഭിച്ചു. സംസാരം ആരംഭിച്ചപ്പോൾ വിളക്ക് അണച്ചുകളഞ്ഞു. കാരണം ചോദിച്ചപ്പോൾ ഇപ്പോഴത്തെ നമ്മുടെ സംഭാഷണം സ്വകാര്യസംഭാഷണമാണ്, വിളക്ക് ഖജനാവിലെ പൊതുആവശ്യത്തിന്നുള്ള പണമുപയോഗിച്ചാണ് കത്തിക്കുന്നത്. അതിന്റെ വെളിച്ചം സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നത് ശരിയല്ല. ഇസ്‌ലാമിലേക്ക് കടന്നുവരുന്നവരെ അദ്ദേഹം നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഈ ആനുകൂല്യം കൊണ്ട് നിരവധി പേർ ഇസ്‌ലാമിലേക്ക് ആകൃഷ്ടരായി. ഈജിപ്തിലെ വരുമാനം ഗണ്യമായി കുറഞ്ഞു. ഈജിപ്ത് ഗവർണർ പുതുതായി ഇസ്‌ലാമിലേക്ക് വരുന്നവർക്കും നികുതിചുമത്തണമെന്ന് നിർദ്ദേശിച്ചപ്പോൾ 'മുഹമ്മദ് നബി(സ) വന്നത് കരം പിരിവുകാരനായിട്ടല്ല' എന്ന മറുപടിയാണ് ഖലീഫ ഉമർ നൽകിയത്. ഉദ്യോഗസ്ഥന്മാരുടെ ധൂർത്തും ചില പെൻഷനുകളും അദ്ദേഹം റദ്ദാക്കി. പാവങ്ങൾക്ക് നിരവധി ക്ഷേമപ്രവർത്തനങ്ങളും പെൻഷനും അദ്ദേഹം നടപ്പാക്കി. സ്ത്രീകളുമായി ഇടപഴകുന്ന സന്ദർഭങ്ങളും ആചാരങ്ങളും അദ്ദേഹം നിരോധിച്ചു. അന്ന് വ്യാപകമായുണ്ടായിരുന്ന കുളിപ്പുരകളിലെ നഗ്നസ്നാനവും നിരോധിച്ചു. ഇങ്ങനെ ഇസ്‌ലാമിക ചൈതന്യം നിറഞ്ഞുനിന്ന നീതിയിലധിഷ്ഠിതമായ ഭരണം കാരണം അദ്ദേഹത്തെ ആളുകൾ രണ്ടാം ഉമർ എന്നായിരുന്നു വിളിച്ചത്. ഇസ്‌ലാമിക സന്ദേശം കൂടുതൽ ആളുകളിലേക്കെത്തിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

ഉമറുബ്നു അബ്ദിൽ അസീസ് അധികാരമേറ്റെടുക്കുമ്പോൾ മുസ്‌ലിംകൾ കോൺസ്റ്റാന്റിനോപ്പിളിൽ ഉപരോധം തുടരുകയായിരുന്നു. അത് പരാജയമാണെന്ന് കണ്ട ഉമർ സൈന്യത്തെ മടക്കിവിളിച്ചു. രാഷ്ട്രീയവിജയങ്ങൾ നേടുന്നതിനേക്കാൾ അത് നേടിയ സ്ഥലങ്ങളിൽ ഇസ്‌ലാമിക സംസ്കാരം സ്ഥാപിക്കാനാണ് അദ്ദേഹം പരിശ്രമിച്ചത്. ഡമാസ്കസിലെ സെന്റ് ജോൺ പള്ളി വലീദിന്റെ കാലത്ത് മുസ്‌ലിം പള്ളിയായി മാറ്റിയിരുന്നു. അതിനുപകരം സെൻറ് തോമസ് പള്ളി സംബന്ധിച്ച സ്ഥിരാവകാശം ക്രിസ്ത്യാനികൾക്ക് അദ്ദേഹം നൽകി. ക്രിസ്ത്യാനികളിൽ നിന്ന് ഈടാക്കിയിരുന്ന ഭാരിച്ച നികുതി അദ്ദേഹം വെട്ടിക്കുറച്ചു. ഖലീഫ ഹദ്റത്ത് അലി(റ)യുടെ കുടുംബത്തെ അധിക്ഷേപിച്ച് പ്രസംഗിക്കുന്ന പതിവ് അദ്ദേഹം കർശനമായി നിരോധിച്ചു. ഹിജ്റ 101 ക്രി. വ. 720ലാണ് അദ്ദേഹം ദിവംഗതനായത്. കേവലം രണ്ട് വർഷം മാത്രമാണ് അദ്ദേഹം ഖലീഫ പദവി അലങ്കരിച്ചത്. എങ്കിലും ഇസ്‌ലാമികചരിത്രത്തിൽ അസാധാരണമായ ആദരവും സ്വാധീനവും ഉമറുബ്നു അബ്ദിൽ അസീസ് നേടിയെടുക്കുകയുണ്ടായി. പിന്നീടുള്ള ഉമവിയ്യാ ഖലീഫമാരിൽ പ്രമുഖൻ ഹിശാമിബ്നു അബ്ദിൽ മലിക്കായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് മുസ്‌ലിം സൈന്യം ഫ്രാൻസിന്റെ പടിവാതിൽക്കൽ വരെ എത്തിയെങ്കിലും പിൻവാങ്ങേണ്ടി വന്നു. അവസാനത്തെ ഉമവിയ്യാ ഖലീഫ മർവാനുബ്നു മുഹമ്മദ് ഈജിപ്തിൽ വെച്ച് അബ്ബാസികളാൽ വധിക്കപ്പെടുന്നത് വരെ ഉമവിയ്യാ ഖലീഫമാരുടെ ഖിലാഫത്ത് തുടർന്നു. (തുടരും)

ലേഖനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

# ബഹുഭാര്യാത്വം

## ബഹുഭാര്യാത്വം ചില സന്ദർഭങ്ങളിൽ അനുവദനീയമാണ്.

ധാർമ്മികവും ആദ്ധ്യാത്മികവും ആയ പരിഗണന മുൻനിർത്തിയോ, വംശവർദ്ധനയ്ക്കായിട്ടോ, ആരോഗ്യപരമായ കാരണങ്ങളാലോ, രാഷ്ട്രീയബന്ധങ്ങളെ ആസ്പദമാക്കിയോ ഒന്നിലധികം പത്നിമാരെ സ്വീകരിക്കുന്നതിനു ഒരാൾ നിർബ്ബന്ധിതനായിത്തീരുന്ന സന്ദർഭങ്ങൾ ചിലപ്പോൾ ഉളവാകാറുണ്ട്. തന്നിമിത്തം, ബഹുഭാര്യാത്വത്തെ ഇസ്ലാം അനുവദിച്ചിരിക്കുന്നു. പക്ഷേ, രക്ഷാകർത്തൃത്വത്തിലും ദൈഹികമായ സാമീപ്യസമ്പർക്കാദികളിലും എല്ലാ ദയിതമാരോടും തുല്യനിലയിൽ വർത്തിക്കേണ്ടതാണെന്ന നിബന്ധന അയാൾ നിഷ്കൃഷ്ടമായും അനുവർത്തിക്കേണ്ടതാണ്. ഭർത്താവ് ഓരോ പത്നിയുടെയും കൂടെ തുല്യമായ കാലയളവിൽ താമസിക്കേണ്ടതാണെന്ന് കൽപിക്കപ്പെട്ടിരിക്കുന്നു. ഒരാൾക്ക് തന്റെ കളത്രങ്ങളോട് തുല്യമായ രീതിയിൽ പെരുമാറുവാൻ സാധിക്കാ തെ വരികയാണെങ്കിൽ, അയാൾ നബിതിരുമേനി(സ) വിവരിച്ച തരത്തിൽ ശിക്ഷയ്ക്ക് സ്വയം പാത്രീഭുതനായിത്തീരുകയാണ് ചെയ്യുന്നത്. പുനരുത്ഥാനനാളിൽ അത്തരക്കാരുടെ ശരീരാർദ്ധം മാത്രമേ ഉയിർത്തെഴുന്നേൽക്കുകയുള്ളൂവെന്ന് തിരുമേനി അരുളിയിരിക്കുന്നു.

വിവാഹമോചനത്തേയും ബഹുഭാര്യത്വത്തേയും പാശ്ചാത്യരായ പണ്ഡിതന്മാരും ചിന്തകന്മാരും പലപ്പോഴും ആക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, വിവാഹമോചനത്തെ അനുവദിച്ചതിന് ദൈവത്തിന്റെ ആ വരിഷ്ഠ പ്രവാചകന്റെ നേരെ കണക്കില്ലാത്ത അധിക്ഷേപങ്ങളും ശകാരങ്ങളും വാരിച്ചൊരിഞ്ഞശേഷം പാശ്ചാതൃലോകം, പൊട്ടിത്തകരാൻ പോകുന്ന തങ്ങളുടെ സാമൂഹ്യഘടനയെ അരക്കിട്ടുറപ്പക്കാൻവേണ്ടി ഏതെങ്കിലും പ്രകാരത്തിലുള്ള വിവാഹമോചന നിയമം നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നുവെന്നുള്ളത് എത്ര യും കൗതുകകരമായിരിക്കുന്നു! ദൈവത്തിന്റെ തിരുദൂതരെ അപകീർത്തിപ്പെടുത്താനും അധിക്ഷേപിക്കാനും പുറപ്പെടുന്നതിനുമുമ്പാ യി പാശ്ചാത്യലോകം അതിനെക്കുറിച്ച് വേണ്ടത്ര പര്യാലോചിച്ചിരുന്നെങ്കിൽ, ഇന്നു സ്വന്തം തെറ്റ് ഏറ്റുപറഞ്ഞു കൊണ്ടു അവർക്കീ മാനഭംഗം സഹിക്കേണ്ടി വരികയില്ലായിരുന്നു. യൂറോപ്പ് ഇസ്ലാമിക വിവാഹ മോചനക്രമത്തെ സ്വീകരിക്കാൻ ഇപ്പോഴും മടിക്കുകയാണെന്നു കാണുന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. ഇസ്ലാമിക വിവാഹമോചനനിയമാണെങ്കിൽ ഒരു ഭാഗത്ത് കഴിയുന്നേടത്തോളം വിവാഹമോചനത്തെ തടയുകയും മറ്റൊരു ഭാഗത്ത് അവസാന നടപടിയെന്ന നിലയിൽ അതിന്നനുവാദം നൽകുകയുമാണ് ചെയ്യുന്നത്. ചില പാശ്ചാത്യ ഗവൺമെന്റുകളും നിയമസഭകളും വിവാഹമോചനത്തെ വേണ്ടതിലധികം സുഗമമാക്കി തീർക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുകയുണ്ടായി. എന്നാൽ, ഇത്തരം നിയമങ്ങൾ വിവാഹമോചനങ്ങളുടെ എണ്ണം അനഭിലഷണീയമാംവണ്ണം പെരുകമാറാക്കുകയും എല്ലാ കുടുംബബന്ധങ്ങളുടേയും ജീവനായിരിക്കുന്ന വൈവാഹിക പരിശുദ്ധിയെ നശിപ്പിച്ചു ഗാർഹികജീവിതത്തിന്റെ അടിത്തറയിളക്കുകയും ചെയ്യാൻ ഹേതുകമായെന്നു വരും. ഏതദ്വിഷയകമായി യൂറോപ്പ് ഇന്നഭിമുഖീകരിച്ചിട്ടുള്ള പ്രശ്നങ്ങളുടെ ശരിയായ പരിഹാരമാർഗ്ഗം ഇസ്ലാമിക വിവാഹമോചനനിയമങ്ങളെ അംഗീകരിക്കുകയെന്നതു മാത്രമാണ്.

ബഹുഭാര്യാത്വത്തെക്കുറിച്ച് പാശ്ചാത്യലോകം ഇതുവരെയും

ഗൗരവപൂർവ്വം ചിന്തിച്ചു തുടങ്ങിയിട്ടില്ലെങ്കിലും അതിനെക്കുറിച്ച് വേണ്ടത്ര പര്യാലോചിക്കുവാൻ അവർ നിർബന്ധപ്പെടുന്ന നാളുകൾ വിദൂരമല്ല. നിയതിനിയമങ്ങളെ വളരെക്കാലം അലക്ഷ്യമാക്കാനാവുകയില്ലല്ലോ! ബഹുഭാര്യാത്വം ലൈംഗികാരാജകത്വത്തിനു വഴിതെളിയിക്കുമെന്നു ചിലർ വാദിക്കുന്നു. എന്നാൽ, അനുവാദം പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ ഇസ്‌ലാം വച്ചിട്ടുള്ള തടസ്സങ്ങളെക്കുറിച്ചു അല്പമൊന്നു ചിന്തിക്കുകയാണെങ്കിൽ ബഹുപത്നീത്വത്തെ സംബന്ധിച്ച് ഇസ്‌ലാമിക നിയമം വിഷയലമ്പടത്വത്തിന്ന് വഴിവെക്കുന്നില്ലെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകയില്ല. നേരെമറിച്ച്, മനുഷ്യൻ ചിലപ്പോഴെല്ലാം ഏറ്റെടുക്കാൻ നിർബന്ധപ്പെടുന്ന വമ്പിച്ച് ത്യാഗമാണത്. ലമ്പടത്വമെന്നതു അനിയന്ത്രിതമായി ഹൃദയോല്ലാസം വരുത്തുകയെന്നതായിരിക്കെ, ഒന്നിലധികം ഭാര്യമാരെ സ്വീ കരിക്കുകയും അവരുടെ നേരെ ഇസ്‌ലാമിക വിധിയനുസരിച്ച് നിഷ്കൃഷ്ടമായ സമഭാവനയും നീതിയും പുലർത്തുകയും ചെയ്യുന്ന ഒരാളെ ലമ്പടനെന്ന് വിളിക്കാവുന്നതെങ്ങനെയെന്നു എനിയ്ക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഒരു ഭാര്യയോടു നിങ്ങൾ ഏതുതരത്തിൽ പെരുമാറുന്നുവോ അതിൽ നിന്നു യാതൊരു തരത്തിലും ഭിന്നമായിരിക്കരുത് മറ്റൊരു ഭാര്യയോടുള്ള നിങ്ങളുടെ പെരുമാറ്റവും എന്ന് ഇസ്‌ലാം ആജ്ഞാപിക്കുന്നു. ഒരു പത്നിയെ മറ്റൊരു പത്നിയെക്കാളും കൂടുതലായി സ്നേഹിച്ചു എന്നു വരാം. പക്ഷേ, അവൾക്ക് മറ്റൊരു ഭാര്യയ്ക്ക് നൽകുന്നതിലും ഒരു പൈസ പോലും കൂടുതൽ നൽകുകയോ മറ്റേ പത്നിയോടൊപ്പം കഴിച്ചുകൂട്ടുന്നതിലും ഒരു മണിക്കൂറെങ്കിലും അധികം അവളോടൊപ്പം കഴിച്ചുകൂട്ടുകയോ ചെയ്യാൻ പാടുള്ളതല്ല. ഒരു ഭാര്യയോടൊപ്പം ഒരു ദിവസം താമസിക്കുകയാണെങ്കിൽ, പിറ്റെ ദിവസം മറ്റേ ഭാര്യയോടൊപ്പം പാർക്കുകയും അങ്ങനെ രണ്ടുപേരോടും ദൈവിധ്യം കൂടാതെ പെരുമാറുകയും വേണ്ടതാണ്. നിങ്ങൾ ഒരു ഭാര്യയേക്കാൾ ആയിരം മടങ്ങ് അധികം മറ്റൊരു ഭാര്യയെ സ്നേഹിക്കുന്നുവെന്നു വന്നാലും മറ്റുള്ളവർക്ക് കാണാനാകാത്തതും ഹൃല്ലീനവുമായ പ്രേമവായ്പിലൊഴിച്ചു മറ്റെല്ലാ പ്രത്യക്ഷമായ പെരുമാറ്റങ്ങളിലും പരിപൂർണ്ണമായ സമത്വം പാലിക്കേണ്ടതാണ്. ഇതു ലമ്പടത്വമാണോ? അതോ

# വിവാഹമോചനത്തിന്നുള്ള സ്ത്രീയുടെ അവകാശം

## ഹദ്റത്ത് അഹ്മദ് (അ)

ഇസ്‌ലാമിക നിയമത്തിൽ വിവാഹമോചനം പുരുഷന്മാർക്ക് മാത്രം അനുവദിച്ച ഒരു അവകാശമല്ല. ഉചിതമായ അധികാരികളിലൂടെ സ്ത്രീകൾക്കും വിവാഹമോചനം നടത്താവുന്നതാണ്. അത്തരം വിവാഹമോചനങ്ങൾക്ക് ഇസ്‌ലാമിക ശരീഅത്തിൽ *'ഖുലാ'* എന്നാണ് പറയപ്പെടുന്നത്. ഒരു ഭർത്താവ് അയാളുടെ ഭാര്യയോടു മോശമായി പെരുമാറുകയോ, അകാരണമായി മർദ്ദിക്കുകയോ, ഭാര്യയോട് ഭർത്താവിനുള്ള കടമകൾ നിറവേറ്റുന്നതിൽ പരാജയപ്പെടുകയോ, ഭർത്താവ് മതം മാറുകയോ, അയാളോടൊപ്പം പൊരുത്തപ്പെട്ടുകൊണ്ട് ജീവിക്കാൻ ബുദ്ധിമുട്ടുകയോ ആണെങ്കിൽ ഈ സാഹചര്യത്തിൽ അവൾക്കോ അവളുടെ രക്ഷകർത്താക്കൾക്കോ അധികാരസ്ഥരുടെ മുമ്പിൽ ഇക്കാര്യം റിപ്പോർട്ട് ചെയ്ത് വിവാഹമോചനം പ്രാപിക്കാനുള്ള അവകാശമുണ്ട്. അവളുടെ ഭാഗത്ത് നിന്നുള്ള ഈ പരാതി ന്യായമാണെന്ന് ന്യായാധിപന് ബോദ്ധ്യമാവുകയാണെങ്കിൽ അയാൾക്ക് പ്രസ്തുത സ്ത്രീയുടെ വിവാഹബന്ധം ദുർബലപ്പെടുത്തി മോചനം നൽകാവുന്നതാണ്. ന്യായാധിപൻ ഭർത്താവിനെ വിളിപ്പിച്ച് എന്തുകൊണ്ടാണ് താങ്കൾ വിവാഹം വിടുതൽ ചെയ്യാൻ ഭാര്യയെ അനുവദിക്കാതിരിക്കുന്നത് എന്ന് ആരായുകയും വേണം.

ഇസ്‌ലാം സ്ത്രീയുടെ രക്ഷകർത്താക്കന്മാരുടെ അനുവാദമില്ലാതെ നടത്തപ്പെട്ട വിവാഹം അംഗീകരിക്കുന്നില്ല. അവളുടെ പിതാവിന്റേയോ, സഹോദരന്റേയോ, അടുത്ത പുരുഷബന്ധുവിന്റേയോ, അനുവാദമാണ് വേണ്ടത്. അപ്രകാരം സ്ത്രീയുടെ മാത്രം ഇഷ്ടമനുസരിച്ച് വിവാഹബന്ധം വേർപ്പെടുത്തുന്നതും ഇസ്‌ലാം അംഗീകരിക്കുന്നില്ല. വിവാഹമോചനത്തിന്റെ കാര്യത്തിൽ ഇസ്‌ലാം കൂടുതൽ ശ്രദ്ധ ചെലുത്തുന്നു. കാര്യങ്ങൾ മനസ്സിലാകാതെ സ്ത്രീ സ്വയം വരുത്തിവെക്കുന്ന നാശത്തിൽ നിന്നും അവൾക്ക് രക്ഷ ലഭിക്കാൻ അവളെ സഹായിക്കണമെന്ന് അധികാരസ്ഥരോട് ആജ്ഞാപിക്കുകയും ചെയ്യുന്നു.

*(ചശ്മെ മഅ്രിഫ)*

സ്വരാജ്യത്തിന്നോ വംശത്തിന്നോ വേണ്ടി സ്വയം വരിക്കുന്ന നിരന്തരമായ ത്യാഗമോ?

നബിതിരുമേനി(സ) തന്റെ വയസ്സ് കാലത്ത് വിഷയേച്ഛ നിമിത്തമാണ് (നഊദുബില്ലാഹ്) ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചതെന്നു ഇസ്‌ലാമികനിയമങ്ങളെപ്പറ്റി ഭീമമായ അജ്ഞത പുലർത്തുന്നവർ ഒരു മുസൽമാനോടു പറയുമ്പോൾ അവന്റെ ഹൃദയം നോവുകയില്ലേ? യഥാർത്ഥത്തിൽ, ആ പുണ്യാത്മാവ് ചെയ്ത ഓരോ വിവാഹവും തന്റെ നാട്ടിന്നും ജനത്തിനും വേണ്ടി വരിച്ച ഓരോ കനത്ത ത്യാഗമായിരുന്നു എന്നു കാണാം. തന്റെ ഓരോ ദ്വാരങ്ങളോടും ആ മഹാത്മാവ് കാണിച്ചിട്ടുള്ള നീതിപൂർവ്വകവും സമതുലിതവുമായ പെരുമാറ്റം ആ മഹച്ചരിതത്തെ കുറിച്ചു പഠിക്കാനൊരുങ്ങുന്നവരിൽ ആ പുണ്യാത്മാവിന്റെ നേരെ മതിപ്പ് മാത്രമല്ല, സഹാനുഭഊതികൂടി ജനിപ്പിക്കുവാൻ പര്യാപ്തമാണ്. കഠിനമായ പനി ബാ ധിച്ച് മരണശയ്യയിലായിരുന്നപ്പോ ഴും ആ മഹാത്മാവ് രണ്ടുപേരുടെ തോളിലൂന്നുക്കൊണ്ടു ദിവസവും മുറപ്രകാരം ഓരോ സഹധർമ്മിണിയുടേയും ഗൃഹത്തിൽ മാറിമാറി ചെല്ലാറുണ്ടായിരുന്നുവെന്നു ചരി ത്രം പറഞ്ഞുതരുന്നു. തന്റെ നിര്യാണത്തിനു ഏതാനും ദിവസം മുമ്പ് മറ്റു ഭാര്യമാരുടെ നിഷ്കർഷയനുസരിച്ചു ഹദ്റത്ത് ആയിശാ(റ)യുടെ വസതിയിൽ അവിടുന്നു വാസമുറപ്പിക്കുകയും അങ്ങനെ അവിടെ വച്ച് ചരമം പ്രാപിക്കുകയുമാണ് ഉണ്ടായത് (സഹീഹ് ബുഖാരി).

ചിലർ ബഹുപത്നീത്വത്തെ ക്രൂരമായ ഒരേർപ്പാടായി ചിത്രീകരിക്കുന്നു. എന്നാൽ, ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചുകൊള്ളുന്നതിന്നുള്ള അനുവാദത്തിന്റെ നിഷേധമാണ് പലപ്പോഴും ക്രൂരമായിട്ടുതെന്നാണ് പറയേണ്ടിയിരിക്കുന്നത്. ഉദാഹരണമായി, ഭാര്യയ്ക്ക് ചിത്തരോഗം പിടിപെടുകയോ അവൾ മറ്റുചില മാറാവ്യാധികൾക്കോ അസ്പർശ്യരോഗങ്ങൾക്കോ ഇരയായിത്തീരുകയോ, വന്ധ്യയായിക്കുകയോ ചെയ്കയാണെങ്കിൽ ഒരു ഭർത്താവ് എന്തു ചെയ്യണം? മറ്റൊരുത്തിയെ വേയാൾ വേൾക്കാതിരിക്കുകയാണെങ്കിൽ, സമുദായത്തിന്നും അവനുതന്നെയും ദോഷകരമായിരിക്കുന്ന തിന്മകളിലേക്ക് അവൻ വഴുതിവീഴാൻ ഇടയായിത്തീരും. ബുദ്ധിഭ്രംശം പറ്റിയ ഒരു സ്ത്രീ യോടൊപ്പം വസിച്ചുകൊള്ളണമെന്നു അവൻ നിർബന്ധിക്കപ്പെടുകയാണെങ്കിൽ അത് സമുദായത്തോടും ഭാവിതലമുറയോടും ചെയ്യുന്ന കടുത്ത ഒരു പാതകമായിരിക്കും. കുഷ്ഠരോഗിണിയായ ഭാര്യയോടൊപ്പം അവൻ കഴിച്ചുകൂട്ടണമെങ്കിൽ അതൊരു നിഷ്ഠൂരമായ നിർബന്ധമായിരിക്കും. ഭാര്യ മലടിയായിരിക്കെ അവൻ മറ്റൊരു വിവാഹം കഴിക്കാതിരിക്കുകയാണെങ്കിൽ അത് നാട്ടിനോടും നാട്ടാരോടും ചെയ്യുന്ന അനീതിയായിരിക്കും. മേൽ വിവരിച്ച ഏതെങ്കിലും സാഹചര്യത്തിൽ ഒരുവൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുവാൻ ഒരുങ്ങുന്നപക്ഷം അതവന്നു അപമാനഹേതുകമായിത്തീരുന്നതാണ്. എന്തെന്നാൽ, അവൾ പര്യാപ്തമായിരുന്ന കാലമത്രയും അവനവളോടൊപ്പം കഴിച്ചുകൂട്ടുകയും, അവന്റെ രക്ഷാകർത്തൃത്വം അവൾക്കെത്രയും അനുപേക്ഷ്യമായ ഒരു ഘട്ടത്തിൽ അവളെ ഉപേക്ഷിക്കുകയും ചെയ്തുവെന്ന ആക്ഷേപത്തിന് അവൻ ലക്ഷീഭവിക്കുന്നതാണ്. ഇങ്ങനെ, ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നത് അത്യാവശ്യം മാത്രമല്ല, രാഷ്ട്രീയവും, ധാർമികവുമായ ഒരു കർത്തവ്യധർമ്മം കൂടിയായിത്തീരുന്ന ഘട്ടങ്ങൾ മനുഷ്യജീവിതത്തിൽ ഉണ്ടാകാവുന്നതാണ്. ●

*(13-ൽ നിന്ന് തുടർച്ച)*

ഖുർആന്റെ ഈ സങ്കല്പം, സംശയലേശമന്യേ അസാധാരണമായ ഒന്നാണ്. നമ്മുടെ സമകാലീന ലോകത്ത് ഉന്നതമായ വിദ്യാഭ്യാസം ലഭിച്ച ഒരാൾക്ക് വെളിപ്പെട്ടതാണെങ്കിൽപോലും അതിന്റെ അത്ഭുതം കുറയുന്നില്ല. എന്നാൽ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ അറേബ്യൻ മരുഭൂമിയിലെ നിരക്ഷരനായ ഒരാൾക്ക് ശാശ്വതമായി ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സൃഷ്ടിപ്രക്രിയയെക്കുറിച്ച് ഏറ്റവും ഉന്നതമായ ജ്ഞാനം വെളിപ്പെടുത്തിക്കൊടുത്തു എന്ന വസ്തുത ഒരാളെ അത്ഭുതപരതന്ത്രനാക്കും. ●

## വീടും നിസ്കാരവും

നബി(സ) തിരുമേനി അരുൾ ചെയ്തതായി ഹദ്റത്ത് ഥാബിത്ത് (റ)സയ്ദ്ബിൻ നിവേദനം ചെയ്യുന്നു:

“നിങ്ങളുടെ വീടുകളിൽ നിസ്കാരം അനുഷ്ഠിക്കുക, ഫർളുകൾ ജമാഅത്തായി അനുഷ്ഠിക്കുന്നതൊഴികെയുള്ള നമസ്കാരങ്ങൾ വീട്ടിൽ വെച്ച് അനുഷ്ഠിക്കുന്നതാണ് ഏറ്റവും നല്ലത്.”

*(ഹദീസ്)*

ലേഖനം

ഡോ: ഷാനവാസ് ഖാൻ

# ഉറക്കം : ഇസ്‌ലാമികവും ശാസ്ത്രീയവുമായ പാഠങ്ങൾ

**മനുഷ്യന് വിശ്രമിക്കാനായി ദൈവം ഒരുക്കിയ അനുഗ്രഹമാണ് ഉറക്കം. ആരോഗ്യദായകമായ ഉറക്കം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് ഒരു വിവരണം**

പ്രവർത്തനങ്ങൾക്കുശേഷം എല്ലാ ജീവജാലങ്ങൾക്കും വിശ്രമം ആവശ്യമാണ്. കാരണം പ്രവർത്തനങ്ങൾ ജീവകോശകലകളെ ക്ഷീണിപ്പിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്യുന്നു. വിശ്രമം എന്നാൽ അതിന്റെ പരിക്കുകളെ നന്നാക്കി പൂർവ്വസ്ഥിതിയിലാക്കുക എന്നാണർത്ഥം. നമ്മുടെ ഉറക്കത്തിനിടയിൽ തകരാറായ കോശങ്ങളെ മാറ്റി പുന:സ്ഥാപിക്കുകയും അവയെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ചെയ്യുന്നു. മനുഷ്യന് മാത്രമല്ല, മൃഗങ്ങൾക്കും ഉറക്കം അത്യാവശ്യമാണ്. സസ്യജാലങ്ങൾക്കും വിശ്രമം അത്യന്താപേക്ഷിതമാണ്. സൂര്യകാന്തിച്ചെടി ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. സൂര്യൻ ഉദിക്കുമ്പോൾ അതിന്റെ ദളങ്ങൾ വികസിക്കുകയും സൂര്യൻ അസ്തമിക്കുമ്പോൾ അത് അടയുകയും ചെയ്യുന്നു.

ഉറക്കത്തെ സംബന്ധിച്ചേടത്തോളം കർശനമായ നിയന്ത്രണങ്ങളൊന്നുമില്ല. കാരണം, ഉറക്കം മനുഷ്യന്റെ പ്രായം, ജോലി, അഭിരുചി, എന്നിവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ശിശുക്കൾക്കും കുട്ടികൾക്കും മുതിർന്നവരെ അപേക്ഷിച്ച് ധാരാളം സമയം ഉറക്കം ആവശ്യമാണ്. മുതിർന്നവർക്ക് യഥാർത്ഥ ഉറക്കത്തേക്കാൾ കൂടുതലായി വിശ്രമം മതി. അവർ അവരുടെ ശരീരം കൊണ്ട് വിശ്രമിച്ചാൽ മതി. ശരീരം കൊണ്ട് പ്രവൃത്തിയെടുക്കുന്നവരേക്കാൾ മസ്തിഷ്കം കൊണ്ട് പ്രവൃത്തിയെടുക്കുന്നവർക്ക് ഉറക്കം ആവശ്യമാണ്. അതുപോലെ ആരോഗ്യമില്ലാത്തവർക്കും രോഗികൾക്കും കൂടുതൽ നേരം ഉറക്കം ആവശ്യമാണ്. മസ്തിഷ്കം കൊണ്ട് ജോലി ചെയ്യുന്ന പ്രായപൂർത്തിയായ ആരോഗ്യമുള്ള ആളുകൾ 7 മണിക്കൂറിലധികം ഉറങ്ങണം.

ഉറക്കത്തിന് ഏറ്റവും നല്ല സമയം രാത്രിയാണെന്ന കാര്യം സ്പഷ്ടമാണ്. രാവിലെ ജോലിയും രാത്രി വിശ്രമവും പ്രകൃതിയുടെ നിയമമാണ്. രാവിലത്തെ പ്രകാശം മനുഷ്യന് ജോലി ചെയ്യാൻ പ്രകൃതി തന്നെ ഒരുക്കിയ ഒരു അനുഗ്രഹമാണ്. ഈ ശീലത്തിൽ നിന്നു നാം വ്യതിചലിക്കുകയാണെങ്കിൽ അത് അനാരോഗ്യം ക്ഷണിച്ചുവരുത്തും. രാത്രി ജോലി ചെയ്യുന്ന രാത്രികാവൽക്കാരെക്കുറിച്ചും സിനിമാതാരങ്ങളെക്കുറിച്ചുമുള്ള ആരോഗ്യസംബന്ധമായ പഠനങ്ങൾ ഇതിന് വ്യക്തമായ തെളിവ് നൽകുന്നു.

ഉറക്കം നമ്മുടെ ദഹനവ്യവസ്ഥയെ ഗണ്യമായി സ്വാധീനിക്കുന്ന ഉപാപചയ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയും ശരീരം പോഷകങ്ങളെ സ്വാംശീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ദീർഘമേറിയ നിദ്ര ആരോഗ്യത്തെ ദുഷിപ്പിക്കുന്നു. അങ്ങനെയുള്ള ഉറക്കം നമ്മുടെ ശരീരം പുറപ്പെടുവിക്കുന്ന ദുർമ്മേദസ്സുകളേയും ദുഷിച്ച ബാഷ്പങ്ങളേയും പിന്നേയും സ്വാംശീകരിക്കുന്നു. അത് കാരണം ദീർഘനിദ്ര ഒരാൾക്ക് ഉന്മേഷം നൽകുന്നതിന് പകരം അയാൾക്ക് ക്ഷീണവും ഉറക്കച്ചടവുമായിരിക്കും സമ്മാനി

ക്കുക. കുറച്ചു നേരത്തെ അദ്ധ്വാനവും കുറച്ചു നേരത്തെ വിശ്രമവുമാണ് അഭികാമ്യം. ഇക്കാര്യത്തിൽ ഏറ്റവും ഉത്തമമായ മാതൃക റസൂൽ തിരുമേനി(സ)യുടേതാണ്. അവിടുന്ന് നേരത്തെത്തന്നെ ഉറങ്ങുകയും അർദ്ധരാത്രികഴിഞ്ഞ് പുലർച്ചെ തഹജ്ജുദ് നിസ്കാരത്തിനായി ഉണരുകയും ചെയ്യും. വീണ്ടും ഉച്ചക്ക് ഒരു ലഘുനിദ്ര പ്രാപിക്കും. വൈകിയുറങ്ങുന്നതും വൈകിയുണരുന്നതുമാണ് നല്ലതെന്ന് ചില ആളുകൾ പറയാറുണ്ട്. പക്ഷേ, ഈ ശീലം നല്ലതല്ല. ഇത് പ്രകൃതിക്ക് ചേർന്നതുമല്ല. പക്ഷികളും, മൃഗങ്ങളുമടക്കം എല്ലാ ജീവികളും നേരത്തെ ഉറങ്ങുകയും നേരത്തെ ഉണരുകയും ചെയ്യുന്ന ശീലമുള്ളവരാണ്. ഒരു മുസ്ലിം നിസ്കാരത്തിന്നായി നേരത്തെ ഉണരാനാണ് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. ഈ ശീലം പ്രകൃതിക്ക് അനുയോജ്യവും ആരോഗ്യകരവുമാണ്.

മലർന്ന് കിടന്നുറങ്ങുന്നത് ആരോഗ്യകരമായ രീതിയല്ല. അത് നട്ടെല്ലിന്ന് സമ്മർദ്ദമുണ്ടാക്കും. സ്വപ്നസ്ഖലനമുണ്ടാക്കുകയും ചെയ്യും. അപ്രകാരം, കമഴ്ന്നു കിടന്നുറങ്ങുന്നതും ആരോഗ്യകരമായ ശീലമല്ല. ഇടത് ഭാഗം ചരിഞ്ഞ് കിടന്നുറങ്ങുന്നത് ആരോഗ്യത്തിന് വളരെ ദോഷകരമാണ്. അത് ഹൃദയത്തിന് സമ്മർദ്ദമുണ്ടാക്കും. മസ് തിഷ്കത്തിലെ രക്തചംക്രമണത്തെ ബാധിക്കുകയും ചെയ്യും. അതുപോലെ കമഴ്ന്നുകിടന്നറങ്ങുന്നത് ദുസ്വപ്നങ്ങൾ കാണാനും ഉറക്കത്തെഴുന്നേറ്റ് നടക്കുന്നതിനും (സ്വപ്നാടനം) കാരണമാവും - ശാസ്ത്രീയമായി, ഉറക്കത്തിന്നു ഏറ്റവും അനുയോജ്യമായ നില വലത് ഭാഗം ചരിഞ്ഞുറങ്ങുകയാണ്. ഇത് (ശാസ്ത്രീയമായി) ആധുനിക വൈദ്യശാസ്ത്രം വളരെ വ്യക്തമായി തെളിയിച്ച കാര്യമാണ്. ഇസ്ലാമിന്റെ ദൈവികാദ്ധ്യാപനങ്ങളുടെ മഹത്വത്തിന് ആധുനിക ശാസ്ത്രം സാക്ഷിനിൽക്കുകയാണ്. ഇസ്ലാംമത സ്ഥാപകരും മുസ്ലിംകളുടെ യജമാനനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തന്റെ അനുയായികളോട് വലത് വശം ചരിഞ്ഞ് കിടന്നുറങ്ങാനാണ് ഉപദേശിച്ചിട്ടുള്ളത്. കഴിയുന്നതും 'തല' വടക്ക് വശത്ത് വെച്ചായിരിക്കണം ഉറങ്ങേണ്ടത്. കാരണം ഭൂമിയുടെ കാന്തികരേഖകൾ വടക്ക് നിന്ന് തെക്കോട്ടാണ് ധാരയായി പോവുന്നത്. അത് വളരെ നിഗൂഢമായി നമ്മുടെ നാഡിവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ കാന്തികരേഖകൾക്ക് സമാന്തരമായിട്ടായിരിക്കണം നാം കിടക്കേണ്ടത്. അതിന്റെ വിപരീതദിശയിലാകാൻ പാടില്ല.

ഉറങ്ങാൻ കിടക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം നാം മനസ്സിൽ എന്തൊരു കാര്യം ചിന്തിച്ചുകൊണ്ടാണോ ഉറങ്ങാൻ കിടക്കുന്നത്, അത് നമ്മു ടെ ഉപബോധമനസ്സിൽ ആ രാത്രി മുഴുവനും തങ്ങിനില്ക്കും. അത് അബോധാത്മകമായി നാമറിയാതെ നമ്മുടെ ചിന്തയേയും പ്രവൃത്തികളേയും സ്വാധീനിക്കുകയും ചെയ്യും. ഇതിനുള്ള തെളിവ് ഒരു ശിശു കരഞ്ഞുകൊണ്ടാണ് ഉറങ്ങുന്നതെങ്കിൽ അത് ഉണരുന്നത് കരഞ്ഞുകൊണ്ടായിരിക്കും എന്നതാണ്. അത് മുലകുടിച്ചുകൊണ്ടാണ് ഉറങ്ങിയതെങ്കിൽ ചുണ്ടുകൾ കൊണ്ട് മുല കുടിക്കുന്നത് പോലെയുള്ള ചലനങ്ങളുമായിട്ടായിരിക്കും ഉണരുക. അതുകൊണ്ട് നാം ഉറങ്ങാൻ കിടക്കുമ്പോൾ നല്ല ചിന്തകളോടേയും ദൈവസ്മരണയോടേയും കിടന്നുറങ്ങണം.

റസൂൽ തിരുമേനി(സ) ഉറങ്ങുന്നതിന് മുമ്പ് വിശുദ്ധ ഖുർആനിലെ വചനങ്ങൾ പാരായണം ചെയ്യാൻ നമ്മോട് ഉപദേശിച്ചിട്ടുണ്ട്. അതായത് 'ആയത്തുൽ കുർസി' യും ഖുർആനിലെ അവസാനത്തെ മൂന്ന് സൂറത്തുകളുമാണ് ഇപ്രകാരം ഓതുവാൻ കല്പിച്ചത്. ഈ ഖുർആൻ വചനങ്ങൾ മന്ത്രങ്ങൾ ചൊല്ലുന്നതുപോലെ ചൊല്ലിത്തീർക്കുകയല്ല വേണ്ടത്. ആ വചനങ്ങൾ അല്ലാഹുവിന്റെ ഏറ്റവും പരമോന്നതമായ ഗുണങ്ങളെ വാഴ്ത്തുകയാണ് ചെയ്യുന്നത്. അതിന്റെ അർത്ഥത്തെ സംബന്ധിച്ച് നാം അഗാധമായ ഭയഭക്തിയോടെ ചിന്തിച്ചുകൊണ്ട് ഈ ദൈവികഗുണങ്ങളെപ്പറ്റിയുള്ള ആഴമേറിയ മനനങ്ങൾ നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നു. തിന്മയിൽ നിന്നും എല്ലാ അശുഭകരമായ ചിന്തകളിൽ നിന്നും നമ്മെ നിർമുക്തമാക്കി ദൈവത്തിൽ ശരണം പ്രാപിക്കാൻ ഈ ഖുർആൻ വചനങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു. ഇത്തരം ശീലങ്ങൾ നാം വളരെ ആലോചനാപൂർവ്വം പ്രാവർത്തികമാക്കുകയാണെങ്കിൽ അത് നമ്മുടെ ധാർമ്മിക ശക്തിയെ വമ്പിച്ചതോതിൽ ഉയർത്തുന്നതാണ്.

രാത്രിനേരത്തെ ഭക്ഷണം കഴിച്ച ഉടനെത്തന്നെ കിടന്നുറങ്ങുന്നത് നല്ല ശീലമല്ല. 'രാത്രി ഭക്ഷണം കഴിച്ചതിനുശേഷം ഒരു മൈലെങ്കിലും നടക്കുക' എന്ന ആപ്തവാക്യം ചിന്തനീയമാണ്. ഇത് ആരോഗ്യത്തിന് വളരെ നല്ലതാണ്. അതുകൊണ്ടാണ് ഇസ്ലാം ഇശാ നിസ്കാരം നിർബന്ധമായും പള്ളി

*(ശേഷം 32 - ൽ)*

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 7.**

എ.ക്യു മഹ്ദി

# ഭാഷാവൈവിധ്യങ്ങളും, അറബിഭാഷയുടെ ദൈവികത്വവും

## ഭാഷ അത്ഭുതകരമായ ഒരു സിദ്ധിയാണ്. ഭാഷ എങ്ങനെ ഉത്ഭവിച്ചു? ആര് അത് മനുഷ്യനെ പഠിപ്പിച്ചു?

ഭാഷ. ആശയവിനിമയത്തിന്റെ ആത്മാവാണു ഭാഷ. ഇന്ന് ലോകത്ത് വിവിധ ദേശങ്ങളിൽ വ്യത്യസ്ത ഭാഷകൾ സംസാരിക്കപ്പെടുന്നുണ്ട്. മിക്കവാറും ഓരോ രാജ്യത്തിനും ഓരോ ഭാഷയുണ്ടെങ്കിൽ, ഇൻഡ്യയുടെ വിഷയത്തിൽ, അത് ഓരോ പ്രവിശ്യക്കും ഓരോ ഭാഷ എന്ന നിലയിലാണുള്ളത്.

എന്നാൽ ഭാഷയുടെ ജനനം എന്നാണ്; ഭൂമുഖത്ത് ഭാഷ എന്നാണ് വ്യാപകമായത്, എന്നീ വിഷയങ്ങൾ ഭാഷാഗവേഷകരെ ഇന്നും ഏറെ കുഴയ്ക്കുന്നുണ്ട്.

ഈ വിഷയത്തിൽ പരിശുദ്ധ ഖുർആൻ പറയുന്നതു നോക്കുക:

'ആ പരമകാരുണികൻ, അവൻ, ഖുർആൻ പഠിപ്പിച്ചു. അവൻ മനുഷ്യനെ സൃഷ്ടിച്ചു. മനുഷ്യനെ ഭാഷണകല അഭ്യസിപ്പിക്കുകയും ചെയ്തു.'

മനുഷ്യൻ ആശയവിനിമയത്തിനുപയോഗിക്കുന്ന ഭാഷയും ഭാഷണസിദ്ധിയും നിഗൂഢരഹസ്യങ്ങളുടെ ഒരതുല്യകലവറയാണ്. ഭാഷണകല എങ്ങനെ ഉത്ഭവിച്ചുവെന്നതിന് ശാസ്ത്രം ഇന്നോളം തൃപ്തികരമായ ഒരു വിശദീകരണം നൽകിയിട്ടില്ല.

അമൂർത്തവും അദൃശ്യവുമായ മനസ്സ്, ചിന്ത എന്നിവയിൽ നിന്നുമാണ് ഭാഷണവൃത്തി ആരംഭിക്കുന്നത്. പിന്നീട് മൂർത്തമായ മസ്തിഷ്കം, നാഡീവ്യൂഹം, പേശികൾ, സ്വനപേടകം, നാവ്, ചുണ്ട് തുടങ്ങിയ അവയവങ്ങളിലൂടെ അവ ഭാഷാപദങ്ങളായി ഉച്ചരിക്കപ്പെടുകയും വായുവിലൂടെ ശ്രോതാവിന്റെ കർണ്ണപുടങ്ങളിലെത്തുകയുമാണ് ചെയ്യുന്നത്. അതുപോലെ മസ്തിഷ്കം, നാഡി, പേശി തുടങ്ങിയ മനുഷ്യാവയവങ്ങളും മനുഷ്യമനസ്സും ഏകോപിപ്പിച്ച് പ്രവർത്തിക്കുമ്പോഴാണ് ഭാഷയിലൂടെ ആശയവിനിമയം സാധ്യമാവുന്നത്. സങ്കീർണ്ണ ഭാഷാഘടനയുള്ള ഭാഷ പ്രാകൃത മനുഷ്യർക്ക് ഒരിക്കലും സാധ്യമാവുമായിരുന്നില്ല.


അബദ്ധസമ്പൂർണ്ണമായ ചില ഭാഷാസിദ്ധാന്തങ്ങൾ കൂടി ഇപ്പോൾ നിലവിലുണ്ട്. മനുഷ്യഭാഷ കേവലം നിരർത്ഥകശബ്ദങ്ങളേയും മൃഗശബ്ദങ്ങളേയും മറ്റും അനുകരിച്ച്, മനുഷ്യൻതന്നെ ഒരു കാലത്ത് രൂപപ്പെടുത്തിയതാണെന്നാണ് പത്തൊമ്പതാം നൂറ്റാണ്ടുവരെ ഭൗതി

**ഭാഷ ജനിക്കുന്നു**

**THE ORIGIN OF LANGUAGE**

الرَّحْمٰنُ ○ عَلَّمَ الْقُرْاٰنَ ○ خَلَقَ الْاِنْسَانَ ○ عَلَّمَهُ الْبَيَانَ ○

ആ പരമകാരുണികൻ. അവൻ ഖുർആൻ പഠിപ്പിച്ചു.
അവൻ മനുഷ്യനെസൃഷ്ടിച്ചു. അവനെ ഭാഷണകല അഭ്യസിപ്പിക്കുകയും ചെയ്തു. (വി.ഖു. 55: 2–5).




മനുഷ്യൻ ആശയ വിനിമയത്തിനുപയോഗിക്കുന്ന ഭാഷയും ഭാഷണസിദ്ധിയും നിഗൂഢരഹസ്യങ്ങളുടെ കലവറയാണ്. ഭാഷണകല എങ്ങനെ ഉത്ഭവിച്ചു എന്നതിന് ശാസ്ത്രം ഇതുവരെ തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. അമൂർത്തവും അദൃശ്യവുമായ മനസ്, ചിന്ത എന്നിവയിൽ നിന്നുമാണ് ഭാഷണവൃത്തി ആരംഭിക്കുന്നത്. പിന്നീട് മൂർത്തമായ മസ്തിഷ്ക്കം, നാഡികൾ, പേശികൾ, സ്വനപേടകം, നാവ്, ചുണ്ട്, മുതലായ അവയവങ്ങളിലൂടെ അവ ഭാഷാ പദങ്ങളായി ഉച്ചരിക്കപ്പെടുകയും വായുവിലൂടെ ശ്രോതാവിന്റെ കർണ്ണപുടങ്ങളിലെത്തുകയും ചെയ്യുന്നു. ഭാഷയും അതുപോലെ മസ്തിഷ്കം, നാഡികൾ, പേശികൾ തുടങ്ങിയ മനുഷ്യാവയവങ്ങളും മനസ്സും ഏകോപിച്ച് പ്രവർത്തിക്കുമ്പോഴാണ് ഭാഷയിലൂടെ ആശയവിനിമയം സാധ്യമാവുന്നത്. സങ്കീർണ്ണഘടനയുള്ള ഭാഷ പ്രാകൃത മനുഷ്യന് നിർമ്മിക്കാൻ സാധ്യമല്ല.

43

## മനുഷ്യനിൽ ജനിതകപരമായി ഉൾച്ചേർന്ന അവയവമാണ് ഭാഷ

**Language is a Genetically Infused Organ**



ആധുനിക ഭാഷാശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ **നോം ചോസ്കി** (Noam Chosky) ഭാഷ മനുഷ്യശരീരത്തിൽ ജനിതകപരമായി ഉൾച്ചേർന്ന ഒരു അവയവമാണെന്നാണ് പറയുന്നത്. അതിനനുസൃതമായി മനുഷ്യൻ സംസാരിക്കുന്ന ഭാഷകളിൽ പൊതുവെ കാണുന്ന സാർവ്വത്രിക വ്യാകരണം അദ്ദേഹം കണ്ടെത്തി. പ്രജനനവ്യാകരണം (Generative Grammar) എന്നാണ് അദ്ദേഹം അതിനെവിളിക്കുന്നത്. ഭാഷക്ക് അദ്ദേഹം നൽകിയ നിർവ്വചനം നോക്കൂ: 'മനുഷ്യമനസ്സിലെ അന്തർഗതസ്വഭാവങ്ങളും (Intrinsic properties) മനുഷ്യവർഗ്ഗത്തിന്റെ ജനിതകസിദ്ധിയും (Genetic endowment) ഉൾക്കൊള്ളുന്ന പ്രാപഞ്ചിക നിയമങ്ങളുടെ ഒരു സവിശേഷ ഗണമാണ് ഭാഷ'.സ്വനം (Phone) സ്വനിമം (Phonem) രൂപിമം (Morephone) മുതലായ മനുഷ്യഭാഷയിലെ സൂക്ഷ്മമാത്രകൾ ആധുനിക മനുഷ്യനെപ്പോലും അത്ഭുതപ്പെടുത്തുന്നു.അങ്ങനെയുള്ള ഭാഷ പുരാതനമനുഷ്യൻ നിർമ്മിച്ചുപയോഗിച്ചു എന്നു പറയുന്നത് അയുക്തികമാണ്. ഭാഷ ദൈവത്തിന്റെ സൃഷ്ടിയാണ് എന്നാണ് ഇതു തെളിയിക്കുന്നത്.

കവാദികളായ ബിഹേവിയറിസ്റ്റുകളുടേയും (Behaviourist) ഘടനാവാദികളുടേയും (Structuralist) മറ്റു ചില ഭാഷാപണ്ഡിതന്മാരുടേയും വാദം. മാർക്സ് മുള്ളറെപ്പോലെയുള്ള മഹാപ്രതിഭകളും ഇത്തരം സിദ്ധാന്തങ്ങളെ പിന്താങ്ങിയിരുന്നു. അതിസങ്കീർണ്ണവും അതീവഗഹനവുമായ, ഭാഷയുടെ ഉല്പത്തിയെ സംബന്ധിച്ചുള്ള ഉൾക്കനമില്ലാത്ത ജല്പനങ്ങളാണെന്നു പറഞ്ഞു ഇത്തരം സിദ്ധാന്തങ്ങളെ ആധുനിക ഭാഷാപണ്ഡിതന്മാർ പാടെ നിഷേധിക്കുകയാണു ചെയ്തത്.

ശരിക്കുപറഞ്ഞാൽ മനുഷ്യനിൽ ജനിതകപരമായി ഉൾചേർന്ന ഒരു അവയവത്തിനു തത്തുല്യമാണ് ഭാഷ. ആധുനിക ഭാഷാപണ്ഡിതന്മാരിൽ പ്രമുഖനായ നോം ചോസ്കി (Noam Chosky), ഭാഷ മനുഷ്യശരീരത്തിൽ ജനിതകപരമായിത്തന്നെ ലീനമായ ഒരവയവമാണെന്നു തന്നെ പറയുന്നുണ്ട്. അതിനനുസൃതമായി മനുഷ്യൻ സാംസ്കാരിക ഭാഷകളിൽ പൊതുവേ കാണുന്ന 'സാർവ്വത്രിക വ്യാകരണം' അദ്ദേഹം കണ്ടെത്തി. 'പ്രജനന വ്യാകരണം' എന്നദ്ദേഹം അതിനു പേരിടുകയും ചെയ്തു. ഭാഷയ്ക്ക് നോം ചോസ്കി നൽകിയ നിർവ്വചനവും വളരെ ശ്രദ്ധാർഹമാണ്.

ഭാഷയുടെ സ്രഷ്ടാവ് ദൈവം തന്നെയാണെന്ന് വിശുദ്ധ ഖുർആൻ അടിവരയിട്ടു പ്രസ്താവിക്കുന്നു.

'എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചിട്ടില്ല' എന്നു പറഞ്ഞതോടൊപ്പം തന്നെ ഇങ്ങനെകൂടി പറഞ്ഞിരിക്കുന്നു. 'റഹ്മാനായ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചു. അവനെ ഭാഷണകല അഭ്യസിപ്പിക്കുകയും ചെയ്തു'. മറ്റൊരിടത്തു ഇപ്രകാരം കൂടിയുണ്ട്. 'അല്ലാഹു ആദമിനെ എല്ലാ നാമങ്ങളും അഭ്യസിപ്പിച്ചു.'

എല്ലാ ഭാഷകളുടേയും സ്രഷ്ടാവ് ദൈവമാണെന്നും, ആദ്യമായി അവൻ മനുഷ്യന് വെളിപ്പെടുത്തിക്കൊടുത്ത ഭാഷ അറബിയാണെന്നും 1895-ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ദൈവിക വെളിപാടിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അന്നോളം ഈ യാഥാർത്ഥ്യം ലോകത്തിന് അജ്ഞാതമായിരുന്നു. അറബിയാണ് ആദ്യഭാഷയെന്നതിനാൽ മറ്റു ഭാഷകളൊക്കെത്തന്നെ അതിന്റെ ശാഖകളാണ്. സാമൂഹ്യജീവി എന്ന നിലയിൽ ഭാഷ മനുഷ്യന്റെ അവിഭാജ്യഘടകമാണ്. ഭാഷണശേഷി കൂടാതെ മനുഷ്യന് ദൈവത്തെ ആരാധിക്കാനും തിരിച്ചറിയാനും കഴിയില്ല - ഭാഷണശേഷിയോടു കൂടി മാത്രമേ മനുഷ്യസൃഷ്ടിപ്പ് സമ്പൂർണ്ണവും മികവുറ്റതുമാകുന്നുള്ളൂ. ഭാഷയാണ് മാനുഷികതയുടെ ശക്തിയും സൗന്ദര്യവും. ഈ കഴിവ് മൃഗങ്ങൾക്കില്ലതാനും.

ഭാഷാവൈവിധ്യം ഒരു ദൈവിക പദ്ധതി തന്നെയാണെന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നു.

'അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പും, ദിനങ്ങളുടേയും ഭാഷകളുടേയും വർണ്ണങ്ങളുടെയും വൈവിദ്ധ്യവും, അറിവുള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. ഈ മൂലവാക്യത്തിന് നമുക്കിങ്ങനെ അർത്ഥം കല്പിക്കാം.

അറബി മൂലഭാഷയാണെന്നു പറയുന്ന വിശുദ്ധ ഖുർആൻ, ഭാഷകളുടെ വൈവിദ്ധ്യങ്ങൾ പ്രപഞ്ചനിയമംപോലെ ഒരു ദൈവിക ആസൂത്രണ പദ്ധതിയുടെ ഭാഗമാണെന്നും പറയുന്നു. ഈ വൈരുദ്ധ്യങ്ങളെ സൃഷ്ടിക്കുന്ന നിയമവും മനുഷ്യഭാഷകളിൽ പൊതുവേ കാണപ്പെടുന്ന നിയമവും ആധുനിക ഭാഷാശാസ്ത്രം സഗൗരവം പഠിക്കുന്നുണ്ട്.

പ്രപഞ്ചനിയമത്തിന്റെ പാഠത്തിന്റെയത്ര തന്നെ ഊന്നൽ ഭാഷാനിയമ പഠനങ്ങൾക്കും നൽകുമ്പോൾ, അത് പ്രപഞ്ചസൃഷ്ടിയുടെ മൂലകാരണങ്ങളിലേയ്ക്ക് നമ്മെ നയിക്കുന്നതാണ്. ●

ലേഖനം

മഹ്മൂദ് ബിൻ മുഹമ്മദ്

# ആഗോള മുസ്‌ലിം ദുരവസ്ഥ

**ഭൗതികക്ഷേമത്തിലും വിദ്യാഭ്യാസ കാര്യത്തിലും മുസ്‌ലിംകളുടെ പിന്നോക്കാവസ്ഥയെപ്പറ്റി 'ദി ഹിന്ദു' (2008 ഡിസംബർ 21) പത്രത്തിൽ വന്ന ലേഖനം).**

ഇന്റർനെറ്റിൽ 'ശക്തരും അശക്തരും' എന്ന തലക്കെട്ടിൽ വളരെ രസകരമായ ഒരു ചർച്ച നടക്കുകയാണ്. ചോദ്യമിതാണ്. എന്തുകൊണ്ട് 14 ദശലക്ഷം മാത്രം വരുന്ന ജൂതന്മാർ ശക്തരായും 140 ദശലക്ഷം വരുന്ന മുസ്‌ലിംകൾ ശക്തിഹീനരുമായിരിക്കുന്നത്? ഡോ. ഫാറൂക്ക് സലീമിന്റെ ഉത്തരം ഒന്നു മാത്രമാണ്, 'വിദ്യാഭ്യാസം'. അദ്ദേഹത്തിന്റെ ഉത്തരത്തിന് ചില കടുത്ത യാഥാർത്ഥ്യങ്ങളുടെ പിന്തുണയുണ്ട്.

കഴിഞ്ഞ 105 വർഷങ്ങൾക്കിടയിൽ ജൂതന്മാർ 180 നോബൽ സമ്മാനങ്ങൾ വാരിക്കൂട്ടി. അതേസമയം മുസ്‌ലിംകൾക്ക് ലഭിച്ചത് 3 നോബൽ സമ്മാനങ്ങൾ മാത്രമാണ് (ശാസ്ത്രവിഷയങ്ങൾക്ക്). എക്കാലത്തേയും ഏറ്റവും വലിയ സ്വാധീനമുള്ള ശാസ്ത്രജ്ഞനായി അറിയപ്പെടുന്ന ആൽബർട്ട് ഐൻസ്റ്റീൻ, നൂറ്റാണ്ടിന്റെ വ്യക്തിയും, മനഃശാസ്ത്രത്തിന്റെ പിതാവുമായി അറിയപ്പെടുന്ന സ്റ്റിഗ്മണ്ട് ഫ്രോയ്ഡ് എന്നിവർ ജൂതന്മാരായിരുന്നു. അതുപോലെ 250 മുതൽ 300 വരെ ഐ. ക്യു.വു (ബുദ്ധിശേഷിയുടെ അളവ്)മായി ജീവിച്ച കാറൽ മാർക്സ്, മെഡലിൻ ആൾ ബർട്ട്, നോം ചോസ്കി, വില്ല്യം ജെയിംസ് സിബിഡ് എന്നീ മനുഷ്യപ്രതിഭകൾ ജൂതന്മാരായിരുന്നു.

ലോകത്തിൽ ഏറ്റവും ഉദാരമായി സംഭാവന ചെയ്ത മനുഷ്യസ്നേഹി ജോർജ് സോറോസ് ആണ്. 400 കോടി ഡോളറാണ് അദ്ദേഹം സംഭാവന ചെയ്തത്. അതെല്ലാം ശാസ്ത്രപഠനത്തിനായി ലോകത്തിലെങ്ങുമുള്ള യൂണിവേഴ്സിറ്റികൾ പങ്കിട്ടെടുത്തു. ഈ ഗണത്തിൽപ്പെട്ട രണ്ടാമത്തെ ജൂതൻ വാൾട്ടർ ആഡംബെർഗ് ആണ്. അദ്ദേഹം 200 കോടി ഡോളർ സംഭാവന നല്കി ലോകത്ത് 100 ലൈബ്രറികൾ സ്ഥാപിച്ചു. മാധ്യമലോകത്ത് വോൾഫ് ബ്ളിറ്റ്സർ (CNN) ബാർബറാ വാൾട്ടർ (ABC News) യൂജിൻ മേയർ (വാഷിംഗ്ടൺ പോസ്റ്റ്) ഗറൻവാൾഡ് (ടൈം ചീഫ് എഡിറ്റർ) കാതറിൻ ഗ്രഹാം (വാഷിംഗ്ടൺ പോസ്റ്റ് പബ്ലിഷർ) ജോസഫ് ലില്ലിയെൻസ് (ന്യൂയോർക്ക് ടൈംസ് മുൻ എഡിറ്റർ) എല്ലാം ജൂതന്മാരാണ്. ലോകത്ത് അഞ്ചു മനുഷ്യരിൽ ഒരാൾ മുസ്‌ലിമാണ്. അതായത് ഓരോ ഹിന്ദുവിന്നും പകരം രണ്ട് മുസ്‌ലിംകളുണ്ട്. ഓരോ ജൂതനും നൂറ് മുസ്‌ലിംകളുമുണ്ട് എന്ന കാര്യം നാം ഓർക്കണം.

### ദുരവസ്ഥക്ക് കാരണം

UNDP (യൂണൈറ്റഡ് നേഷൻസ് ഡവലപ്പിംങ്ങ് പ്രോഗ്രാം) ക്രിസ്തീയലോകത്തെ സാക്ഷരത 90 ശതമാനമാണ്. 15 ക്രിസ്ത്യൻ രാഷ്ട്രങ്ങൾ നൂറ്ശതമാനം സാക്ഷരത നേടിയവരാണ്. ഇതിനുപകരമായി മുസ്‌ലിം ലോകത്തെ സാക്ഷരത 40 ശതമാനം മാത്രമാണ്. നൂറ് ശതമാനം സാക്ഷരത നേടിയ ഒരൊറ്റ മുസ്‌ലിം രാജ്യവുമില്ല. ക്രിസ്തീയലോകത്ത് സാക്ഷരത നേടിയവരിൽ 98 ശതമാനവും പ്രൈമറി സ്കൂൾ വിദ്യാഭ്യാസം നേടിയവരാണ്. എന്നാൽ മുസ്‌ലിം ലോകത്തെ സാക്ഷരരിൽ 50 ശതമാനം മാത്രമാണ് പ്രൈമറി സ്കൂൾ വിദ്യാഭ്യാസം നേടിയവർ. ക്രിസ്തീയ ലോകത്ത് 40 ശതമാനം ആളുകളും യൂണിവേഴ്സിറ്റി വിദ്യാഭ്യാസം ലഭിച്ചവരായിരിക്കെ മുസ്‌ലിം ലോകത്ത് 2 ശതമാനം മാത്രമാണ് പ്രസ്തുത വിദ്യാഭ്യാസം ലഭിച്ചവർ.

മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ ഒരു ദശലക്ഷം ആളുകൾക്ക് 230 വീതം ശാസ്ത്രജ്ഞന്മാരാണുള്ളത്.

*(ശേഷം 28 - ൽ )*

ലേഖനം

ജോഷ്വാ ന്യൂട്ടൺ

# അഞ്ചാം ഖലീഫയുടെ ആത്മീയയാത്ര

## ഖലീഫത്തുൽ മസീഹ് മിർസാ മസ്‌റൂർ അഹ്‌മദി (അയ്യദഹു...)ന്റെ കേരള സന്ദർശനം കഴിഞ്ഞ് 2008 ഡിസംബർ 17ന് INDIAN EXPRESSൽ വന്ന അഭിമുഖം

**ആ**ഗോള അഹ്‌മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ 'പോപ്പ്' ആവുന്നതിനുമുമ്പേ ഘാനയിൽ അദ്ദേഹം ഗോതമ്പ് വിളയിക്കുകയും, സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപകനായി, വിദ്യാർത്ഥികളെ പഠിപ്പിക്കുകയുമായിരുന്നു. 'മതനിന്ദ'യുടെ പേരിൽ പാകിസ്താനിൽ അദ്ദേഹത്തെ അറസ്റ്റു ചെയ്തിട്ടുണ്ട്. സംഭവബഹുലമായ തന്റെ പ്രയാണത്തിനൊടുവിൽ ആഗോള അഹ്മദിയ്യാ സമൂഹത്തിന്റെ അത്യുന്നതവും മഹത്വമാർന്നതുമായ പരമോന്നത പദവിയിൽ അദ്ദേഹം എത്തിച്ചേരുകയാണുണ്ടായത്.

സുവർണ്ണ ഗോതമ്പ് വിളയിക്കുന്ന പാടങ്ങളിൽ ഖലീഫ തന്റെ സുരഭിലമായ പുതിയ സ്വപ്നങ്ങളുടെ വിത്തുവിതക്കുകയാണ്. മിക്ക ആളുകൾക്കും അഹ്മദികൾ ആരാണെന്നറിയില്ല. യഹൂദർ മിശിഹായിൽ വിശ്വസിക്കുന്നതുപോലെ, ക്രിസ്ത്യാനികൾ ക്രിസ്തുവിൽ വിശ്വസിക്കുന്നത് പോലെ ഹിന്ദുക്കൾ കൃഷ്ണനിൽ വിശ്വസിക്കുന്നതുപോലെ അഹ്‌മദികൾ പത്തൊമ്പതാം നൂറ്റാണ്ടിനൊടുവിൽ വന്ന വിവാദനായകനും വർണ്ണശബളിമയാർന്ന ഇന്ത്യൻ മതപുരുഷനുമായ മിർസാ ഗുലാം അഹ്‌മദിനെ മഹ്ദിയും മസീഹുമാണെന്ന് വിശ്വസിക്കുന്നു. അദ്ദേഹമാണ് മുഹമ്മദ് നബിയുടെ യഥാർത്ഥ പ്രതിപുരുഷൻ എന്നാണ് അഹ്‌മദികളുടെ വിശ്വാസം.

മിക്ക മതസ്ഥരും വീണ്ടും വരുമെന്ന് പ്രതീക്ഷിക്കുന്ന മസീഹാണ് തങ്ങളുടെ മസീഹെന്ന് അഹ്‌മദികൾ പറയുന്നു.

മിർസാ മസ്‌റൂർ അഹ്‌മദ് വാഗ്ദത്ത മസീഹിന്റെ മൂന്നാം തലമുറയിലെ സന്താനമാണ്. നീളമുള്ള കുർത്തയും മുകളിൽ എഴുന്നുനിൽക്കുന്ന തലപ്പാവും ധരിച്ച് താജ് മലബാർ ഹോട്ടലിലെ (എറണാകുളം) താമസമുറിയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം ആഗതരാവുന്നതിന് മുമ്പായി രണ്ട് സേവകന്മാർ വന്ന് അദ്ദേഹത്തിന്റെ ഇരിപ്പിടം രണ്ട് ക്യാമറകൾക്കഭിമുഖമായി ശരിയായ ആംഗിളിൽ വെക്കുകയുണ്ടായി. മാധ്യമങ്ങൾക്ക് കൊടുക്കുന്ന അഭിമുഖങ്ങൾ പോലും റിക്കാർഡ് ചെയ്ത് പിന്നീട് ആവശ്യമുള്ള ഭാഗങ്ങൾ മുസ്‌ലിം ടെലിവിഷൻ അഹ്‌മദിയ്യായിലും (എം.ടി.എ.) സംപ്രേഷണം ചെയ്യപ്പെടുന്നു. എം.ടി.എ. കഴിഞ്ഞ പതിനാറ് വർഷമായി യാതൊരു വാണിജ്യ താല്പര്യങ്ങളും പരസ്യങ്ങളുമില്ലാതെ നടന്നുവരുന്ന ഒരു ടി.വി. ചാനലാണ്.

എല്ലാവർഷവും ആയിരക്കണക്കിന് അഹ്‌മദികൾ ഈ മനുഷ്യനുമായി അഭിമുഖദർശനത്തിന് ലണ്ടനിലെത്തുന്നു. 'എല്ലാ മതങ്ങളും ഒരു പ്രവാചകൻ വരുമെന്ന് പ്രവചിച്ചിട്ടുണ്ട്.' മസ്‌റൂർ അഹ്‌മദ് പറഞ്ഞു. 'പ്രവചിക്കപ്പെട്ട ആ പ്രവാചകൻ വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്‌മദ് ആണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.'

1950ൽ പാകിസ്താനിൽ ജനിച്ച മിർസാ മസ്‌റൂർ അഹ്‌മദ് ഓരോ വർഷവും മുടങ്ങാതെ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തുകളിൽ ആഗോള പര്യടനം നടത്തുന്നു. ലണ്ടനിലെ ഫസൽ മോസ്കിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. ആഗോളവ്യാപകമായി സംശയങ്ങളുടേയും ഇസ്‌ലാമിനെതിരെയുള്ള ശത്രുതയുടേയും ഒരു കാലഘട്ടത്തിലാണ് അഹ് മദിയ്യാ ജമാഅത്തിനെ നയിക്കേണ്ട നിയോഗം തന്നിൽ അർപ്പിതമായതെന്ന് അദ്ദേഹം പറഞ്ഞു. 'ജിഹാദ്' എന്ന പദത്തിന് ഇപ്പോൾ നൽകിയിരിക്കുന്ന അർ ത്ഥത്തെ

ഖണ്ഡിച്ചുകൊണ്ട് അഹ്മദികൾ അതിനെ പുനർവ്യാഖ്യാനിക്കുകയാണ്. 'ദൈവത്തിന്റെ അഭീഷ്ടത്തിനായി ആത്മാവിലെ കളങ്കങ്ങൾക്കെതിരെയുള്ള പോരാട്ടം' എന്നാണ് ആ പുനർവ്യാഖ്യാനമെന്ന് അദ്ദേ ഹം പറഞ്ഞു. എല്ലാ അക്രമങ്ങളേയും കഴിയുന്നത്ര ശക്തമായി അഹ്മദികൾ അപലപിക്കുന്നു. അഹ്മദികൾ, ജീവിക്കുന്ന രാജ്യത്തോടു അങ്ങേയറ്റം കൂറ് പുലർത്തുകയും ചെയ്യുന്നു. തീവ്രവാദപരമായ പരിഹാരം നിർദ്ദേശിക്കുന്നവർ നയിക്കുന്ന ഇസ്‌ലാമിനെ ലോകത്തിന് മനസ്സിലാക്കാൻ പ്രയാസമാണ്. സമാധാനവാദികളുടെ ഇത്തരം ശബ്ദങ്ങൾ വേഗത്തിൽ ആശ്വാസം പ്രദാനം ചെയ്യുന്നു. ഈ അർത്ഥത്തിൽ അഹ്മദികൾ ലോകത്തെല്ലായിടത്തും സ്വാഗതം ചെയ്യപ്പെടുന്നു. ഇസ്‌ലാമിലേക്ക് ശാന്തമായി പ്രവേശിക്കാനുള്ള ഒരു കവാടമാണ് അഹ്മദിയ്യത്ത്. അവിടെനിന്നും ഇസ്‌ലാമിന്റെ യഥാർത്ഥ ആശയം നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

***എന്തുകൊണ്ടാണ് ഗുലാം അഹ്മദ് അഹ്മദിയ്യാ പ്രസ്ഥാനം ആരംഭിച്ചത്?***

= ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകന്റെ ഒരു പ്രവചനത്തിന്റെ സാക്ഷാത്കാരമാണ് അഹ്മദിയ്യാ പ്രസ്ഥാനം. പ്രവചനം പറയുന്നത് അവസാനകാലത്ത് മുഹമ്മദ് നബി(സ)യുടെ ഒരു യഥാർത്ഥ അനുയായി ലോകത്ത് പ്രത്യക്ഷപ്പെടും എന്നാണ്. അദ്ദേഹമായിരിക്കും മഹ്ദിയും, മസീഹും, കാലത്തിന്റെ പരിഷ്കർത്താവും. ഇസ്‌ലാമിന്റെ യഥാർത്ഥ ചൈതന്യം കൈക്കൊള്ളാൻ അദ്ദേഹം മുസ്‌ലിംകളോട് അഭ്യർത്ഥിച്ചു. ആ വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്ക്കർത്താവ് മിർസാ ഗുലാം അഹ്മദാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

***എന്തുകൊണ്ടാണ് നിങ്ങൾ അദ്ദേഹത്തെ എല്ലാ മതങ്ങൾക്കുമുള്ള പ്രവാചകനായി അംഗീകരിക്കുന്നത്?***

= വിശുദ്ധ ഖുർആനിൽ അതിന് മുമ്പ് വന്നിട്ടുള്ള എല്ലാ പ്രവാചകന്മാരുടേയും അദ്ധ്യാപനങ്ങൾ സമാഹരിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാം മാത്രമാണ് അതിന്റെ അനുയായികളോട് എല്ലാ ദേശീയ ജനവിഭാഗങ്ങളിലും വന്ന പ്രവാചകന്മാരിൽ വിശ്വസിക്കാൻ പറയുന്നത്. അവസാനകാലം ഏതെങ്കിലും ഒരു മസീഹ് വരികയാണെങ്കിൽ അത് ഇസ്‌ലാമിൽ നിന്നായിരിക്കണം. അതുകൊണ്ട് ഗുലാം അഹ്മദ് എല്ലാവർക്കുമുള്ള മസീഹാണ്.

***ഘാന, മാലി, ഐവറികോസ്റ്റ്, മുതലായ രാജ്യങ്ങളിലെ അഹ്മദിയ്യത്തിന്റെ പുരോഗതി വിവരിക്കാമോ?***

= അഹ്മദിയ്യത്തിന് ഈ രാജ്യങ്ങളിൽ പുരോഗതിയുണ്ടാവാൻ കാരണം നാം മൂന്നാം ലോകം എന്ന് വിളിക്കുന്ന ഈ രാജ്യങ്ങളിലെ ജനങ്ങൾ ഭൗതികാർത്തി കുറഞ്ഞവരും കൂടുതൽ മതാഭിമുഖ്യമുള്ളവരുമായത് കൊണ്ടാണ് എന്നതാണ്. അവർ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവനുമായി ബന്ധം പുലർത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എല്ലാ ആഫ്രിക്കൻ രാജ്യങ്ങളിലും ഇത്തരത്തിലുള്ള പ്രതികരണമില്ല. പക്ഷേ, അവിടങ്ങളിലെല്ലാം ഞങ്ങൾ വളരുകയാണ്.

***നിങ്ങളുടെ വളർച്ചയിൽ അവർക്ക് പരിഭ്രമമുണ്ടോ?***

= അതെ, ഒരു സമൂഹമെന്ന നിലക്ക് ഞങ്ങൾ വളരുകയാണ്. ഇതിൽ അവർക്ക് പരിഭ്രമമുണ്ട്. എല്ലാവരുടെയും നന്മക്കായി ഞങ്ങൾ അവരുടെ 'ജിഹാദ്' എന്ന സങ്കല്പത്തെ അട്ടിമറിക്കുകയാണ്.

***നിങ്ങൾ യേശു, കൃഷ്ണൻ, രാമൻ ഇവരെ പ്രവാചകന്മാരായി കരുതുന്നുണ്ടോ? പല തലങ്ങളിലും പരസ്പര വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഇവരുടെ അദ്ധ്യാപനങ്ങളെ എങ്ങനെയാണ് നിങ്ങൾ ഒന്നായിക്കാണുന്നത്?***

= മതാദ്ധ്യാപനങ്ങളുടെ അകക്കാമ്പിലേക്ക് നിങ്ങൾ പ്രവേശിക്കുകയാണെങ്കിൽ അവയെല്ലാം ഒരൊറ്റ അദ്ധ്യാപനങ്ങളാണെന്ന് കാണാം. അതായത് ദൈവവുമായി നിങ്ങൾ കൂടുതൽ അടുക്കുക, നിങ്ങളുടെ സഹചരന്മാരോടുള്ള യഥാർത്ഥ കടമകൾ നിർവ്വഹിക്കുക എന്നാണ് ഈ അദ്ധ്യാപനങ്ങളുടെയെല്ലാം സാരം. വിശുദ്ധ ഖുർആനിൽ ഇതെല്ലാം ഉള്ളടങ്ങിയിട്ടുണ്ട്. ഇതെല്ലാം തന്നെ സത്യമായ അദ്ധ്യാപനങ്ങളാണെന്ന് തിരിച്ചറിയുന്ന ആളുകൾ ഞങ്ങളെ സ്വീകരിക്കുന്നു.

***എന്നിട്ടും അഹ്മദികളെ എന്തുകൊണ്ട് പാകിസ്താൻ അമുസ്‌ലിംകളായി കണക്കാക്കുന്നു.?***

= നിയമപരമായി ഞങ്ങൾ പാകിസ്താനിൽ അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. ഏതൊരു രാജ്യത്തേയും നിയമങ്ങൾ അനുസരിക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു പ്രയാസവുമില്ല. ഞങ്ങളുടെ വ്യക്തിപരമായ മതാനുഷ്ഠാനങ്ങൾക്കെതിർ നിൽക്കുകയാണെങ്കിൽ മാത്രമേ ഞങ്ങൾക്കത് പ്രയാസകരമാവുകയുള്ളൂ. ഞങ്ങൾ വിശ്വസിക്കുന്നത് ഏതൊരു

രാജ്യത്തെ നിയമവും ഞങ്ങളുടെ വിശ്വാസത്തിന് എതിർ നിൽക്കുന്നില്ല എന്നാണ്.

**◻ *ഇങ്ങനെ ഒരു പീഡിതാവസ്ഥയിൽ എങ്ങനെയാണ് നിങ്ങളുടെ അനുയായികൾക്ക് മുസ്‌ലിംകളായിക്കൊണ്ട് ജീവിതം നയിക്കാൻ കഴിയുക?***

= പാകിസ്താനിലെ നിയമം ഞങ്ങൾക്കെതിരാണ്. ഞങ്ങൾ പീഡിതരുമാണ്. പക്ഷേ, അവിടെ നിയമം കർശനമായി നടപ്പിലാക്കപ്പെടുന്നില്ല. അത്, നടപ്പാക്കുന്ന ഉദ്യോഗസ്ഥന്മാരെ ആശ്രയിച്ചാണിരിക്കുന്നത്. അവർ ഈ നിയമങ്ങൾ നടപ്പാക്കുന്നതിൽ ഉദാസീനരാണെങ്കിൽ ഞങ്ങൾക്ക് പ്രശ്നങ്ങളൊന്നുമുണ്ടാകാറില്ല. മുൻകാലങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പീഡാനുഭവങ്ങൾ കുറവാണ്. ചില പ്രത്യേക മതപണ്ഡിതന്മാരാണ് ഞങ്ങളെ എതിർക്കുന്നത്. അവർ നിയമങ്ങൾ കർശനമാക്കണമെന്നും ഞങ്ങളെ പീഡിപ്പിക്കണമെന്നും ശഠിക്കുന്നു. തീർച്ചയായും ഞങ്ങൾക്കെതിരെയുള്ള ഭീഷണി പാകിസ്താനിൽ വളരെ സജീവമാണ്. ●

*(25-ൽ നിന്ന് തുടർച്ച)*

അമേരിക്കയിൽ ഇത് 4,000മാണ്. ജപ്പാനിലാകട്ടെ 5,000വും. മുഴുവൻ അറബ് ലോകത്തും ആകെ 35,000 ശാസ്ത്രജ്ഞന്മാർ മാത്രമാണുള്ളത്. ഒരു ദശലക്ഷം മുസ്‌ലിംകൾക്ക് 50 ടെക്നീഷ്യന്മാരാണുള്ളത്. ഇത് ക്രിസ്തീയർക്ക് 10,000മാണ്. മുസ്‌ലിം ലോകം ശാസ്ത്ര ഗവേഷണങ്ങൾക്കായി അവരുടെ ദേശീയ വരുമാനത്തിന്റെ .02 ശതമാനം മാത്രം വിനിയോഗിക്കുമ്പോൾ ക്രിസ്തീയ രാജ്യങ്ങൾ 5 ശതമാനമാണ് വിനിയോഗിക്കുന്നത്. മുസ്‌ലിം ലോകത്തിന്റെ ഉല്പാദന ക്ഷമത തീരെ കുറഞ്ഞിരിക്കാൻ കാരണമിതാണ്.

### പരമപ്രധാനം ഗവേഷണം

അല്ലാഹുവിന്റെ ഖുർആനിലെ പരമപ്രധാനമായ കല്പനകളിലൊന്ന് വിജ്ഞാനം നേടാനും ശാസ്ത്ര ചിന്ത പ്രചരിപ്പിക്കാനുമാണ്. ഭൗതിക വിജ്ഞാനം കരസ്ഥമാക്കാൻ മാത്രമല്ല, ആത്മീയജ്ഞാനം നേടാനുമുള്ള കഴിവുമായാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. ചിന്തയിലൂടെ ഉൾക്കാഴ്ച നേടിയെടുക്കുക എന്നത് ഖുർആൻ ഏറ്റവും ഗൗരവപൂർവ്വം മനുഷ്യനെ ഉണർത്തിയ ഒരു സന്ദേശമാണ്. ഒരു മനുഷ്യന്റെ നിരന്തരപ്രാർത്ഥന *'ദൈവമേ, നീ എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ'* (20:14) എന്നായിരിക്കണമെന്നാണ് ഖുർആന്റെ കല്പന. ഇന്ത്യയിൽ ഏറ്റവും വലിയ ന്യൂനപക്ഷവും മുസ്‌ലിംകളാണ്. ഇന്ത്യയാണ് ലോകത്തിലെ ഏറ്റവും കൂടുതൽ മുസ്‌ലിം ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യം. ലോക മുസ്‌ലിംകളുടെ ഒരു പരിച്ഛേദമാണ് ഇന്ത്യയിലെ മുസ്‌ലിംകൾ. ലോകമുസ്‌ലിംകളുടെ പിന്നോക്കാവസ്ഥ തന്നെയാണ് ഇന്ത്യൻ മുസ്‌ലിംകളിലും പ്രതിഫലിക്കുന്നത്. മുസ്‌ലിംകളുടെ ഈ പിന്നോക്കാവസ്ഥക്കുള്ള മുഖ്യകാരണങ്ങളിലൊന്ന് അവരുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണ്. ഇക്കാ ര്യം ദേശീയ ന്യൂനപക്ഷക്കമ്മീഷൻ അംഗീകരിച്ച യാഥാർത്ഥ്യമാണ്. മുസ്‌ലിംകളുടെ അത്യന്തം ശോചനീയമായ ഈ അവസ്ഥ ഭരണഘടന വാഗ്ദാനം ചെയ്ത അവകാശങ്ങളിൽ നിന്നും മുസ്‌ലിംകളെ തടയുകയും അടിച്ചമർത്തുകയും ചെയ്തിട്ടുണ്ട്. സച്ചാർ കമ്മീഷന്റെ നിരീക്ഷണവും ശ്രദ്ധേയമാണ്.

സ്വാതന്ത്ര്യാനന്തരം മുസ്‌ലിംകൾ, ഭൂരിപക്ഷ മതസമുദായത്തിനാൽ ഉപരോധിക്കപ്പെട്ട അവസ്ഥ എന്ന മനോഭാവമാണ് ഉണ്ടായിട്ടുള്ളത്. മുസ്‌ലിംകൾക്ക് നല്കപ്പെട്ട വാഗ്ദാനങ്ങളൊന്നും പാലിക്കാതിരിക്കുക എന്ന വീഴ്ചക്ക് എല്ലാ രാഷ്ട്രീയ പാർട്ടികളും കുറ്റക്കാരാണ്. എന്നാൽ ഇസ്‌ലാം മതം സുഖനിദ്രകൊള്ളാനുള്ള ഇടമല്ലെന്നും മത്സരാധിഷ്ഠിത സമൂഹത്തിൽ കച്ചമുറുക്കി കഴിവുകൾ തെളിയിക്കാൻ പോരാടേണ്ടവരാണെന്നുമാണ് ഇസ്‌ലാമികാദ്ധ്യാപനങ്ങൾ എന്ന് മുസ്‌ലിംകൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. നക്ഷത്രങ്ങളിലേക്ക് കുതിക്കാൻ ഒരു ശക്തിക്കും അവരെ തടയാനാവില്ല. നമ്മുടെ മുന്നിലെ മാതൃക എ.പി.ജെ. അബ്ദുൾ കലാമും അമേരിക്കയിലെ ബറാക്ക് ഹുസൈൻ ഒബാമയുമായിരിക്കണം. ●

# വിവാഹവും ഗാനാലാപനവും

ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: അവർ ഒരു വധുവിനെ അണിയിച്ചൊരുക്കി ഒരു അൻസാരിയുടെ വീട്ടിലേക്കയച്ചു. അപ്പോൾ നബി(സ) ചോദിച്ചു: "ആയിശാ, വിവാഹാവസരത്തിൽ പാട്ടുപാടുന്നതിനുള്ള സംവിധാനം നീ എന്തുകൊണ്ട് ഒരുക്കിയില്ല. അൻസാറുകൾ വിവാഹാവസരത്തിൽ പാട്ടുപാടുന്നത് ഇഷ്ടപ്പെടുന്നവരാണ്. *(ബുഖാരി)*

ലേഖനം

എച്ച്. ശംസുദ്ദീൻ കാവശ്ശേരി
ആൻഡമാൻ നിക്കോബാർ

# ഖത്തമുന്നുബുവ്വത്ത് : വ്യാകരണവും ഭാഷ്യങ്ങളും (തുടർച്ച)

**'ഖാത്തം' എന്ന വിശേഷണ പദത്തിന് ഒരു തരത്തിലുള്ള വെളിപാടുകളും ഇനി ഉണ്ടാവില്ല എന്ന് അർത്ഥം കല്പിക്കുന്നത് തികച്ചും തെറ്റാണ്.**

മഅ എന്ന പ്രയോഗം അറബിയിൽ നാല് വിധത്തിലാണുള്ളത്.

അതായത് മഅ എന്ന പദം ഒരുമിച്ചുകൂടുക എന്ന നിലക്ക് നാല് വിധത്തിൽ പ്രയോഗിക്കുന്നു.

1. മഅ്യത്തെ മക്കാനി– ഒരു സ്ഥലത്ത് ഒരുമിച്ചു കൂടുക.

2. മഅ്യത്തെ സമാനി– ഒരുകാലഘട്ടത്തിൽ ഒരുമിച്ചു കൂടുക.

3. പരസ്പര ബന്ധിതമായി ഒരുമിച്ചുകൂടുക. അതായത്, സഹോദരൻമാർ, പിതാവും മകനും.

4. സ്ഥാനത്തിലും പദവിയിലും ഒരുമിച്ചുകൂടുക.

ഇതിൽ ആദ്യം പറഞ്ഞ മൂന്നും സാധ്യമേ അല്ല. നാലാമത് പറഞ്ഞ പദവിയിലും സ്ഥാനത്തിലുമുള്ള കൂടിച്ചേരൽ മാത്രമേ സാധ്യമാവൂ.

ഖുർആനിൽ പല സ്ഥലങ്ങളിലും ഈ അർത്ഥത്തിൽ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. ഉദാ: വതവഫ്ഫനാ മഅൽ അബ്റാർ(ഞങ്ങളെ സുകൃതവാന്മാരോടൊപ്പം മരിപ്പിക്കേണമേ, അതായത് ഞങ്ങളേയും സുകൃതവാന്മാരിൽ ഉൾപ്പെടുത്തി മരിപ്പിക്കേണേമേ– (3: 194)

മുനാഫിഖത്തിൽ നിന്ന് തൗബ ചെയ്യുന്നവരെക്കുറിച്ച് പറയുന്നു: ഉലാഇക്ക മഅൽ മുഅ്മിനീൻ(4; 147)

അവർ മുഅ്മീനികളോടൊപ്പമാണ്. അതായത് മുഅ്മിനീകളിൽ പെട്ടവരാണ്

നബി(സ) യുടെ അനുധാവനത്തിലും അനുസരണത്തിലും ലഭ്യമാകുന്ന ഉന്നതമായ പദവികൾ ലഭിക്കുന്നതിനുള്ള ദുഃആയായാണ് സൂറ ഫാതിഹയിൽ

ഇഹ്ദിന സ്സ്വിറാത്ത്വൽ മുസ്തഖിം സ്വിറാത്തുല്ലദീന അൻഅംത അലയ്ഹിം (ഞങ്ങളെ നീ നേരായ മാർഗ്ഗത്തിൽ നടത്തേണമേ, നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ) എന്ന് നമ്മോട് ചൊല്ലാൻ കൽപിച്ചിട്ടുള്ളത്.

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

ഞാൻ നബി തിരുമേനി(സ)യുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ, ലോകത്തുള്ള സർവ പർവതങ്ങൾക്കും സമാനമായത്ര പുണ്യകർമ്മങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും, അല്ലാഹുവിൽ നിന്നള്ള മധുരഭാഷണത്താൽ ഞാൻ അനുഗ്രഹിക്കപ്പെടുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദിയ്യാനുബുവ്വത്തല്ലാതെ, മറ്റെല്ലാ ബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീഅത്തോടു കൂടി ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ്. പക്ഷേ, ആ നബി ഒന്നാമതായി തിരുനബിയുടെ ഉമ്മത്തി ആയിരിക്കണം.

എല്ലാ ചിന്തകൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറത്താണ് അഹ്മദി(സ) ന്റെ മഹത്വം. നോക്കൂ അദ്ദേഹത്തിന്റെ ദാസൻ കാലത്തിന്റെ മസീഹാണ്.(ദുർറെ സമീൻ)

നബി(സ)ൽ നിന്ന് പിന്തുടർച്ചാവകാശമെന്ന നിലക്കും അനുസരണം കൊണ്ടും നുബുവ്വത്ത് ലഭ്യ

മാകുമെന്ന് കുത്തുബുൽ കിത്താബ് ഹദ്റത്ത് ഇമാം റബ്ബാനി മുജദ്ദിദ് അൽഫസാനി, ശേഖ് അഹ്മദ് ഫാറൂഖി സിർഹിന്ദി(റഹ്) (വഫാത്ത് 1034 ഹിജ്രി) പറയുന്നു.

ഖത്തമുർറുസുൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ ആഗമനത്തിന് ശേഷം, തിരുനബിയുടെ അനുയായികൾക്ക് അവിടുത്തെ അനുസരണവും, പിന്തുടർച്ചാവകാശവും(വിറാസത്ത്) കാരണമായി കമാലാത്തെ നുബ്വ്വത്ത്(നുബുവ്വത്താകുന്ന ഉന്നത സ്ഥാനം) ലഭ്യമാവുന്നത്, തിരുമേനി(സ) യുടെ ഖാത്തമിയ്യത്തിന് എതിരല്ല. അതിനാൽ നീ സംശയ ഗ്രസ്തനാകാതിരിക്കുക.

(മക്തുബാത്ത് നമ്പർ 301, പേജ് 432 ഭാഗം ഒന്ന്)

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) തിരുമേനിക്ക് മേൽ നിന്റെ അനന്തമായ സലാമും റഹ്മത്തും വർഷിക്കേണമേ, നാഥാ, ആ പുണ്യനബിയിൽ നിന്നാണ് നാം ഈ പ്രകാശം നേടിയത്.(ദുർറെ സമീൻ)

## പ്രവാചകൻമാരുടെ മുദ്ര

ഖാത്തമുന്നബിയ്യീന്റെ മറ്റൊരർത്ഥം പ്രവാചകൻമാരുടെ മുദ്ര എന്നാണ്. വാസ്തവത്തിൽ ഇതു തന്നെയാണ് പദാനുപദ തർജമയും. ഈ അർത്ഥവും പ്രവാചകത്വം പാടെ ഇല്ലാതാക്കി എന്ന അർത്ഥം നൽകുന്നതേയില്ല. മുൻകാല ദൈവ സിദ്ധരായ പണ്ഡിതൻമാർ ഇക്കാര്യം നല്ല പോലെ മനസ്സിലാക്കിയവരായിരുന്നു.

**മുജദ്ദിദ് ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദസ് ദഹ്‌ലവി(റഹ്) മരണം (1172) എഴുതുന്നു:**

“നബി(സ) മുഖേന പ്രവാചകൻമാർ മുദ്ര വെക്കപ്പെട്ടിരിക്കുന്നു. അതായത് അല്ലാഹു ജനങ്ങളിൽ ന്യായ പ്രമാണത്തോടു കൂടി നിയോഗിച്ചിരിക്കുന്ന ഒരാളും ഇനി ഉണ്ടാകുന്നതല്ല.” (തഫ്ഹീമാത്തെ ഇലാഹിയ്യ പേജ് 53)

**ശേഖ് അബ്ദുൽ ഖാദിർ ഖുർദിസ്ഥാനി(റഹ്) പറയുന്നു:**

“നബി(സ) ഖാത്ത മുന്നബിയ്യീൻ ആണെന്നതിന്റെ താല്പര്യം തിരുമേനിക്ക് ശേഷം പുതിയ ന്യായ പ്രമാണത്തോടുകൂടിയ ഒരു പ്രവാചകനും എഴുന്നേൽപ്പിക്കപ്പെടുന്നതല്ല എന്നാകുന്നു.”

**മൗലാനാ മുഹമ്മദ് ഖാസിം നാനൂത്‌വി(റഹ്) പറയുന്നു:**

“നബി(സ)യുടെ കാലശേഷം ഒരു പ്രവാചകൻ ഉണ്ടാകുന്നതായാൽ തന്നെ തിരുമേനി(സ) ഖാത്തം ആണെന്നതിന് യാതൊരു കോട്ടവും വരുന്നതല്ല.

**ഹദ്റത്ത് ഇമാം മുല്ലാ അലിയുൽ ഖാരി(റഹ്) :**

ഹദ്റത്ത് ഉമ(റ)റും ഹദ്റത്ത് ഇബ്റാഹിമും(റ) നബിയായാൽ അത് ഖാത്തമുന്നബീയ്യീൻ എന്ന പ്രസ്താവനയ്ക്ക് വിരുദ്ധമല്ലെന്ന് പറഞ്ഞുകൊണ്ട് എഴുതുന്നു: കാരണം, ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർത്ഥം നബി(സ)ക്ക് ശേഷം, തിരുനബിയുടെ ദീനിനെ ദുർബലപ്പെടുത്തുകയും തിരുനബിയുടെ അനുഗാമി അല്ലാതിരിക്കുകയും ചെയ്യുന്ന ഒരു പ്രവാചകനും വരുന്നതല്ലെന്ന് മാത്രമാണ്.

(മൗജുആത്തെ കബീർ)

മേൽ ഉദ്ധരണികൾ വ്യക്തമായും മനസ്സിലാക്കിത്തരുന്നത് നുബുവ്വത്ത് നിലച്ചുപോയി എന്ന് ഖാത്തമുന്നബിയ്യീൻ (പ്രവാചകൻമാരുടെ മുദ്ര) എന്ന പ്രയോഗത്തിന് അർത്ഥമില്ല എന്നാണ്.

## ഹദ്റത്ത് അഹ്മദി(അ)ന്റെ നുബവ്വത്ത്

ഹദ്റത്ത് അഹ്മദി (അ) ന്റെ നുബുവ്വത്ത് ഒരിക്കലും ഖത്തമുന്നുബുവ്വത്തിന് വിരുദ്ധമേ അല്ല. ആ മഹാത്മാവ് പറയുന്നു:

നബി(സ)ക്ക് ഒരു പ്രത്യേക അന്തസ്സ് നൽകപ്പെട്ടിരിക്കുന്നു. ഈ വിവക്ഷ പ്രകാരം അവിടുന്ന് ഖാത്തമുൽ അമ്പിയാഅ് ആകുന്നു. അതായത്, നുബുവ്വത്തിന്റെ എല്ലാ പരിപൂർണതകളും തിരുനബിയിൽ സമ്പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ആ മഹാത്മാവിന് ശേഷം പുതിയ ശരീഅത്തുമായി ഒരു റസൂലും വരുന്നതല്ല. ആ മഹാത്മാവിന്റെ ഉമ്മത്തിൽപെടാത്ത ഒരു നബിയും വരുന്നതല്ല.

മറിച്ച്, ദൈവിക സംഭാഷണമാകുന്ന സകല അനുഗ്രഹവും അദ്ദേഹത്തിന്റെ അനുഗ്രഹത്താലും അവിടുന്ന് മുഖേനയുമാണ് ലഭ്യമാവുക. അത്തരം ആൾ ഉമ്മത്തി എന്നാണ് അറിയപ്പെടുക. സ്വതന്ത്ര പ്രവാചകനായിരിക്കുകയില്ല (ചശ്മയെ മഅരിഫ:)

ആ മഹാത്മജൻ- നബി(സ) ഖാത്തമുൽ അമ്പിയാഅ് ആകുന്നു. മേലിൽ ആ പുണ്യാത്മാവിൽ നിന്ന് ആത്മീയ അനുഗ്രഹങ്ങൾ ഉണ്ടാവുകയില്ല എന്നതല്ല അതുകൊണ്ടുള്ള വിവക്ഷ. മറിച്ച് അതിന്റെ അർത്ഥം, പ്രവാചകന്റെ മുദ്ര കൂടാതെ യാതൊരു ദിവ്യാനുഗ്രഹവും ആർക്കും ലഭിക്കുകയില്ല എന്നാകുന്നു. ആ ദിവ്യാത്മാവിന്റെ ഉമ്മത്തിൽ ഖിയാമത്ത് വരെയും ഒരിക്കലും ദൈവിക സംഭാഷണത്തിന്റേയും സംബോധനയുടേയും കവാടങ്ങൾ കൊട്ടിയടക്കപ്പെടുന്നില്ല. നബി തങ്ങളല്ലാതെ മറ്റാരും ഖാത്തം എന്ന സ്ഥാനത്ത് ഇല്ല. അവിടുന്ന് മാത്രമേ ആ പദവിയിലുള്ളൂ. ആ

ദിവ്യാത്മാവിന്റെ മുദ്രയോടു കൂടി നുബുവ്വത്ത് സിദ്ധിക്കുന്നതാണ്. പക്ഷേ, അയാൾ ഉമ്മത്തി ആകേണ്ടത് അനിവാര്യമാണ്.

(ഹഖീഖത്തുൽ വഹ്യ് പേജ് 27, 28)

അല്ലാഹു ജല്ലസാനഹു നബി തിരുമേനി(സ)യെ സാഹിബെ ഖാത്തം അതായത്, മുദ്രയുടമ ആക്കിയിരിക്കുന്നു. അതായത് തിരുനബിക്ക് അനുഗ്രഹ സമ്പൂർത്തിയുടെ മുദ്ര നൽകപ്പെട്ടിരിക്കുന്നു. ഇത് തീർച്ചയായും മറ്റൊരു നബിക്കും ലഭിച്ചിട്ടില്ല. ഇക്കാരണം കൊണ്ടു തന്നെ അവിടുത്തെ നാമം ഖാത്തമുന്നബിയ്യീൻ എന്നായി. അതായത് അവിടുത്തെ അനുധാവനം നുബുവ്വത്താകുന്ന അഭ്യുന്നതി നൽകുന്നു. അവിടുത്തെ ആത്മീയ ശ്രദ്ധ നബിതറാശ് (നബി ഉണ്ടാക്കാൻ കഴിയുന്നത്) ആണ്. ഈ ദിവ്യശക്തി മറ്റൊരു നബിക്കും കിട്ടിയിട്ടില്ല.

(ഹഖീഖത്തുൽ വഹ്യ് പേജ് 97 അടിക്കുറിപ്പ്)

തനിക്ക് ലഭ്യമായ നുബുവ്വത്തിനെക്കുറിച്ച് ആ മഹാത്മാവ് പറയുന്നു:

"ഞാൻ പുതിയൊരു വാദത്തിന്റേയും നാമത്തിന്റേയും അടിസ്ഥാനത്തിൽ നബിയും റസൂലും അല്ല. മുഹമ്മദീ രൂപത്തിന്റേയും മുഹമ്മദീനുബുവ്വത്തിന്റെ സമ്പൂർണ്ണ പ്രതിഫലനത്തിന്റേയും പരിപൂർണ ശിഷ്യത്വത്തിൽ ഉള്ള ദർപ്പണം എന്ന നിലക്ക് മാത്രമാണ് ഞാൻ നബിയും റസൂലും"

(നുസൂലുൽ മസീഹ് പേജ് 3)

വീണ്ടും പറയുന്നു:

"ഒരു പാട് ആളുകൾ ഞാൻ നബിയാണെന്ന വാദം കേട്ട് തെറ്റിദ്ധരിക്കുകയും മുൻകാല ഘട്ടങ്ങളിൽ നബിമാർക്ക് നേരിട്ട് നുബുവ്വത്ത് കിട്ടിയതു പോലെ എനിക്കും കിട്ടിയതാണെന്ന് ധരിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ധാരണ തെറ്റാണ്. എന്റെ വാദം അത്തരത്തിലുള്ളതല്ല. മറിച്ച്, അല്ലാഹുവിന്റെ നടപടിയും യുക്തിയും നബി(സ)യുടെ ആത്മീയാനുഗ്രഹങ്ങളുടെ സമ്പൂർത്തികരണം സ്ഥാപിക്കാൻ (എനിക്ക്) ഈ സ്ഥാനം നൽകിയനുഗ്രഹിച്ചതാണ്. അവിടുത്തെ നന്മകളുടെ അനുഗ്രഹമാണ് എന്നെ ഈ സ്ഥാനത്തേക്ക് എത്തിച്ചത്. അതുകൊണ്ട് എന്നെ നബി എന്ന് മാത്രം പറയാവതല്ല. മറിച്ച്, ഞാൻ ഒരു ഭാഗത്ത് നബിയും മറുഭാഗത്ത് ഉമ്മത്തിയും ആണ്. എന്റെ നുബുവ്വത്ത് നബി(സ)യുടെ നുബുവ്വത്തിന്റെ ശാഖയാണ്. യഥാർത്ഥ നുബുവ്വത്തല്ല.

(ഹഖീഖത്തുൽ വഹ്യ് പേജ് 150)

ഒരുഫാർസി കവിതയിൽ അദ്ദേഹം പറയുന്നു:

എനിക്ക് ഒരു ഉസ്താദിനെപ്പറ്റിയും അറിയില്ല.

ഞാൻ മുഹമ്മദി(സ) ന്റെ പൂങ്കാവനമാകുന്ന പള്ളിക്കൂടത്തിൽ നിന്നാണ് വിദ്യ അഭ്യസിച്ചത് (ദുർറെസമീൻ)

## സംഗ്രഹം

ഹദ്റത്ത് അഹ്മദ്(അ) ഉന്നയിച്ച നുബുവ്വത്ത് വാദം കേവലം ശിഷ്യപ്രവാചകനാണെന്ന് മാത്രമാണ്. അതാകട്ടെ, വിശുദ്ധ ഖുർആനോ, തിരുഹദീസുകൾക്കോ, മുൻകാല പണ്ഡിത വചനങ്ങൾക്കോ എതിരല്ല. മറിച്ച്, തികച്ചും അനുകൂലവും അനുയോജ്യവുമാണ്.

## സുവാർത്ത

ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തന്റെ ഉമ്മത്തിന്റെ ശിക്ഷണത്തിനും പരിഷ്കരണത്തിനും അവസാന കാലത്ത് ഈസാ നബിയുടെ ആഗമനത്തെക്കുറിച്ച് ദീർഘദർശനം ചെയ്തിട്ടുണ്ടായിരുന്നു. ആ ഈസാനബി, 2000 വർഷം മുമ്പ് വന്ന ഈസാ നബിയല്ലെന്നും മറിച്ച് ഈ ഉമ്മത്തിൽ നിന്ന് ആഗതനാവുന്ന വ്യക്തിയാണെന്നും ഇമാമക്കും മിൻകും, ഫ അമ്മക്കും മിൻകും എന്നീ പ്രയോഗങ്ങളിലൂടെ നബി(സ) വ്യക്തമാക്കിയതാണ്. മാത്രമല്ല, വരാനുള്ള ഈസാ നബിയുടെ രൂപവും ഭാവവും ഇസ്റായേലിലേക്ക് നിയോഗിക്കപ്പെട്ട ഈസാ നബിയിൽ നിന്ന് തികച്ചും വ്യത്യസ്തമായിട്ടാണ് തിരുനബി(സ) വ്യക്തമാക്കിത്തന്നത്.

## ലാനബിയ്യ ബഅ്ദി

വരാനുള്ള മസീഹ് നബിയായിരിക്കുമെന്നും നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. നബി(സ) പറഞ്ഞു:

ലയ്സബയ്നീ വ ബയ്നഹു നബിയ്യുൻ

വഇന്നഹു നാസിലുൻ(ത്വിബ്റാനി)

എനിക്കും വരാനുള്ള മസിഹിനുമിടയിൽ നബിമാരില്ല. അദ്ദേഹം തീർച്ചയായും ഇറങ്ങുന്നതാണ്.

മുസ്ലിമിലെ ഒരു ഹദീസിൽ നാല് തവണ വരാനുള്ള മസീഹ് നബിയാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് മുഹ്യുദ്ദീൻ ഇബ്നു അറബി (റഹ്) പറഞ്ഞത് വ ഹുവ നബിയ്യുൻ ബിലാശക്കിൻ(നിസ്സംശയം അദ്ദേഹം നബിയായിരിക്കും) എന്നാണ്(ഫുത്തുഹാത്തെ മക്കിയ). (ഭാഗം 1, പേജ് 57)

നബി(സ) ലാ നബിയ്യ ബഅദീ എന്ന് പറഞ്ഞതിന്റെ പരമാവധി കാലാവധി ഈസാനബിയുടെ ആഗമനം വരെയാണെന്ന് മേൽ ഹദീസ്

വ്യക്തമാക്കുന്നു. അതു തന്നെയാണ് ദൈവികരായ പണ്ഡിത ശ്രേഷ്ഠർ മനസ്സിലാക്കിയതും.

അതുകൊണ്ട് തന്നെയാണ് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശാസിദ്ദിഖാ(റ: അ) പറഞ്ഞത്:

ഖൂലു ഇന്നഹു ഖാത്തമുൽ അമ്പിയാഇ

വലാതഖൂലു ലാ നബിയ്യ ബഅ്ദഹൂ(ദുർറെ മൻസൂർ)

നിങ്ങൾ നബി(സ)യെ ഖാത്തമുൽ അമ്പിയാഅ് എന്ന് പറഞ്ഞുകൊള്ളുവിൻ. പക്ഷേ, തിരുനബിക്ക് ശേഷം നബി ഇല്ല എന്ന് പറയരുത്.

ഹദ്റത്ത് ഇമാം സുയൂത്വി (റഹ്) ഈ വാചകം തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിച്ചുകൊണ്ട് തന്റെ അഭിപ്രായം കൂടിയാണ് രേഖപ്പെടുത്തിയത്.

കൂടാതെ ഹദ്റത്ത് ശേഖുൽ അക്ബർ മുഹയിദ്ദിനുബ്നു അറബി (റഹ് വഫാത്ത്- 638), ഹ: മൗലാനാ ജലാലുദ്ദീൻ റൂമി(റഹ് വഫാത്ത്-672), ഹദ്റത്ത് സയ്യിദ് അബ്ദുൾ ഖാദിർ ജിലാനി (റഹ് – വഫാത്ത് – 562 ഹി.) ഹദ്റത്ത് സയ്യിദ് അബ്ദുൽ കരീം ജിലാനി (റഹ് – വഫാത്ത്-767), ഹദ്റത്ത് സയ്യിദ് അബ്ദുൽ കരീം ജീലാനി ( റഹ് – വഫാത്ത് 976 ഹി) ഇമാം മുഹമ്മദ് ത്വാഹിർ (റഹ്) 986 ഹി), നവാബ് സിദ്ദിഖ് ഹസൻഖാൻ ഭോപാലവി ( വഫാത്ത്- 1307 ഹി.) ഹ: അല്ലാമ ഇബ്നു ഖുൽദൂൻ (വഫാത്ത് 808 ഹി) ഹദ്റത്ത് ഇമാം ഫഖറുദ്ദീൻ റാസി (വഫാ ത്ത് 544 ഹി), ഹദ്റത്ത് ഇമാംബാഖിർ (റഹ്) ഹദ്റത്ത് ശേഖ് ബാലി അഫന്തി (വഫാത്ത് 960 ഹി.) തുടങ്ങി നിരവധി പണ്ഡിതാഗ്രേസരർ മനസ്സിലാക്കിയതും പഠിപ്പിച്ചതും, ഖത്തമുന്നുബുവ്വത്ത് പ്രവാചകത്വം കൊട്ടിയടക്കാനുള്ള മുദ്ര അല്ലെന്നാണ്. മറിച്ച്, പ്രസ്തുത ദൈവിക സംബോധനയെ നബി(സ)ക്ക് ലഭിച്ച ശ്രേഷ്ഠതയായിത്തന്നെയാണ് ഉൾക്കൊള്ളുന്നത്.

## 'നബി വരില്ല' എന്നത് വഴികേടിന്റെ വിശ്വാസം

നബി വരില്ലെന്ന വിശ്വാസം വഴികേടാണെന്ന് ഈ മഹാത്മാക്കളെല്ലാം മനസ്സിലാക്കിയിരിക്കുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു:

ഇതിന് മുമ്പ് യൂസുഫ് നിങ്ങളുടെ അടുക്കൽ വ്യക്തമായ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം കൊണ്ടുവന്നതിനെക്കുറിച്ച് നിങ്ങൾ സംശയത്തിലായിരുന്നു. അങ്ങനെ അദ്ദേഹം മരിച്ചപ്പോൾ നിങ്ങൾ പറഞ്ഞു: അല്ലാ ഹു അദ്ദേഹത്തിന് ശേഷം ഒരിക്കലും ഒരു പ്രവാചകനേയും അയക്കുകയില്ല. ഇങ്ങനെയാണ് അതിര് കവിഞ്ഞ് പ്രവർത്തിക്കുന്നവരേയും സംശയാലുക്കളേയും അല്ലാഹു വഴികേടിലാക്കുന്നത്. (സൂറ: യൂസുഫ്)

## ഉപസംഹാരം

ഹദ്റത്ത് ഖാത്തമുൽഅംമ്പിയാഅ് മുഹമ്മദെ മുസ്തഫാ അഹ്മദെ മുജ്തബാ(സ) അവസാന കാലത്ത് ഉണ്ടാകുമെന്ന് പറഞ്ഞ രണ്ട് ദിവ്യാനുഗ്രഹങ്ങളും അതായത് നുബ്ബുവത്തും ഖിലാഫത്തും കൃത്യസമയത്തു തന്നെ അല്ലാഹു നടപ്പിൽ വരുത്തിയിരിക്കുന്നു. ഖിലാഫത്തിന്റെ ശതാബ്ദി ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ നുബുവ്വത്തിനുള്ള അതിശക്തമായ തെളിവു കൂടിയാണ്. ആ മഹാത്മൻ ക്ഷണിക്കുന്നു.

" ഔംകേ ലോഗോ ഇധർ ആവോകെ നിക്ലാ ആഫ്ത്താബ്

വാദിയെ ജൽമത്ത് മേ ക്യാ ബൈഠേഹോതും ലൈലോനഹാർ."

"സമുദായത്തിലെ ആളുകളേ, ഇങ്ങോട്ട് വരുവിൻ, ഇതാ സൂര്യനുദിച്ചിരിക്കുന്നു. എന്തിനാണ് നി ങ്ങൾ രാപകൽ അന്ധകാരത്തിന്റെ താഴ്‌വരയിൽ കഴിച്ചുകൂട്ടുന്നത്? (ദുർറെസെമീൻ) " ●

(അവസാനിച്ചു)

---

*(22-ൽ നിന്ന് തുടർച്ച)*

കളിൽ വെച്ച് നിർവ്വഹിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളത്. (ഭക്ഷണം കഴിച്ചതിനുശേഷമുള്ള ഈ നടത്തം ഏറ്റവും ആരോഗ്യകരമാണ്) ഈ ഉപദേശം ശരീരത്തിനും ആത്മാവിനും ഒരുപോലെ ഗുണകരമാണ്.

തുടർച്ചയായ ഉറക്കമില്ലായ്മ മാനസിക അസ്വസ്ഥതകൾക്ക് കാരണമാകും. അതുകൊണ്ട് രാത്രിയിലെ പൂർണ്ണവിശ്രമവും ഉറക്കവും ഇതിന് അത്യാവശ്യമാണ്. ഉറക്കമില്ലായ്മ നമ്മുടെ മനസ്സിനെ പലവിധ ചിന്തകളാലും അലട്ടും. വുളു എടുത്തുകൊണ്ട് ഉറങ്ങാൻ കിടക്കുകയാണെങ്കിൽ അത് നമ്മുടെ ചിന്തകളെ നിയന്ത്രിക്കാൻ സഹായകമായിരിക്കും. അപ്രകാരം ഇളംചൂടുവെള്ളത്തിലെ കുളിയും ചൂടുള്ള എന്തെങ്കിലും പാനീയം കഴിക്കുന്നതും ഉറങ്ങാൻ സഹായകമായിരിക്കും.

ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളെല്ലാം പ്രകൃതിപരവും വ്യക്തമായ ആരോഗ്യനിയമങ്ങൾക്കനുസൃതവുമാണ്. ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിനെപ്പറ്റി പഠിക്കുക എന്നത് ഏറ്റവും ആഹ്ലാദകരമായ ഒരു പ്രവൃത്തിയാണ്. ●

ലേഖനം

ഏ.ക്യു. മഹ്ദി

# മഹാനഗരത്തെ നടുക്കിയ ഭീകരദിനങ്ങൾ

## മുംബൈ ഭീകരാക്രമണത്തെക്കുറിച്ച് ഒരു വിവരണം

**ഈ** മഹാനഗരത്തിന് ഉറക്കമില്ല; പാതിരാവിലും കണ്ണുമിഴിച്ച് ഉണർന്നിരിക്കുന്ന മുംബൈ നഗരം.

നവമ്പർ – 26. ഉറങ്ങാത്ത നഗരത്തിന്റെ ആ സാധാരണ രാത്രിയിൽ, ലോകത്തെ നടുക്കിയ ഭീകരത, തീവ്രവാദികളുടെ മേലങ്കിയണിഞ്ഞ് കടന്നുവരികയായിരുന്നു. അപ്പോഴതൊരു കറുത്ത രാത്രിയായി മാറി.

രാത്രി 9.21ന് ദക്ഷിണ മുംബൈയിലെ കൊളാബയിൽ ആദ്യത്തെ സ്ഫോടനം. അതിന്റെ അലർച്ച അടങ്ങും മുമ്പ്, ഛത്രപതി ശിവജി ടെർമിനസ് റെയിൽവേ സ്റ്റേഷനിൽ (സി.എസ്.റ്റി. സ്റ്റേഷൻ) കാതടപ്പിക്കുന്ന വെടിയൊച്ചകൾ. അഞ്ചു മിനിറ്റ് കൂടിയേ പിന്നിട്ടുള്ളൂ, രാത്രി 10.30ന് കൊളാബയിലെ ലിയോപോൾഡ് കഫേ റസ്റ്റാറന്റിൽ വെടിവെയ്പ്പ്. പതിനഞ്ചു മിനിറ്റിനകം വീണ്ടുമതെത്തിയത് ആദ്യസ്ഫോടനം ഭീകരാന്തരീക്ഷം വിതച്ച സി.എസ്.റ്റി സ്റ്റേഷനിൽ.

മുംബൈയിലെ ജനങ്ങളുടെ ഒരു പരിഛേദമാണ് സി.എസ്.റ്റി. സ്റ്റേഷനിലെ ജനനിബിഢത. ആ ആൾക്കൂട്ടത്തിനിടയിലേയ്ക്കാണ് തീവ്രവാദികൾ ഒരു നിയന്ത്രണവുമില്ലാതെ തലങ്ങനെയും വിലങ്ങനെയും വെടിയുണ്ടകൾ പായിച്ചത്.

ആദ്യഗഡുവായി ഈ സ്റ്റേഷനിൽമാത്രം പിടഞ്ഞു വീണു മരിച്ചത് പത്തുപേർ; നിരപരാധികളായ പത്തുപേർ. അവർ യാത്ര ചെയ്യാനെത്തിയവരോ യാത്രകഴിഞ്ഞു മടങ്ങി വന്നിറങ്ങിയവരോ ആവാം. മരിച്ചവരിൽ രണ്ടു മലയാളികളും ഉണ്ടായിരുന്നു.

11.50ന് ഡോക്ക്യാർഡ് റോഡിൽ ടാക്സി ബോംബ് പൊട്ടിത്തെറിക്കുന്നു. 12–44ന് മറൈൻ ഡ്രൈവിലെ 'ട്രൈഡന്റ്' എന്ന പഞ്ചനക്ഷത്ര ഹോട്ടലിൽ സ്ഫോടനവും വൻപിച്ച അഗ്നിബാധയും ഓരോ സ്ഫോടനത്തിലും മരണസംഖ്യ കൂടിക്കൊണ്ടിരുന്നു.

മഹാരഷ്ട്ര ഭീകരവിരുദ്ധ സേനാ തലവൻ ഹേമന്ത് കർക്കറെ ഉൾപ്പടെ മൂന്നുപോലീസ് ഉദ്യോഗസ്ഥന്മാരുടെ ജീവൻ പൊലിഞ്ഞുവീണതും ആ പരിസരത്തു വച്ചാണ്.

അർദ്ധരാത്രി 1.53. രണ്ടു കൊ ടുംഭീകരർ, അവർ കേവലം കൗമാരപ്രായത്തിലുള്ളവർ, പോലീസി ന്റെ വെടിയേറ്റ് ഗർഗാം ചൗപ്പാട്ടിയിൽ കൊല്ലപ്പെടുന്നു.

അപ്പോഴും ജനത്തിനറിവുണ്ടായിരുന്നില്ല ഇതൊരു തീവ്രവാദി ആക്രമണത്തിന്റെ അരങ്ങേറ്റമായിരുന്നുവെന്ന്. മുംബൈയിലെ അധോലോക സംഘങ്ങളുടെ കുടിപ്പക പരസ്പരം തീർക്കപ്പെടുമ്പോഴുണ്ടാക്കുന്ന ഏതോ ആക്രമണത്തിന്റെ ബാക്കിപത്രമാവാം ഇതെ ന്നു കരുതാനേ നഗരവാസികൾക്കു കഴിഞ്ഞുള്ളൂ.

വെളുപ്പിനു നാലുമണി, ഇൻഡ്യയുടെ തന്നെ അഭിമാന അതിഥിമന്ദിരമായ താജ്മഹൽ ഹോട്ടലിൽ ഏറ്റുമുട്ടലിനിടെ രണ്ടു ഭീകരന്മാർ കൊല്ലപ്പെടുന്നു. തീവ്രവാദികളെന്നു സംശയിക്കുന്ന നൂറുഭീകരർ വലയിൽ കുടുങ്ങുകയും ചെയ്തു. കെണിയിൽപെട്ട ആ നൂറുപേരെ അത്ര പെട്ടെന്ന് കീഴ്പ്പെടുത്താനാവുമായിരുന്നില്ല. ജീവനോടെ പിടികൂടാനും, അവർ സർവ്വായുധ സജ്ജരായിരുന്നു. അവർക്കു പുറമെ ഇനിയുമുണ്ടാവാം താജിനുള്ളിൽ ഭീകരന്മാർ എന്നായിരുന്നു പുറത്തുള്ള

വർ വിശ്വസിച്ചത്. ഒക്കെും ആയുധധാരികളും ആവാം. അവരെത്ര പേർ? എവിടെ നിന്നു വന്നവർ? ആർക്കും ഒന്നും അറിയില്ല. പോലീസ് സേനയ്ക്കു പോലും പുറത്തുനിന്നുകൊണ്ട് ഇരുട്ടിൽ തപ്പാനേ കഴിഞ്ഞുള്ളൂ.

നമ്മുടെ ഇന്റലിജൻസ് സംവിധാനത്തിന്റെ അനാസ്ഥകരമായ പാളിച്ച ഇവിടെ തിരശ്ശീലയുയർ ത്തു.

അവിടെ, ഹോട്ടൽ താജിൽ, പിന്നീടു നടന്നത് ഭീകരന്മാരുടെ തേർവാഴ്ചയായിരുന്നു. താണ്ഡവനൃത്തമായിരുന്നു. തലങ്ങനെയും വിലങ്ങനെയും വെടിയുതിർത്തുകൊണ്ട്, യന്ത്രത്തോക്കുകളുമായി തീവ്രവാദികൾ, ഒരു നൂറ്റാണ്ടിലേറെ പഴക്കവും പാരമ്പര്യവുമുള്ള ആ നക്ഷത്രഹോട്ടലിലെ മുറികളിലും ഇടനാഴികളിലും ഭ്രാന്തെടുത്തു പാഞ്ഞുനടന്നു. കണ്ണിൽ കണ്ട അന്തേവാസികളെയൊക്കെ അവർ വെടിവച്ചുവീഴ്ത്തി. വിദേശികളായിരുന്നു അവരുടെ മുഖ്യലക്ഷ്യം; അമേരിക്ക - ബ്രിട്ടീഷ് പൗരന്മാർ.

ഹോട്ടലിലെ നിരവധി പേരെ ഭീകരർ ബന്ധികളാക്കി. പുലർച്ചെ 5 മണി. അടുത്തുള്ള ട്രൈഡന്റ് ഹോട്ടലിൽ അപ്പോഴും വെടിയൊച്ച മുഴങ്ങിക്കേട്ടുകൊണ്ടിരുന്നു.

മറ്റൊരു പഞ്ചനക്ഷത്രഹോട്ടലായ ഒബ്റോയിയിലും സമാനമായ ഭീകരതകൾ അരങ്ങേറി. ഭീകരരുടെ മറ്റൊരു സംഘം ലക്ഷ്യമിട്ടത്, ജൂതന്മാർ പാർക്കുന്ന നരിമാൻ ഹൗസ്സായിരുന്നു. മൂന്നുദിവസം നീണ്ടുനിന്ന ഈ ദുരന്തനാടകങ്ങളിലൂടെ പൊലിഞ്ഞുവീണത്, ഒട്ടാ കെ 200 പേരുടെ വിലപ്പെട്ട ജീവനുകളാണ്. 400-ലധികം പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

ഈ മഹാനഗരം ഒരു അപ്രഖ്യാപിതയുദ്ധത്തിന് സാക്ഷിയാവുകയായിരുന്നു. നമ്മുടെ കൺമുന്നിൽ, രാഷ്ട്രത്തിനു മുന്നിൽ, ലോ കമാധ്യമങ്ങൾക്കു മുന്നിൽ, അരങ്ങേറിയ ഒരു ഭീകരയുദ്ധത്തിന്.

ഇത് പരമ്പരാഗതശൈലിയിൽ ഉള്ള ഒന്നായിരുന്നില്ല. രണ്ടു രാജ്യങ്ങളിലെ പട്ടാളക്കാർ സ്വന്തം പ്രദേശത്ത് നിലയുറപ്പിച്ചുകൊണ്ടുള്ള യുദ്ധമല്ല. ഇവിടെ സൈനികരില്ല. ടാങ്കുകളില്ല, കവചിതവാഹനങ്ങളില്ല, അകമ്പടി സേവിക്കാൻ വ്യോമസേനയുമില്ല. പകരമോ? ചാവേറുകളായ കുറേ ഭീകരന്മാർ, ഒരു കോ ടിയിലധികം ജനസാന്ദ്രതയുള്ള നഗരത്തിൽ അനായാസം കടന്ന്, ഒരു തരത്തിലും പ്രതിരോധിക്കാൻ കഴിവില്ലാത്ത നിരപരാധികൾക്കെതിരെ യുദ്ധം ചെയ്യുകയായിരുന്നു. ശരിക്കും ഇത് ക്രൂരവും, അന്തസ്സാരശൂന്യവുമായ ഒരു ചാവേർ യുദ്ധമായിരുന്നു. ഇത്തരം വെല്ലുവിളികൾ നേരിടാൻ പോലീസിനോ പട്ടാളത്തിനോ വേണ്ടത്ര സന്നാഹങ്ങളുണ്ടായിരുന്നില്ല. അവർ അസ്ത്രപ്രജ്ഞരായിപ്പോയി. സ്ഫോടകവസ്തുക്കൾ കുത്തിനിറച്ച ചുമൽസഞ്ചിയുമേന്തി, കൈയ്യും വീശി, നക്ഷത്രഹോട്ടലുകളിൽ അനായാസം കടന്നുചെന്ന് അന്തേവാസികളെ കൊല്ലുകയും ബന്ദികളാക്കുകയും ചെയ്യുകയായിരുന്നു, കൈ വിരലിലെണ്ണാവുന്നത്ര മാത്രമുള്ള ഭീകരർ.

നാമൊരു കിരാതസമൂഹത്തിലാണോ ജീവിക്കുന്നതെന്നു സ്വയം ചോദിക്കേണ്ട അവസ്ഥ. നമുക്കു ഗവൺമെന്റും, അധികാരികളും, പോലീസും, പട്ടാളവുമൊന്നും ഇല്ലേ എന്നു ചിന്തിക്കേണ്ട സാഹചര്യം.

കഴിഞ്ഞ കുറേ വർഷങ്ങളായി സ്ഫോടനങ്ങളുടെ സംഭീതി, ജീവിതത്തിലെ ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞ നഗരവാസിക്ക്, ഓരോ മരണത്തെപ്പറ്റി കേൾക്കുമ്പോഴും ടോൾസ്റ്റോയിയുടെ കഥാപാത്രത്തെപോലെ, അത് താനല്ലയോ എന്നു വിശ്വസിക്കാൻ മാത്രമേ കഴിയൂ. ഇൻഡ്യയിൽ ഈ സ്ഫോടനാത്മകമായ അന്തരീക്ഷത്തിനു തുടക്കം കുറിക്കപ്പെട്ടത് എൺപതുകളുടെ അവസാനത്തിലാണെന്ന് ചരിത്രവിദ്യാർത്ഥികൾ പഠിക്കും. ഈ ഭീകരാക്രമണ പരമ്പരകളിലൂടെ എത്രപേർ ഒടുങ്ങിയെന്ന് അവർ കണക്കെടുക്കുകയും ചെ യ്തേക്കാം.

ഇവിടെയൊരു കാര്യം ശ്രദ്ധാർ ഹമാണ്. ഈ യുദ്ധത്തിന്റെ സ്വഭാവം നോക്കുക. ഭീകരരുടെ പോ രാട്ടശേഷിയും ഇസ്ലാമിക വിരുദ്ധരായ അമേരിക്കയോടും ബ്രിട്ടനോടും, ഒപ്പം ജൂതസമൂഹത്തോടുമുള്ള ഒടുങ്ങാത്ത പക തീർക്കലും, തീവ്രവാദികളുടെ തന്ത്രം ലോകത്തിനു മുമ്പിൽ പ്രകടിപ്പിച്ചുകാട്ടാനും, ഇൻഡ്യക്കാരായ നമ്മെ ഗിനിപ്പന്നികളാക്കുകയായിരുന്നു അവർ. പരീക്ഷണ മൃഗങ്ങളെപ്പോലെ. അമേരിക്കക്കാർ ഈ ദുരന്തനാടകം ടി.വി.യിൽ കണ്ടിരിക്കും. വീർപ്പുമടക്കിയിരുനിന്ന് അവർ 2001-ൽ, ഇതിനെക്കാൾ പതിന്മടങ്ങ് സംഹാരശേഷിയോടെ ഭീകരർ നടത്തിയ ശക്തമായ ഒരാഘാതത്തിന്റെ സ്ഫോടനശബ്ദവും പൊടിയും പുകയും, ട്വിൻടവർ തകർക്കപ്പെട്ടപ്പോൾ കേൾക്കുകയും കാണുകയും ചെ യ്തതാണ്.

ഇവിടെയോ, നാം ഇൻഡ്യക്കാർ - അഫ്ഗാനിസ്ഥാനിലും ഇറാക്കിലും അമേരിക്ക നടത്തിയ നീതികരിക്കാനാവാത്ത അതിക്രമങ്ങൾക്ക് കനത്ത വില നൽകുകയായിരുന്നു, പോർക്കളത്തിലല്ലാത്ത രക്തസാക്ഷികളെ നൽകിക്കൊണ്ട്.

ലോകത്തെ ഏറ്റവും വലിയ ശക്തിയെന്നു വിളി

ക്കപ്പെടുന്ന അമേരിക്കപോലും ഭീകരാക്രമണങ്ങൾ നേരിടുന്നുണ്ട്. പക്ഷേ, അവയൊന്നും ഇത്ര അസംബന്ധമായ തരത്തിലുള്ളതല്ല. ബോംബുകൾ എത്രയെണ്ണം പൊട്ടിയിട്ടും ഇൻഡ്യയിൽ രാഷ്ട്രീയക്കാർ ഒരു പാഠവും പഠിച്ചിട്ടില്ല, പഠിക്കുവാൻ അവർക്കു താല്പര്യവുമില്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, നമ്മുടെ ചില രാഷ്ട്രീയക്കാരെക്കാൾ എത്രയോ ഭേദമാണീ ഭീകരർ. അവർക്കു സ്വന്തം ലക്ഷ്യത്തോടു കൂറും, ആത്മാർത്ഥതയും, സത്യസന്ധതയും ഉണ്ട്. ഭീകരർ ഏതായാലും അഴിമതിക്കാരല്ല. ലക്ഷ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കാനും അവർ തയ്യാറാണ്.

പക്ഷേ, ശരിക്കും ഈ ഭീകരർപോലും സ്വയം ബലിയാടാക്കപ്പെടുകയാണെന്നതല്ലേ യാഥാർത്ഥ്യം?

എങ്ങനെയാണ് ഈ ചാവേർ സംഘാംഗങ്ങളെ ഭീകരസംവിധാനങ്ങൾ സംഘടിപ്പിക്കുന്നത്; നയിക്കുന്നത്?

വിവേകത്തിന്റേയോ മനുഷ്യത്വത്തിന്റേയോ നേർത്ത ഒരംശം പോലും ബാക്കിവയ്ക്കാത്ത രീതിയിൽ മസ്തിഷ്ക പ്രക്ഷാളനം നടത്തി, അവിടെ വിദ്വേഷത്തിന്റെ കൊടുംവിഷം കുത്തിവച്ച്, ക്രൂരതയുടെ ആൾരൂപമാക്കി വാർത്തെടുക്കുകയാണ് ഓരോ ചാവേർ രൂപത്തിലുള്ള തീവ്രവാദിയേയും. ഒപ്പം, മരണപ്പെട്ടാൽ ഭീമമായ ഒരു തുക കുടുംബത്തിനു നൽകിക്കൊള്ളാമെന്ന വാഗ്ദാനവും. ബോംബെ സ്ഫോടനങ്ങൾ നടത്തിയ ഭീകരരിൽ നിന്ന് ജീവനോടെ പിടിയിലായ ഏക ചാവേറായ മുഹമ്മദ് അജ്മൽ ആമിർ ഇമാൻ എന്ന കൗമാരപ്രായക്കാരനിൽ നിന്നും പോലീസിനു കിട്ടിയ വിവരമാണിത്. പിടിയിലകപ്പെട്ടപ്പോൾ അയാൾ യാചിച്ചുവത്രെ.

'നിങ്ങളെന്നെയൊന്നു കൊന്നുതരൂ... എങ്കിൽ എന്റെ കുടുംബത്തിനെങ്കിലും ഒരു തുക ലഭിക്കും. ഇല്ലെങ്കിൽ... ഇല്ലെങ്കിൽ.... ഞാൻ ജീവനോടെയിരുന്നാൽ, 'അവർ' എന്റെ കുടുംബാംഗങ്ങളെ മുഴുവൻ വധിക്കും....'

ഇതാണ്, ചാവേർവേഷം കെ ട്ടുന്ന ഒരു ഭീകരന്റെ യഥാർത്ഥ അവസ്ഥ, അവന്റെ ഭാവി.

കാശ്മീർ ഇന്ത്യക്ക് എന്നും നീറുന്ന ഒരു പ്രശ്നമായിരുന്നു. അതിന്റെ ചരിത്രത്തിലേക്ക് നമുക്കൊന്ന് തിരിഞ്ഞുനോക്കാം. 1947-ൽ രാജാക്കന്മാർ ഭരിച്ചിരുന്ന പ്രവിശ്യകൾ ഇൻഡ്യൻ യൂണിയനിൽ ലയിക്കാൻ തീരുമാനിച്ചപ്പോൾ, മൂന്നു സ്റ്റേറ്റുകൾ - ഹൈദ്രബാദും, ജൂനഗഡും, പിന്നെ നമ്മു ടെ തിരുവിതാംകൂറും - അതിനെ എതിർത്തു. ഹൈദ്രബാദിലൂടെ ജനഗഡിലും മുസ്ലിം ഭരണാധികാരികളായിരുന്നു. തിരുവിതാംകൂർ മഹാരാജാവിന് സ്വതന്ത്രപദവിയോടെ ഭരണം നിലനിർത്താൻ ആഗ്രഹമുണ്ടായപ്പോൾ, മറ്റു രണ്ടു സ്റ്റേറ്റുകളും പാകിസ്താനിൽ ചേരാനാണാഗ്രഹിച്ചത്. എന്നാൽ ഭൂമിശാസ്ത്രപരമായി ഈ പ്രവിശ്യകളുടെ സ്ഥാനം അതിർത്തി പ്രദേശത്തുനിന്നും വിദൂരത്ത്, ഇൻഡ്യൻ യൂണിയന്റെ ഉൾഭാഗത്തായിരുന്നു. മാത്രമല്ല, ജനസംഖ്യാപരമായി ഇവ മൂന്നും ഹിന്ദുഭൂരിപക്ഷപ്രദേശങ്ങളുമായിരുന്നു. അതുകൊണ്ടുതന്നെ പാകിസ്ഥാനിൽ ലയിക്കുക തീർത്തും അസാധ്യമായിരുന്നു.

ചരിത്രത്തിന്റെ ഈ സന്ധിയിൽ, ഹരിസിംഗായിരുന്നു കശ്മീരിലെ രാജാവ്. അദ്ദേഹം ഒരു പരിധിവരെ പുരോഗമനവാദിയായിരുന്നു. തന്റെ എതിരാളിയായ ഷെയ്ക്ക് അബ്ദുള്ള, ജവഹർലാലിന്റെ ഉറ്റസുഹൃത്തായിരുന്നതിനാൽ മാത്രം, ഹരിസിംഗ് കോൺഗ്രസ്സിനെ എതിർത്തു.

കശ്മീർ ഒരു സ്വതന്ത്രനാടാകണമെന്നായിരുന്നു ഹരിസിംഗ് ആഗ്രഹിച്ചത്. ജുനഗഡിൽ നിന്നും ഹൈദ്രബാദിൽ നിന്നും വിഭിന്നമായി, കശ്മീർ ഇൻഡ്യയുമായി മാത്രമല്ല, ടിബറ്റ്, പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, എന്നീ രാജ്യങ്ങളുമായും അതിർത്തി പങ്കിടുന്നുണ്ട്. കശ്മീർ ജനതയിൽ ഭൂരിപക്ഷവും മുസ്ലിംകൾ ആയതിനാൽ കശ്മീർ പാകിസ്താനിൽ ലയിക്കണമെന്നതായിരുന്നു മുഹമ്മദലി ജിന്നയുടെ ആവശ്യം. ഹിന്ദുക്കൾക്കു ഭൂരിപക്ഷമുള്ള ജമ്മുവിനെ ഉപേക്ഷിക്കുവാനും ജിന്ന ഒരുക്കമായിരുന്നു. കശ്മീർ പാകിസ്താനിലും, ജമ്മു ഇൻഡ്യയിലും ചേരുക എന്നതായിരുന്നു, അന്ന് പാകിസ്താന്റെ രാഷ്ട്രപിതാവായിരുന്ന ജിന്നയുടെ ആവശ്യം. ഇൻഡ്യക്കു സ്വീകാര്യമല്ലാത്ത ഒന്നായിരുന്നു ഈ നിർദ്ദേശം.

ഒടുവിൽ, 1947 ഒക്ടോബർ 26-ന് രാജാ ഹരിസിംഗും നെഹ്റുവും ഒരു കരാറിൽ ഒപ്പുവച്ചു. അതനുസരിച്ച്, പ്രതിരോധം, വാർത്താവിനിമയം, കറൻസി എന്നീ വിഭാഗങ്ങൾ ഇൻഡ്യാഗവൺമെന്റിന്റെ നിയന്ത്രണത്തിലും, ആഭ്യന്തരവകുപ്പുകൾ കശ്മീർ സർക്കാരിന്റെ നിയന്ത്രണത്തിലുമായി. ഈ കരാറാണ് കശ്മീരിനെ മറ്റ് ഇൻഡ്യൻ സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്നത്. നുഴഞ്ഞുകയറ്റക്കാരിൽ നിന്ന് ഇൻഡ്യൻ സേന കശ്മീരിനെ രക്ഷിക്കയും ചെയ്തു.

കശ്മീരിനുവേണ്ടിയുള്ള ഇൻ ഡ്യയുടെ പോരാട്ടം 1947 ഒക്ടോബറിൽ തുടങ്ങിയ യുദ്ധത്തിലൂടെയാണ് ആരംഭിച്ചത്. അതു 1948 നവംബർ വരെ നീണ്ടു. രൂക്ഷ

മായ ആ യുദ്ധത്തിലൂടെ, മുമ്പ് പാക് സേന കൈയ്യട ക്കിയ കശ്മീരിലെ പ്രദേശങ്ങൾ മുഴുവൻ ഇൻഡ്യൻ സൈന്യം തിരിച്ചുപിടിച്ചു. ഇൻഡ്യയ്ക്ക് അതൊരു കടുത്ത പോരാട്ടം തന്നെയായിരുന്നു. യുദ്ധാനന്തരം കശ്മീരും ഇൻഡ്യയും തമ്മിൽ പുതിയൊരു കരാറുണ്ടാക്കി. കശ്മീരിന്റെ ഭാവി നിശ്ചയിക്കാൻ ജനങ്ങൾക്കിടയിൽ ഹിതപരിശോധന നടത്താമെന്നതായിരുനന്നു കരാറിലെ പ്രസക്ത ഭാഗം. കശ്മീർ ഇൻഡ്യയിൽ ലയിക്കണോ, പാകിസ്താനിൽ ചേരണോ, അതോ സ്വതന്ത്രരാജ്യമായി നിലനിൽക്കണോ എന്ന് അവിടത്തെ ജനങ്ങൾക്ക് തീരുമാനിക്കാം എന്നതായിരുന്നു ആ വ്യവസ്ഥ.

കശ്മീരിനെ പാകിസ്താനിൽ ചേർക്കാൻ ഷെയ്ക്ക് അബ്ദുള്ള ഒരിക്കലും ആഗ്രഹിച്ചില്ല. അദ്ദേഹം പാകിസ്താനെ വെറുക്കുകയാണുണ്ടായത്. കശ്മീരിന്റെ പ്രധാനമന്ത്രി – കശ്മീരിനു പ്രത്യേകപദവി നൽ കിയപ്പോൾ അവിടെ മുഖ്യമന്ത്രിക്കു പകരം പ്രധാനമന്ത്രി എന്ന പേരാണ് ഉണ്ടായിരുന്നത്. ആയിരുന്ന കാലത്ത് ഷെയ്ക്ക് അബ്ദു ള്ള ഭൂപരിഷ്കരണവും മറ്റനേകം ക്ഷേമപദ്ധതികളും നടപ്പാക്കി, കശ്മീരികളുടെ ഹൃദയം കവർന്നു. കശ്മീരികൾ അദ്ദേഹത്തെ തങ്ങളുടെ രക്ഷകനായാണു കണ്ടത്. സ്വയംഭരണ കശ്മീർ വേണമെന്നാഗ്രഹിച്ച ഷെയ്ക്ക് അബ്ദുള്ള, പ്ര ധാനമന്ത്രി നെഹ്റു തനിക്കു നൽ കിയ ഉറപ്പ്, പാലിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടു.

വളരെ വിചിത്രമായ ഒരു കാര്യം കൂടി കാണാതെ വയ്യ. 1980 മുതൽ കശ്മീരിന്റെ മറവിൽ ഇൻഡ്യ കടുത്ത ഭീകരാക്രമണങ്ങൾ നേരിട്ടുവരികയാണ്. സഹനശക്തിയുടെ പരമാവധി പിന്നിട്ടപ്പോൾ, ഈ ഭീഷണികളെപ്പറ്റി പലതവണ അമേരിക്കയോടു പറഞ്ഞപ്പോഴും, ആ ലോക പോലീസ്, പാകിസ്താനെ ന്യായീകരിക്കുന്ന നിലപാടാണെടുത്തത്. എന്നാൽ 2001 സെപ്റ്റംബറിൽ വേൾഡ് ട്രേഡ് സെന്റർ ആക്രമിക്കപ്പെട്ടതോടെ, ഭീകരതയുടെ യഥാർത്ഥ മുഖമെന്തെന്ന് അമേരിക്കയും നേരിട്ടറിഞ്ഞു. അഫ്ഗാനിസ്ഥാനിൽ ബോംബാക്രമണമായിരുന്നു ജോർജ് ബുഷ് അതിനു നൽകിയ മറുപടി. 2001 ഒക്ടോബറിൽ തന്നെ അമേരിക്ക, അഫ്ഗാൻ യുദ്ധം തുടങ്ങിയത് ലോകം കണ്ടു.

ഇൻഡ്യക്കു നേരെയും പാക് ഭീകരരുടെ ആക്രമണമുണ്ടായി. നമ്മുടെ പാർലമെന്റിനു നേരെയായിരുന്നു 2001 ഡിസംബറിലെ ആ ആക്രമണം.

ഈ ഭീകരനടപടികൾക്കെതിരെ കൈയും കെട്ടി നിൽക്കാൻ നാം തയ്യാറായില്ല. നമ്മുടെ പട്ടാളം പാക് അതിർത്തിയിലേയ്ക്ക് മാർച്ച് ചെയ്തു. 'ഓപ്പറേഷൻ പരാക്രമങ്ങൾ' എന്ന നമ്മുടെ ആ യുദ്ധപദ്ധതികാലത്ത്, 10 മാസം നമ്മുടെ സൈന്യം പാകിസ്താനോടു മുഖാമുഖം നിന്നു. ഇൻഡ്യൻ സേന നിയന്ത്രണരേഖ ലംഘിച്ച് പാക് തീവ്രവാദി ക്യാമ്പുകൾ ആക്രമിക്കുമെന്നും, പാകിസ്താൻ അണുവായുധം പ്രയോഗിക്കുമെന്നുമുള്ള ഘട്ടംവരെ സംഘർഷം വളർന്നെത്തി.

അപ്പോഴൊരു സംഭവമുണ്ടായി. അന്നത്തെ നമ്മുടെ കരസേനാ മേധാവിയായിരുന്നു ജനറൽ എസ്സ്. പത്മനാഭൻ അപ്രതീക്ഷിതമായി ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി. അദ്ദേഹം പ്രഖ്യാപിച്ചു, പാകിസ്താന്റെ അണുബോംബാക്രമണത്തിൽ ഇൻഡ്യയിലെ നാലോ അഞ്ചോ നഗരങ്ങൾ ഇല്ലാതായേക്കാം. പക്ഷേ അതിനുശേഷം പാകിസ്താൻ എന്നൊരു രാജ്യം ഭൂപടത്തിലുണ്ടാവില്ല എന്ന്.

ഇൻഡ്യയുടെ ഉപഗ്രഹം ഒപ്പിയെടുത്ത പാക് തീവ്രവാദി ക്യാ മ്പിന്റെ ചിത്രങ്ങൾ അന്നു നാം അമേരിക്കയ്ക്ക് കൈമാറിയിരുന്നു. ഇൻഡ്യയുടെ റിമോട്ട് സെൻസിങ് ഉപഗ്രഹങ്ങളുടെ ശേഷി അന്നാദ്യമായി അമേരിക്ക അറിയുകയായിരുന്നു. 625 കി.മീറ്റർ ഉയരെ നിന്ന്, ഭൂമിയിലെ ഒരു മീറ്റർ ചുറ്റളവു സ്ഥലം പോലും അരിച്ചുപെറുക്കാൻ ശേഷിയുള്ളതാണ് ഉപഗ്രഹങ്ങളിലും ഇൻഡ്യൻ ക്യാമറ. ഈ ക്യാമറക്കണ്ണുകൾ അതിർത്തിയിലേയ്ക്കു തുറന്നുവച്ചാൽ, എത്ര സൈനികർ അങ്ങോട്ടു പോകുന്നു എന്ന് തത്സമയം നമ്മുടെ കരസേനാ ആസ്ഥാനത്തറിയാം. പാകിസ്താന് ഇന്നും ഇത്തരമൊരു ക്യാമറയോ, ഉപഗ്രഹമോ ഇല്ല. ഇസ്രയേലിനു വേണ്ടി സമീപകാലത്ത് ഇത്തരമൊരു ഉപഗ്രഹം ഇൻഡ്യയാണു വിക്ഷേപിച്ചത്.

ഈ ഉപഗ്രഹചിത്രങ്ങൾ കൈ യിൽവച്ചുകൊണ്ടാണ് പ്രധാനമന്ത്രി മൻമോഹൻസിംഗ്, കഴിഞ്ഞദിവസം ആസിഫ് അലി സർദാരിക്ക് മുന്നറിയിപ്പു നൽകിയത്, പാക് പരിശീലന ക്യാമ്പുകളെപ്പറ്റി വ്യക്തമായ ചിത്രമുണ്ട്, ക്യാമ്പ് തകർ ക്കാൻ നിങ്ങൾ തയ്യാറാണോ എന്ന്.

ഇൻഡ്യയുടെ മുൻ കരസൈന്യമേധാവി ജനറൽ എസ്സ്. പത്മനാഭൻ പത്രസമ്മേളനത്തിൽ പറഞ്ഞ വാക്കുകൾ വായനക്കാർ ഓർക്കുന്നുണ്ടാവുമല്ലോ. ഒരു അണുവായുധ ആക്രമണം ഉണ്ടായാൽ പിന്നെ പാകിസ്താൻ എന്നൊരു രാജ്യം തന്നെ ഭൂപടത്തിൽ ഉണ്ടാവില്ല എന്ന്.

ഇൻഡ്യയും പാകിസ്താനുമായുള്ള ഒരു യുദ്ധം അനിവാര്യമായ സാഹചര്യമാണോ ഇപ്പോൾ? ആ

യുദ്ധം ആസന്നമാണോ? എങ്കിൽ അതെന്താണ്? അതിന്റെ പരിണതി എന്താവും?

ഇതൊക്കെ കേവല ചോദ്യങ്ങളാണ്. യുദ്ധം അഹ്മദികളായ നമ്മെ എങ്ങനെ ബാധിക്കും എന്നതിലുപരി ലോകത്തെ അതെങ്ങനെ ബാധിക്കും എന്നാണു ചിന്തിക്കേണ്ടിയിരിക്കുന്നത്. ലോകത്തെല്ലായിടത്തും നാം, അഹ്മദികളുടെ സാന്നിദ്ധ്യമുണ്ട്. ഇത്തരുണത്തിൽ, മുൻകരസേനാ മേധാവി ജനറൽ പത്മനാഭൻ ഏഴുവർഷം മുമ്പു നടത്തിയ ഈ പ്രസ്താവന ഒരിക്കൽകൂടി നാം ഓർക്കേണ്ടിവരുന്നു.

അത്തരമൊരു യുദ്ധം തുടങ്ങിയാൽ, അതൊരു ആണവയുദ്ധം തന്നെയായിരിക്കും. ഇൻഡ്യയിലെ നാലഞ്ചു നഗരങ്ങൾ തന്നെ ഇല്ലാതായേക്കുമെന്നു അദ്ദേഹം പോ ലും വിശ്വസിക്കുന്നു. ഇൻഡ്യയുടെ തെക്കേ അറ്റത്താണ് കേരളത്തിന്റെ സ്ഥാനമെങ്കിലും തിരുവനന്തപുരവും, കൊച്ചിയും, കോഴിക്കോടും ഒന്നും സുരക്ഷിതമല്ല. ജനറൽ പറയുന്നതനുസരിച്ച് ചില വൻ നഗരങ്ങളെത്തന്നെ ഭസ്മമാക്കാൻ കഴിയുംവിധമുള്ള അണ്വായുധ പ്രഹരം ഏല്പിക്കാൻ നമ്മുടെയീ അയൽ രാജ്യത്തിനു കരുത്തുണ്ടെന്നർത്ഥം. അത്തരമൊരു യുദ്ധനടപടി ഉണ്ടായാൽ, പാകിസ്താൻ എന്ന ദേശം തന്നെ ഭൂപടത്തിലുണ്ടാവില്ല എന്ന ചിന്തയും, ധൈര്യവും നമ്മുടെ ആണവായുധ ശേഷിയെപ്പറ്റിയുള്ള നല്ലൊരു വിലയിരുത്തലാണ്.

അതെന്തുമാവട്ടെ, ഇവിടെ ആരും ജയിക്കും, ആരു തോൽ ക്കും എന്നതു പ്രശ്നമല്ല. ജയിച്ചാലും തോറ്റാലും യുദ്ധാനന്തരം വിജയം ആഘോഷിക്കാൻ ആരെങ്കിലും ജീവനോടെ ഇരുന്നിട്ടുവേണ്ടേ?

ഈ ഇൻഡ്യാ-പാക് സംഘട്ടനം പരസ്പരമുണ്ടാകാനിടയുള്ള ചെറുതോതിലുള്ള ഈ അണ്വായുധ പ്രകടനം, ഒരു മൂന്നാം ലോക മഹായുദ്ധത്തിനു വഴിമരുന്നിടില്ല എന്നതിന് എന്താണുറപ്പ്? പാകിസ്താനെ തുണയ്ക്കാൻ ചില മുസ്‌ലിം രാജ്യങ്ങൾ വന്നുകൂടായ്കയില്ല. അന്ന്, പ്രസിഡന്റ് ബറാക് ഒബാമ നൽകുന്ന യു. എസ്സ്. പി ന്തുണ ആർക്കെന്നു ഇപ്പോൾ പ്രവചിക്കാനുമാവില്ല.

ഇതൊക്കെ വെറും സാധ്യതകൾ മാത്രമാണ്. ഇതിൽ നിന്നും വ്യത്യസ്തമായ അനുഭവങ്ങളും പാഠങ്ങളും ഉണ്ടായേക്കാം.

യുദ്ധം മുഴുലോകത്തെയും ബാധിക്കുമെന്ന കാര്യം നിൽക്കട്ടെ, അത് നാം അഹ്മദികളെ പൊതുവെ എങ്ങനെ ബാധിക്കും എന്നു ചിന്തിക്കാം.

ഇൻഡ്യയിൽ നമ്മുടെ പുണ്യഭൂമി ഖാദിയാൻ, പാക് അതിർത്തി ക്ക് അകലെയല്ല. പാകിസ്താനിലെ നമ്മുടെ കേന്ദ്രം റബ്‌വയും അതിർ ത്തിയിൽ നിന്നു വിദൂരത്തല്ല. നമ്മുടെ ലോകഭൂരിപക്ഷവും അവിടെയാണ്, റബ്‌വയിൽ. യുദ്ധം ജയിച്ചാലും തോറ്റാലും, ഉഭയകക്ഷികൾ ആക്രമണം നടത്തി പരസ്പരം നാശം വിതച്ചാലും, കൊയ്താലും അത്, നാം അഹ്മദികളെ ഒരുപോലെ ബാധിക്കുക തന്നെ ചെയ്യും.

അതിനാൽ ഇത്തരമൊരു സംഘർഷവും പ്രതിസന്ധിയും, യുദ്ധവും ഇരുരാജ്യങ്ങളും തമ്മിൽ ഉണ്ടാവാതിരിക്കാനാണ് നാം പ്രാർത്ഥിക്കേണ്ടത്.

ഞാനിതെഴുതുന്നത് ഡിസംബർ 6 ശനിയാഴ്ചയാണ്. ഇന്ന് പുലർച്ച 3 മണിക്കാണ്. ബഹുമാനപ്പെട്ട ഖലീഫ തിരുമനസ്സ് ഡെൽഹിയിൽ നിന്നും നേരിട്ട് ലണ്ടനിലേയ്ക്ക് പറന്നത്. അദ്ദേഹം സുരക്ഷിതനായി എത്തിയെന്ന സന്ദേശവും ഇപ്പോൾ കിട്ടുകയുണ്ടായി. വളരെ നിരാശാജനകവും ദുഃഖകരവുമായ ഒരവസ്ഥയിൽ ഖാദിയാൻ സന്ദർശിക്കാനാവാതെയും, ജൽസയിൽ പങ്കെടുക്കാൻ കഴിയാതെയുമാണ് ഹുസൂർ തിരുമനസ്സ് മടങ്ങിപ്പോയത്. ആ ഖേദം മനസ്സിലുണ്ടെങ്കിലും, നമുക്ക് ഏറെ സന്തോഷിക്കുവാനുള്ള വകയാണ് സർവ്വശക്തൻ കേരള ജമാഅത്തുകൾക്കും മലയാളി അഹ്മദികൾക്കും നൽകിയത്; ഒരു ഖലീഫയുടെ നേരിട്ടുള്ള സന്ദർശനം. പരിമിതമായ സമയത്തിന്നുള്ളിലായാൽ പോലും, ഓരോ അഹ്മദി സഹോദരനുമായും കൂടിക്കാഴ്ചയ്ക്ക് അദ്ദേഹം സന്മനസ്സ് കാട്ടി, നമ്മെയൊക്കെ അനുഗ്രഹിക്കയും ചെയ്തു. അതിന്, റബ്ബിനോടു നമുക്കു നന്ദി പറയാം.

ഈ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടാൽ തന്നെ അത് അടുത്ത മാസമാവും; ശരിക്കും പറഞ്ഞാൽ അടുത്ത വർഷം. അപ്പോഴേയ്ക്കും എന്തൊക്കെ സംഭവവികാസങ്ങൾ രാജ്യത്തും ലോകത്തും ഉണ്ടാവും എന്നും പ്രവചിക്കാനാവില്ല. എല്ലാം നല്ലനിലയിൽ കലാശിക്കട്ടെ എന്നു മാത്രം പ്രത്യാശിക്കാം, പ്രാർത്ഥിക്കയും ചെയ്യാം.

## യുദ്ധതന്ത്രം

നബി(സ) തിരുമേനി പറഞ്ഞതായി ഹദ്റത്ത് ജാബിർ (റ) നിവേദനം ചെയ്യുന്നു: "യുദ്ധം ഒരു തന്ത്രമാകുന്നു." അതായത് ശത്രുക്കളെ തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ നിന്ന് അശ്രദ്ധരാക്കുന്നതും യുദ്ധതന്ത്രങ്ങളുടെ ഭാഗമാകുന്നു.

*(അബൂ ദാവൂദ്)*

*(10-ൽ നിന്ന് തുടർച്ച)*

ണങ്ങളിൽ പങ്കെടുക്കുന്നവരാണിവർ. നഗരത്തിന്റെ ഹൃദയത്തിലുള്ളതെന്ന് ഞാൻ പറഞ്ഞ ഈ പള്ളി വലിയ വിലപിടിപ്പുള്ള സ്ഥലത്താണ് നിലകൊള്ളുന്നത്. ഇതിനോട് ചേർന്ന് കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഒരു പ്ലോട്ടുണ്ട്. ഇത് വാങ്ങാൻ അവർ കേന്ദ്രത്തിന് അപേക്ഷ കൊടുത്തിരുന്നു. സ്വന്തം നിലയിൽ വാങ്ങുക എന്ന് ഞാൻ അവരോട് പറഞ്ഞു. ഇതിനെക്കുറിച്ച് അവർ ചിന്തിക്കുകയായിരുന്നു. പക്ഷേ, ഞാൻ പോയതോടുകൂടി ദൈവാനുഗ്രഹത്താൽ അവരിൽ ആവേശവും ഉത്സാഹവുമുണ്ടായി. അവർ ഉറച്ചതീരുമാനമെടുത്തു. ഒരുപാട് പണവും സംഘടിപ്പിച്ചു. ഇപ്പോൾ അവർ സ്വയം തന്നെ അത് വാങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്. എന്നല്ല ഈ പ്ലോട്ടിൽ വലിയ പങ്കുള്ള ഒരു അഹ്മദി അതിന്റെ വില താൻ വാങ്ങുകയില്ലെന്നും പറയുകയുണ്ടായി. ഇപ്രകാരം തന്നെ മറ്റുള്ളവരും വലിയ സാമ്പത്തികത്യാഗം ചെയ്തു. ഇങ്ങനെ ഞാൻ സംസാരിച്ചുകൊണ്ടിരുന്ന ചില മിനുട്ടുകൾക്കുള്ളിൽതന്നെ സാമ്പത്തികശേഷിയുള്ള അവിടുത്തെ അംഗങ്ങൾ ആ സ്ഥലം വാങ്ങാമെന്ന് വാഗ്ദാനം ചെയ്തു. ത്യാഗങ്ങളുടെ അടിസ്ഥാനത്തിൽ അഭിവൃദ്ധിപ്പെടുന്നവരാണിവർ. അല്ലാഹു പുതിയ അഹ്മദികൾക്കും പഴയ അഹ്മദികൾക്കും യഥാർത്ഥ ഇസ്ലാമിനെ എത്തിക്കുന്നവരും ഈ മനോഹരമായ അധ്യാപനങ്ങൾ തങ്ങളിൽ നടപ്പാക്കുന്നവരും യഥാർത്ഥ ത്യാഗത്തിന്റെ ആത്മാവ് മനസ്സിലാക്കുന്നവരും ആയിത്തീരാൻ തൗഫീഖ് നല്കുമാറാകട്ടെ.

കോഴിക്കോട്ട്, ലജ്നയുടെ ഒരു ഇജ്തിമായും ചെറുതായി നടന്നു. നാസിറാത്തും ലജ്നയുമടങ്ങുന്ന നാലായിരത്തോളം അംഗങ്ങൾ ഇതിൽ പങ്കെടുത്തിരുന്നു. യു.കെയിലെ ഇജ്തിമായേക്കാൾ കൂടുതലായിത്തോന്നി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന് വലിയ സ്വാധീനമുണ്ടായി. ഓരോ സ്ത്രീയുടേയും ഓരോ പെൺകുട്ടിയുടേയും മുഖത്ത്, പ്രവർത്തിക്കുന്നതിനുള്ള ഒരു പുതിയ ദൃഢനിശ്ചയവും ഉത്സാഹവും കാണാമായിരുന്നു. അവർ പ്രകടിപ്പിച്ചിരുന്നതുപോലെ അവരുടെ പരിപാടികളും ഇനി പലയിരട്ടി വർദ്ധിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കേരളത്തിലെ ലജ്ന ഭാരതത്തിലെ മുൻനിരയിൽ നില്ക്കുന്ന ലജ്ന സംഘടനയാണ്. പക്ഷേ, ഇപ്പോൾ എനിക്ക് തോന്നുന്നത് എല്ലാവരേയും മറികടന്ന് ഇവർ മുന്നോട്ടു കുതിക്കുമെന്നാണ്. ഇന്ത്യയിലെ മറ്റു ലജ്ന മജ്ലിസുകളും ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുന്നുണ്ടാകും. ഈ കാര്യങ്ങൾ കേട്ട് അവരിലും ആവേശമുണ്ടായിത്തീരാനും പ്രവർത്തനരംഗത്ത് മാത്സര്യത്തിന്റെ ആത്മാവുണ്ടാകാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ജുമുഅ ഖുത്ബ മിക്കവരും കേട്ടതാണ്. അവിടെനിന്ന് ആദ്യമായിട്ടാണ് എം.ടി.എ മുഖേന ഖുത്ബ സംപ്രേഷണം ചെയ്തത്. ആയിരക്കണക്കിന് അഹ്മദികൾ അവിടെ എത്തിയിരുന്നു. ഒരു ഹോട്ടലിൽ ജമാഅത്ത് റിസപ്ഷൻ സംഘടിപ്പിച്ചിരുന്നു. സർക്കാരുദ്യോഗസ്ഥന്മാരും വിദ്യാസമ്പന്നരുമായ ധാരാളം ആളുകൾ അതിൽ പങ്കെടുത്തു. മേയറും സന്നിഹിതനായിരുന്നു. അദ്ദേഹം ഇസ്ലാമിനെക്കുറിച്ചും അതിന്റെ മനോഹരമായ അധ്യാപനത്തെക്കുറിച്ചും വളരെ നല്ല നിലയിൽ സംസാരിക്കുകയുണ്ടായി. ചിലപ്പോൾ ചിലയാളുകൾ ഒരു ചടങ്ങെന്ന നിലയിൽ കാര്യങ്ങൾ പ്രകടിപ്പിക്കാറുണ്ട്.

പക്ഷേ, പിന്നീട് എന്നെ കണ്ട ചിലയാളുകൾ കാര്യങ്ങൾ വ്യക്തമായും ദൃഢമായും പ്രകടിപ്പിക്കുന്നത് കണ്ടപ്പോൾ അവർക്ക് എല്ലാ സംഗതികളും ഇഷ്ടപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലായി. പത്രങ്ങളിലും നല്ലനിലയിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇത്തരം പരിപാടികളിലൂടെ വിദ്യാസമ്പന്നരായ ആളുകളിൽ ഇസ്ലാമിന്റെ അധ്യാപനം എത്തിപ്പെടാറുണ്ട്. അതിനു പുറമെ പത്രങ്ങൾ അത്തരം വാർത്തകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണത്തിൽ വലിയതോതിൽ എത്തിക്കുകയും ചെയ്യുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ആഗമനത്തെക്കുറിച്ചും ലോകം അറിയുന്നു.

മലയാളഭാഷയിലെ ഏറ്റവും വലിയ പത്രമായ 'മാതൃഭൂമി'യുടെ ചീഫ് എഡിറ്റർ ഗോപാലകൃഷ്ണൻ കോഴിക്കോട്ട് ഞാനുമായി ഇന്റർവ്യൂ നടത്തുകയുണ്ടായി. അതിന്റെ വാർത്ത പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ പത്രത്തിന്റെ വായനക്കാരുടെ എണ്ണം ഒന്നരക്കോടിയിലേറെയാണ്. അദ്ദേഹം മതപരമായും ലോകപരമായുമുള്ള വിവിധ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. നല്ല അഭിപ്രായവുമായിട്ടാണ് പോയത്. പക്ഷേ, എല്ലാ നല്ല കാര്യങ്ങളും തങ്ങളിൽ മാത്രം ഒതുക്കിനിറുത്താൻ ചിലർ ആഗ്രഹിക്കാറുണ്ട്. തങ്ങളുടേതിൽ മാത്രമാണ് നന്മയുള്ളതെന്ന് അവർ കരുതുന്നു. (തുടരും)

കുറിപ്പുകൾ

മുസാഫിർ

# അന്താരാഷ്ട്ര ജ്യോതിശ്ശാസ്ത്രവർഷം

ഇന്റർനാഷണൽ അസ്ട്രോണമി യൂണിയനും (IAU) യുനെസ്കോയും (UNESCO) ചേർന്ന് ഈ വർഷം (2009) അന്താരാഷ്ട്രാ ജ്യോതിശാസ്ത്രവർഷം (International year of Astronomy IYA) ആയി ആചരിക്കാൻ തീരുമാനിച്ചിരിക്കുന്നു. പ്രപഞ്ചത്തിൽ നമുക്കുള്ള സ്ഥാനമെന്തെന്ന് തിരിച്ചറിയുകയാണ് വർഷാചരണത്തിന്റെ മുഖ്യ ലക്ഷ്യം എന്ന് അന്താരാഷ്ട്ര അസ്ട്രോണമി ഇയർ (IAY) വർഷാചരണക്കമ്മിറ്റിയുടെ ചെയർമാനും IAUയുടെ പ്രസിഡണ്ടുമായ കാതറിൻ സെസാർസ്കി ഒരു പത്രക്കുറിപ്പിൽ പറയുകയുണ്ടായി. കൂടാതെ മറ്റു അടിസ്ഥാനശാസ്ത്രങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്ന വിലയിരുത്തലും, സമൂഹത്തിന്റെ പുരോഗതിക്കും സമാധാനത്തിനും ശാസ്ത്രത്തെ എങ്ങ നെ പ്രയോജനപ്പെടുത്താം എന്നീ ലക്ഷ്യങ്ങളും പരിപാടിയുടെ ഭാഗമാണ്. ജനങ്ങളിൽ ശാസ്ത്ര അവബോധം വളർത്താനും പ്രാദേശിക, ദേശീയ അന്തർദേശീയ തലത്തിൽ നിരവധി പരിപാടികൾ ആവിഷ്കരിച്ചതായി കാതറിൻ സെസാർസ്കി പ്രസ്താവിച്ചു. IYAയുടെ സൈറ്റ്: www astronomy 2009.org. ഇ.മെയിൽ അഡ്രസ് iya2009@eso.org.

നാന്നൂറ് വർഷങ്ങൾക്കു മുമ്പ് 1609–ൽ ക്രിസ്തു സഭയുടെ ഇൻക്വിസിഷന് വിധേയനായ മഹാനായ ഇറ്റാലിയൻ ശാസ്ത്രജ്ഞൻ ഗലീലിയോ ഗലീലി (1571–1630) ദൂരദർശിനിയിലൂടെ പ്രപഞ്ചവിസ്മയങ്ങൾ നോക്കിക്കണ്ട ആവേശകരമായ സംഭവം അനുസ്മരിച്ചുകൊണ്ടാണ് ഈ വർഷം അന്താരാഷ്ട്ര ജ്യോതിശ്ശാസ്ത്ര വർഷമായി ആചരിക്കുന്നത്. നഗ്നദൃഷ്ടികൊണ്ടുള്ള കാഴ്ചയുടെ 30 ഇരട്ടി വലിപ്പത്തിൽ കാണാവുന്നതും, ഇരട്ട ലെൻസ് ഉപയോഗിച്ച് ഗലീലിയോ തന്നെ നിർമ്മിച്ചതുമായ ദൂരദർശിനിയിലൂടെ കണ്ട ആകാശത്തിലെ അതിശയങ്ങൾ അദ്ദേഹത്തെ അത്ഭുതസ്തബ്ധനാക്കി. കവികളും കലാകാരന്മാരും വർണ്ണിച്ചു വാഴ്ത്തിയ ചന്ദ്രന്റെ ഗർത്തങ്ങൾ നിറഞ്ഞ വികൃതമുഖം ദൂരദർശിനിയിലൂടെ കണ്ടു അദ്ദേ ഹം ഞെട്ടി. വ്യാഴഗ്രഹത്തിന് ഭൂമിക്ക് ചന്ദ്രൻ എന്ന പോലെ നാല് ഉപഗ്രഹങ്ങളും ശുക്രന്ന് ചന്ദ്രനെപ്പോലെ വിവിധ ഘട്ടങ്ങളും (Phases) സൂര്യനിലെ കറുത്തപൊട്ടുകളും (സൂര്യകളങ്കങ്ങൾ – Sunspots) അദ്ദേ ഹം കണ്ടു. ക്ഷീരപഥം (Milky way). എന്നത് മേഘംപോലെയുള്ള ഒരു പ്രകാശ പടലമല്ലെന്നും ആയിരക്കണക്കിന് നക്ഷത്രങ്ങൾ കൂടിനില് ക്കുന്നതാണെന്നും അദ്ദേഹത്തിന് ബോദ്ധ്യമായി. മാത്രമല്ല, അദ്ദേഹത്തിന്റെ ദൂരദർശിനി ആകാശത്ത് ആയിരക്കണക്കിന് പുതിയ നക്ഷത്രങ്ങളേയും കാണിച്ചുകൊടുത്തു. ഇങ്ങനെ ഗലീലിയോ കണ്ട ആകാശവിസ്മയങ്ങൾ ഗോളശാസ്ത്രത്തിലെ കുതിച്ചുചാട്ടത്തിന് നിദാനമായി. ആധുനിക ഗോളശാസ്ത്രത്തിന് ഈ സംഭവത്തോടുള്ള കടപ്പാടാണ് അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷാചരണത്തിന്റെ അനുസ്മരണസംഭവമായി ഇത് തിരഞ്ഞെടുക്കാനുള്ള കാരണം.

നിതാന്തഗഹനവും അപാരസുന്ദരവുമായ ആകാശമാണ് മനുഷ്യന്റെ ധൈഷണികബോധത്തേയും ശാസ്ത്രവിജ്ഞാനത്തേയും വളർത്തിക്കൊണ്ടുവന്നത്. ജ്യോതിശ്ശാസ്ത്രം ഖുർആന്റെ ഏറ്റവും പ്രിയപ്പെട്ട ഒരു വിഷയമാണ്. സ്രഷ്ടാവിന്റെ വലിപ്പവും മഹത്വവും മനുഷ്യന്റെ ചെറുപ്പവും നിസ്സഹായാവസ്ഥയും മനസ്സിലാക്കാൻ ഇത് പോലെ പ്രയോജനകരമായ മറ്റൊരു വിഷയമില്ല. പ്രപഞ്ചത്തിലെ സ്ഥൂലയാഥാർത്ഥ്യങ്ങളേയും വാനലോകത്തെ പ്രതിഭാസങ്ങളേയും ചൂണ്ടിക്കാട്ടി മനുഷ്യന്റെ ശ്രദ്ധയെ ദൈവാസ്തിത്വത്തിലേക്ക് ക്ഷണിക്കുന്ന ഒരു സവിശേഷ ശൈലി ഖുർആന്റെ പ്രത്യേകതകളിലൊന്നാണ്. അതുകൊണ്ട് കേവലം നിലംനോക്കികളായി കഴിയാതെ നമ്മുടെ തലക്ക് മുകളിലുള്ള വിശാലമായ ആകാശ

ത്തിലേക്ക് ദൃഷ്ടിപായിച്ചു ബൃഹദാകാര സ്വരൂപം ആവഹിച്ചു നില്ക്കുന്ന ആകാശത്തെ സംബന്ധിച്ച് ചിന്തിച്ച് സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവം മനസ്സിലാക്കാൻ ഖുർആൻ നമ്മോട് ആയിരത്തിനാന്നൂറ് വർഷങ്ങൾക്ക് മുമ്പേ ആഹ്വാനം ചെയ്തതാണ്. ഖുർആൻ പറയുന്നു: '*തങ്ങളുടെ മേൽഭാഗത്തുള്ള ആകാശത്തേക്ക് അവർ നോക്കിയിട്ടില്ലേ? എങ്ങനെയാണ് നാം അവയെ സൃഷ്ടിക്കുകയും അതിൽ വിന്യസിച്ച് അലങ്കരിക്കുകയും ചെയ്തിട്ടുള്ളത്.*' (80:7) സത്യവിശ്വാസികളുടേയും ബുദ്ധിമാന്മാരുടേയും അടയാളമായി ഖുർആൻ പറയുന്ന മഹത്തായ വചനം ഇങ്ങനെയാണ്. '*ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും ദിനരാത്രങ്ങളുടെ മാറ്റത്തിലും ചിന്തിക്കുന്നവർക്ക് അടയാളങ്ങളുണ്ട്. നിൽക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും അല്ലാഹുവിനെ സ്മരിക്കുകയും ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിയെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരാരോ അവർ ഒടുവിൽ പറയും: ഞങ്ങ ളുടെ നാഥാ, ഇവയൊന്നും നീ വൃഥാ സൃഷ്ടിച്ചതല്ല; നീ പരമപരിശുദ്ധനത്രെ (3:191, 192). വീണ്ടും ഖുർആൻ പറയുന്നു: 'പറയുക' ആകാശങ്ങളിലും ഭൂമിയിലും എന്താണ് സംഭവിക്കുന്നതെന്ന് നോ ക്കൂ. എന്നാൽ സത്യത്തിൽ വിശ്വസിക്കാത്ത ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളും മുന്നറിയിപ്പുകളും ഒരു പ്രയോജനവും ചെയ്യില്ല. (10:102). ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ അവയുടെ അരികിലൂടെ അവയെക്കുറിച്ച് ചിന്തിക്കാതെ അശ്രദ്ധരായി അവർ കടന്നുപോകുന്നു.*' (12:106) 'ഇങ്ങിനെ ഭൗതിക ശാസ്ത്രങ്ങളെപ്പറ്റി പഠിക്കാൻ ആഹ്വാനം ചെയ്യുന്ന ഖുർആനിൽ 700ഓളം വചനങ്ങളുണ്ട്. ഇത് ഖുർആന്റെ 8ൽ ഒന്നോളം വരും.

വി.ഖുർആനിലെ ചില സൂറത്തുകളുടെ തലക്കെട്ടുകൾ തന്നെ ഗോളശാസ്ത്ര സംബന്ധിയുമാണ്. അന്നജ്മ് (നക്ഷത്രം) അൽഖമർ (ചന്ദ്രൻ) ഫജ്റ് (പ്രഭാതം) ബുറൂജ് (നക്ഷത്ര രാശികൾ) സൂര്യൻ (ശംസ്) രാത്രി (ലൈൽ).

വാസ്തവത്തിൽ ഖുർആന്റെ ആവേശകരമായ ഈ ആഹ്വാനങ്ങളാണ് സത്യവും അസത്യവും കൂടിക്കലർന്ന പൗരാണിക ഗ്രീക്ക് ശാസ്ത്രങ്ങളിൽ നിന്നും ഗോളശാസ്ത്രത്തെ മുക്തമാക്കി മുന്നോട്ടുകൊണ്ടുപോയത്. അതുവരെ സൂര്യനേയും ചന്ദ്രനേയും മറ്റു പ്രകൃതിശക്തികളേയും, എന്തിനധികം നിസ്സാരമായ എലിയേയും, പാമ്പിനേയും, വാനരനെപോലും മനുഷ്യൻ പൂജിക്കുകയും അവയെ ഭയപ്പെടുകയും ചെയ്തിരുന്നു. ആ അവസ്ഥയിലാണ് സൂര്യനും ചന്ദ്ര നും ആകാശഗോളങ്ങളുമെല്ലാം നിന്നെ സേവിക്കാനായി സൃഷ്ടിച്ചതും അതെല്ലാം മനുഷ്യന് അധീനപ്പെടുത്തിത്തന്നിരിക്കുന്നുവെന്നുമുള്ള ഖുർആന്റെ പ്രഖ്യാപനമുണ്ടാകുന്നത്. ഇത് മനുഷ്യന്റെ ഔന്നത്യത്തെപ്പറ്റി അവനെ പ്രബുദ്ധനാക്കുകയാണുണ്ടായത്. അവനിൽ ഭയത്തിനുപകരം വിജ്ഞാനാന്വേഷണത്തിന്റെ ഒരു പുതിയ ശക്തി നാമ്പിട്ടു. ഖുർആന്റെ പ്രഖ്യാപനം നോക്കൂ. '*അവൻ സൂര്യനേയും ചന്ദ്രനേയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവ്വഹിക്കുന്നവിധത്തിൽ നിങ്ങൾക്ക് സേവനത്തിനേർപ്പെടുത്തി തന്നിരിക്കുന്നു. (14:34)*

*ശാസ്ത്രങ്ങളുടെ രാജ്ഞിയായ ഗണിതശാസ്ത്രം, ആകാശഗോളങ്ങളുടെ ചലനത്തിൽ നിന്നാണ് മനു*ഷ്യൻ പഠിച്ചതെന്നും ആകാശത്തെ അല്ലാഹു സൃഷ്ടിച്ചതിന്റെ ഒരുദ്ദേശമതാണെന്നും ഖുർആൻ വ്യക്തമാക്കുന്നു. '*അവനത്രെ സൂര്യനെ ഉജ്ജ്വലതേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിപ്പിക്കുന്നതും വർഷങ്ങളുടെ എണ്ണവും ഗണിതവും അറിയുന്നതിനുവേണ്ടി അതിന് (ചന്ദ്രന്) വിവിധ രാശിമണ്ഡലങ്ങൾ) മൻസിലുകൾ അഥ വാ (നക്ഷത്രഭവനങ്ങൾ) നിർണ്ണ യിക്കുകയും ചെയ്തിട്ടുള്ളവൻ. വ്യക്തമായ യാഥാർത്ഥ്യത്തിന് വേ ണ്ടിയല്ലാതെ അല്ലാഹു അത് സൃ ഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു.* (10:6) ഖുർആന്റെ പ്രഥമ സ്വീകർത്താക്കളായ നിരക്ഷരരും ഗണിതജ്ഞാനമില്ലാത്തവരുമായ അറബികൾ ഗണിതശാസ്ത്രത്തിൽ വമ്പിച്ച വിപ്ലവങ്ങളാണ് പിന്നീട് സൃഷ്ടിച്ചത്. അൽ നസാവിയാണ് ദശാംശസമ്പ്രദായം ഗണിതത്തിൽ ആവിഷ്ക്കരിച്ചത്. പൂജ്യത്തിന്റെ കണ്ടുപിടുത്തത്തോടെ ദശാംശസമ്പ്രദായം ഗണിതത്തിൽ നിലവിൽ വരികയും അതിന് 'അറബിക്ക് ന്യൂമറൽസ്' എന്ന് പേർ വരികയും ചെയ്തു. ആ അക്കസമ്പ്രദായമാണ് നാമിപ്പോൾ ഉപയോഗിക്കുന്നത്. ആകാശനിരീക്ഷണമാണ് ഗണിതശാസ്ത്രത്തിൽ മുന്നേറാൻ അവരെ സഹായിച്ചത്. അത്വരെ വളരെ ദുഷ്ക്കരവും വലിയ സംഖ്യകൾ കൈകാര്യം ചെയ്യാൻ അസാദ്ധ്യവുമായ റോമൻ അക്ക സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നത്. അതിനുപകരം വന്ന അറബി ദശാംശസമ്പ്രദായം ജ്യോതിശ്ശാസ്ത്രത്തെ ബഹുദൂരം മുന്നോട്ടുകൊണ്ടുപോയി, ജ്യോതിശ്ശാസ്ത്രത്തിൽ വലിയ സംഖ്യകളാണ് കൈകാര്യം ചെയ്യാനുള്ളതെന്ന കാര്യം നാമോർക്കണം. അതുപോലെ ട്രിഗണോമെട്രി (ത്രി

കോണമിതി) പരിഷ്ക്കരിച്ചത് അറബികളാണ്. സൈൻ, ടാൻജന്റ്, കോട്ടാൻ ജൻറ് മുതലായ ത്രികോണമിതിയിലെ ബന്ധങ്ങൾ അവരാണ് നിജപ്പെടുത്തിയത്. അൽഖവാരിസ്മി എന്ന അറബി പണ്ഡിതനാണ് ആൽജിബ്ര (ബീജഗണിതം) കണ്ടുപിടിച്ചത്. അദ്ദേഹത്തിന്റെ 'ഹിസാബുൽ ജബർ വൽ മുഖാബില' എന്ന ഗ്രന്ഥത്തന്റെ പേരിൽ നിന്നാണ്. 'അൽജിബ്ര' എന്ന പദം നിഷ്പന്നമായത്. 'ഹിസാബ്' = കണക്ക് 'ജർബർ' = പരിഹാരം ; നിർധാരണം, നിവാരണം മുഖാബില = അഭിമുഖീകരണം, താരമ്യം, കണ്ടുമുട്ടൽ എന്നാണ് അറബിതലവാചകത്തിന്റെ അർത്ഥം. ചുരുക്കത്തിൽ 'ഹിസാബുൽ ജബർ വൽ മുഖാബില (ഗണിത നിർദ്ധാരണ വും അഭിമുഖീകരണവും) എന്ന പേരിൽ നിന്നാണ്. അൽജിബ്ര എന്ന ഗണിതശാഖയുടെ നാമം രൂപം കൊണ്ടത്. അതുപോലെ അൽഖവാരിസ്മിയാണ് ഗണിതത്തിലെ ലോഗരിതത്തിന്റേയും ഉപജ്ഞാതാവ്. അൽഖവാരിസ്മി' എന്ന പേർ ലാറ്റിനിൽ രൂപാന്തരപ്പെട്ട് ഇംഗ്ലീഷിലൂടെ ഉച്ചരിച്ചപ്പോഴാണ് 'ലോഗരിതമായി' രൂപപ്പെട്ടത്.

ഭാരതീയ ജ്യോതിശ്ശാസ്ത്രത്തിൽ പുരാണകാലം മുതൽതന്നെ വളരെ വികസിച്ചതാണ്. പക്ഷേ, സൂര്യനും ചന്ദ്രനും സഞ്ചരിക്കുന്ന രാശിചക്രത്തിന്നുള്ളിലെ നക്ഷത്രങ്ങളുടെ പേരുകൾ മാത്രമേ ഭാരതീയർ രേഖപ്പെടുത്തിയിട്ടുള്ളൂ. ജ്യോതിഷത്തിലെ ജാതകനിർമ്മാണത്തിന്നുള്ള നാളും കൂറും കുറിക്കാനാണ് അത് അവർ ഉപയോഗിച്ചിരുന്നത്. അശ്വതി മുതൽ രേവതി വരെ 27 നക്ഷത്രങ്ങളാണ് അവർ പരിഗണിച്ചിരുന്നത്. എന്നാൽ അറബികൾ ക്രാന്തിവൃത്തത്തിന് (സൂര്യനും ചന്ദ്രനും സഞ്ചരിക്കുന്ന ആകാശ പാത = Ecliptic) പുറത്ത് വടക്കും തെക്കുമുള്ള നക്ഷത്രങ്ങളടക്കം 1029 സ്ഥിരനക്ഷത്രങ്ങളെ നിരീക്ഷിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അറബികളുടെ ഗോളശാസ്ത്രതാല്പര്യത്തെ ഇത് സൂചിപ്പിക്കുന്നു. ഇംഗ്ലീഷിലെ നക്ഷത്രങ്ങളുടെ പേരുകൾ ഏറെക്കുറെ മുഴുവനും തന്നെ അറബി നാമങ്ങളുടെ തദ്ഭവമോ തത്സമമോ ആണ്. ഇംഗ്ലീഷിൽ നാമങ്ങൾ അൽ-വിട്ടുകളയുകയോ കൂട്ടിച്ചേർക്കുകയോ, അറബിനാമങ്ങളെ വികൃതമായി ഉച്ചരിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെ യ്തതാണ്. ഉദാഹരണത്തിന് യഥാക്രമം അറബി, ഇംഗ്ലീഷ്, മലയാളം, എന്നീ ക്രമത്തിൽ (1) ശർത്വീൻ, ഷെറാട്ടൺ (Sheratan) അശ്വതി (2) ബുത്വൈൻ, ബോ ട്ടെയ്ൻ (Botein) ഭരണി (3) ഇക്‌ലീൽ, അൽ ഇക്‌ലീൽ (Ul icleel) ,അനിഴം (4) ശൗലത്ത്, ഉൾശൗല Ushsoula, മൂലം (5) രിശാ, അൽ റിൾശാ (Alrischa) രേവതി എന്നിങ്ങനെ. ഇതിൽ അറബി നക്ഷത്രനാമങ്ങൾ പൂർണ്ണമായും നിരുക്തപരമായ അർത്ഥമുള്ള നാമപദങ്ങളാണ്. ഇംഗ്ലീഷാകട്ടെ അർത്ഥമില്ലാത്ത വെറും നാമപദങ്ങളാണ്.

പൗരാണിക പാശ്ചാത്യ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ചോദ്യം ചെയ്യാതെ സ്വീകരിച്ചിരുന്ന ഗ്രന്ഥമാണ് ടോളമിയുടെ 'അൽമജിസ്ത്വീ'. ഈ ഗ്രന്ഥനാമം തന്നെ അറബിയാണ്. 'Great Construction' 'ബൃഹദ് നിർമ്മിതി' എന്നാണതിനർത്ഥം. ഇബ്നു യൂസുഫ് ആണ് ടോളമി രചിച്ചതെന്ന് പറയപ്പെടുന്ന ഈ ഗ്രന്ഥം അറബിയിലേക്ക് വിവർത്തനം ചെയ്തത്. അതല്ല, അൽമജിസ്ത്വി അറബിയിൽ തന്നെയുള്ള മൂലഗ്രന്ഥമാണെന്ന ശക്തമായ വാദവുമുണ്ട്. ഏതായാലും ടോളമിയുടെതാണെങ്കിൽ മൂലഭാഷയിൽ ആ ഗ്രന്ഥം നിലവിലില്ലായിരുന്നു. 'അൽമജിസ്ത്വീ' എന്ന പേരിലുള്ള അറബി ഗ്രന്ഥം മാത്രമാണ് ലോകത്ത് അവശേഷിച്ചത്. ടോളമിയുടെ ഗോളശാസ്ത്രചിന്തകൾ ആധുനിക ലോകം അറിഞ്ഞത് ഈ അറബി വിവർത്തനത്തിൽ നിന്നാണ്. അതുപോലെ പ്രശസ്തമായ നിരവധി ഭാരതീയ ജ്യോതിശ്ശാസ്ത്ര കൃതികൾ മധ്യകാലഘട്ടത്തിൽ അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഭാരതീയ ജ്യോതിശ്ശാസ്ത്രഗ്രന്ഥമായ 'സിദ്ധാന്ത ശിരോമണി' അറബിയിലേക്ക് ഇബ്നുമുസമ്മിൽ ഖവാരിസ്മി പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം 'അർജുബ്ഹർ' എന്ന് അറബിയിൽഅറിയപ്പെടുന്ന ജ്യോതിശ്ശാസ്ത്ര പണ്ഡിതൻ പൗരാണിക ഭാരതീയ ജ്യോതിശ്ശാസ്ത്ര പ്രതിഭയായ നമ്മുടെ ആര്യഭട്ടനാണെന്നും പറയപ്പെടുന്നു. അർദുബ്രിയസ് (Ardubrius) എന്നാണ് അദ്ദേഹം ഇംഗ്ലീഷിൽ അറിയപ്പെടുന്നത്.

അന്താരാഷ്ട്ര ജ്യോതിശ്ശാസ്ത്ര വർഷം ആചരിക്കുമ്പോൾ ഖുർആനും പൂർവ്വകാല മുസ്‌ലിംകളും ഗോളശാസ്ത്രത്തിന് നൽകിയ സംഭാവനകൾ അതുല്യമാണെന്ന വസ്തുത നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആൻ നൽകിയ പ്രചോദനം ഒന്നുകൊണ്ട് മാത്രമാണ് ഈയൊരു കുതിച്ചുചാട്ടം ശാസ്ത്രരംഗത്തുണ്ടായത്. അതോടൊപ്പം തന്നെ ഇക്കാലത്ത് ലജ്ജാകരമാംവിധം മുസ്‌ലിം ലോകം അസ്ട്രോണമിയിൽ നിന്നും പിറകോട്ടുപോകുകയും അത് അ വർക്ക് തീർത്തും അപരിചിതമായ ഒരു ശാസ്ത്രമായിത്തീരുകയും ചെയ്തിരിക്കുന്നു എന്ന യാഥാർത്ഥ്യവും നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷാചരണം ഈ ദുരവസ്ഥക്ക് അല്പമെങ്കിലും ഒരു പരിഹാരമുണ്ടാക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ●

കെ.എസ്. അബൂബക്കർ, വി.എ. കാസിം, സലീമ, സുഹ്റ, സൽമ, അമത്തുൽ നഫീസ. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.


## വാർത്തകൾ

# അഹ്മദി ഡോക്ടർ ആക്രമിക്കപ്പെട്ടു

ഇസ്ലാമാബാദ് : 2008 സെപ്തംബറിൽ രണ്ട് അഹ്മദികൾ വധിക്കപ്പെട്ടതിനുശേഷം വീണ്ടും അഹ്മദികൾക്കെതിരെ പാകിസ്താനിൽ ആക്രമണം തുടരുന്നു. ഹരിപ്പൂരിലെ അഹ്മദിയ്യാ ജമാഅത്ത് പ്രസിഡണ്ട് ഡോ. മുഹമ്മദ് അസ്ലം സാഹിബാണ് അതിക്രൂരമായി ആക്രമിക്കപ്പെട്ടത്.


ഡോ. മുഹമ്മദ് അസ്ലം സാഹിബിന്റെ ക്ലിനിക്കിലേക്ക് ഒരു രോഗിയെന്ന വ്യാജേന വന്ന അക്രമി കഠാരികൊണ്ട് കുത്തി മുറിവേൽപ്പിക്കുകയായിരുന്നു. അത്ഭുതകരമായ രീതിയിൽ ഡോക്ടർ രക്ഷപ്പെടുകയാണുണ്ടായത്. കഴുത്തിലും ശിരസ്സിലും കുത്തേറ്റ ഡോ. അസ്ലം സാഹിബ് അടുത്തുള്ള ആശുപത്രിയിൽ സുഖം പ്രാപിച്ചുവരുന്നു. 1984നുശേഷം 90 ലധികം അഹ്മദികൾ പാകിസ്താനിൽ വധിക്കപ്പെടുകയുണ്ടായി. അതിൽ 15 പേരും ഡോക്ടർമാരാണ്. ●

## അനുസ്മരണം



### മൗലവി അബ്ദുർ റഹിമാൻ പടന്ന


മതപണ്ഡിതനും ഗ്രന്ഥകാരനുമായ മൗലവി അബ്ദുർ റഹിമാൻ (പടന്ന) നവമ്പർ 5ന് നിര്യാതനായി. കേരളത്തിലുടനീളം വിവിധ ജുമാമസ്ജിദുകളിൽ ഖത്തീബായും അറബിക് കോളേജുകളിൽ അധ്യാപകനായും സേവനമനുഷ്ഠിച്ചിരുന്ന ഇദ്ദേഹം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയായിരുന്നു. തുടർന്ന് വിവിധ അഹ്മദിയ്യാ ജമാഅത്തുകളിൽ മുഅല്ലിമായി പ്രവർത്തിച്ചിരുന്നു. ഭാര്യമാർ: സൈനബ, ഹഫ്സത്ത്. മക്കൾ : അബ്ദുർ റശീദ്, മുഹമ്മദ് യാസിർ, കുഞ്ഞബ്ദുല്ല, ഫസലുർ റഹ്മാൻ, സീനത്ത്, ശംശാദ്, ശംസീറ, നഹീറ. മരുമക്കൾ: മുഹമ്മദ്, മുഹമ്മദ് കുഞ്ഞി, അബ്ദുശുക്കൂർ, ശബാന, സുഹറ, റശീദ്.



### കെ.പി. മുഹമ്മദ് കാസിം സാഹിബ്

കോഴിക്കോട്: മാത്തോട്ടം ജമാഅത്തിലെ കെ.പി. മുഹമ്മദ് കാസിം സാഹിബ് (84) ഡിസംബർ 12 വെള്ളിയാഴ്ച അന്തരിച്ചു. ഇന്നാലില്ലാഹി...

ഭാര്യ: ബിച്ചായിശ. മക്കൾ : കെ.പി. അബ്ദുന്നാസർ, കെ.പി. അബ്ദുശ്ശുക്കൂർ, കെ.പി. അബ്ദുൽ കരീം, കെ.പി. റഫീക്ക് അഹ്മദ്, മറിയംബി, സഫിയ, മരുമക്കൾ:



### കെ.വി. ബശീർ അഹ്മദ് സാഹിബ്

കോഴിക്കോട് ജമാഅത്തിലെ കെ.വി. ഈസക്കോയ സാഹിബിന്റെ സഹോദരൻ കെ.വി. ബശീർ അഹ്മദ് (51) ഡിസംബർ 13 ശനിയാഴ്ച ഒരു വാഹനാപകടത്തെ തുടർന്നു മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ച് അന്തരിച്ചു. ഇന്നാലില്ലാഹി....

ഭാര്യ : മുഹ്സിന. മക്കൾ : ഹാശിർ, ഹാശിബ, മരുമകൻ: മുഷ്താഖ് (കരുളായി). പരേതന്ന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

### ഹസീന സാഹിബ

കോഴിക്കോട് : കോഴിക്കോട് ജമാഅത്തിലെ മാൽ സെക്രട്ടറി റഫി അഹ്മദ് സാഹിബി (നൗഷിർ)ന്റെ പത്നിയും മർഹും അമ്പലത്തിൽ മഹ്മൂദ് സാഹിബ് (പഴയങ്ങാടി) യുടെ മകളുമായ ഹസീന സാഹിബ (40) 20-12-2008ന് കോഴിക്കോട്ട് വെച്ച് അന്തരിച്ചു. ഇന്നാലില്ലാഹി.....

മക്കൾ : ആമിന റഫീ അഹ്മദ്, അമാൻ ഖമറുദ്ദീൻ. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ●

## വായിക്കുക, വരിക്കാരാവുക!

83 വർഷം പിന്നിട്ട മലയാളത്തിലെ
ഇസ്‌ലാമിക മാസിക

# സത്യദൂതൻ

വില : ഒറ്റപ്രതി 15 രൂപ
വാർഷിക വരിസംഖ്യ : 150 രൂപ

എം.ഒ./ഡി.ഡി. അയക്കേണ്ട വിലാസം

മാനേജർ

**സത്യദൂതൻ**

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്**

ജി.എച്ച്. റോഡ്, കോഴിക്കോട്.

ഫോൺ : 9446482108